കേരളസർവ്വകലാശാല

ഭാഷാഗ്രന്ഥാവലി-അങ്കം 106

# രാമചരിതം

(സവ്യാഖ്യാനം)

ഒന്നാം ഭാഗം

പ്രസാധകൻ

കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)
പി എച്ച്. ഡി., (ലണ്ടൻ)

ക്യൂറേറ്റർ

മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി, തിരുവനന്തപുരം

1960/1135

UNIVERSITY OF KERALA
MALAYALAM SERIES
No. 106

# RĀMACARITAM

(WITH COMMENTARY)

Part 1

EDITED AND PUBLISHED BY
DR. K. RAGHAVAN PILLAI, B. A. (HONS), PH.D, (LONDON),
CURATOR,
UNIVERSITY MANUSCRIPTS LIBRARY,
TRIVANDRUM

1960/1135

ഭാഷാഗ്രന്ഥാവലി-അങ്കം 106

# രാമചരിതം

(സവ്യാഖ്യാനം)

**ഒന്നാം ഭാഗം**

UNIVERSITY OF KERALA

പ്രസാധകൻ


**ഡാക്ടർ കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)**
**പി എച്ച്. ഡി., (ലണ്ടൻ)**

ക്യൂറേറ്റർ

മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി, തിരുവനന്തപുരം


1960/1135

പകർപ്പവകാശം സുരക്ഷിതം] [വില രൂ. 1–50 ന.പൈ

# അവതാരിക.

രാമചരിതത്തിലെ ആദ്യത്തെ ഇരുപതു പടലങ്ങൾക്കു് മഹാകവി ഉള്ളൂർ ടിപ്പണി എഴുതിയിട്ടുണ്ടു്. അതുതുടൎന്നു മററു ചില വ്യാഖ്യാനങ്ങളും ഉണ്ടായി. മാന്യുസ്ക്രിപ്ററ്സ് ലൈബ്രറിയിൽ നിന്നു് 164 വൃത്തങ്ങൾ (പടലങ്ങൾ) ഉള്ള സമ്പൂൎണ്ണരാമചരിതം ശ്രീ. കെ. സാംബശിവശാസ്ത്രികൾ ഒരു പ്രസ്താവനയും പാഠഭേദങ്ങളും ചേൎത്തു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇപ്പോൾ പ്രകാശിപ്പിക്കുന്ന രാമചരിതം ഒന്നാം ഭാഗം, ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ളയുടെ നിയന്ത്രണത്തിൽ നടന്നു വരുന്ന മലയാളമഹാകോശപ്രവൎത്തനത്തിനു വേണ്ടി നടത്തിയ പഠനങ്ങളുടെ ഫലമായി ഉടലെടുത്ത വിശദവ്യാഖ്യാനത്തോടു കൂടിയ ആദ്യത്തെ പത്തു വൃത്തങ്ങൾ അടങ്ങിയതാണു്. രാമചരിതത്തിനു ശ്രീ. കുറിശ്ശേരി ഗോപാലപിള്ള തയാറാക്കിയ നോട്ടു് ലക്സിക്കൺ എഡിററർ ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ള, ശ്രീ. ദാമോദരൻ പിള്ള, ശ്രീ. കുറിശ്ശേരി, ശ്രീ. ടി. എൻ. കൃഷ്ണയ്യങ്കാർ എന്നിവർ ചേൎന്നു പരിശോധിച്ചാണു്, മാന്യുസ്ക്രിപ്ററ്സ് ലൈബ്രറിവക ഭാഷാത്രൈമാസികത്തിൽ ചേൎത്തു പ്രസിദ്ധപ്പെടുത്തിയതു്. അതാണു് ഇപ്പോൾ ഗ്രന്ഥരൂപത്തിൽപ്രകാശിപ്പിക്കുന്നതു്.

ഇനിയും പ്രസിദ്ധപ്പെടുത്താനുള്ള ശേഷം വൃത്തങ്ങൾ ത്രൈമാസികം വഴി ഖണ്ഡശഃ പ്രകാശിപ്പിച്ചു വരുന്നതുകൊണ്ടു് ആദ്യത്തെ പത്തു വൃത്തങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഈ പ്രകാശനത്തിനു് പ്രത്യേകമായി ഒരു ഗ്രന്ഥനിരൂപണപരമായ അവതാരിക എഴുതുന്നില്ല.

ഇതിൻെറ പ്രസാധനത്തിൽ റിസർച്ചു് ആഫീസർ ശ്രീ. എം. മാധവൻ പിള്ളയും അസിസ്റ്റൻറു റിസർച്ചു് ആഫീസർ ശ്രീ. വി. ചന്ദ്രശേഖരൻ പിള്ളയും എന്നെ സഹായിച്ചിട്ടുണ്ടു്.

തിരുവനന്തപുരം — കെ. രാഘവൻ പിള്ള

7-5-1960

# രാമചരിതവ്യാഖ്യാനം

## ശൂരനാട്ടു കുഞ്ഞൻ പിള്ള

മലയാളനിഘണ്ടുവിൻെറ ആവശ്യത്തിലേക്കായി പ്രാചീന കൃതികൾ പഠിക്കാൻ തുടങ്ങിയപ്പോൾ എൻെറ മുഖ്യശ്രദ്ധ പതിഞ്ഞ ഒരു ഗ്രന്ഥമാണ് രാമചരിതം. അതിലെ പ്രാചീന പദങ്ങളും പ്രയോഗങ്ങളും ശ്രദ്ധിച്ചു പഠിച്ച് നിഘണ്ടുവിൽ ചേർക്കേണ്ടതു് ആവശ്യമെന്നു ബോധ്യമായി. ഗുണ്ടർട്ടു് സാമാന്യമായി പഠിച്ചിട്ടുള്ള ഒരു പ്രാചീനകാവ്യമാണ് ഇതു്. രാമചരിതത്തിലെ ആദ്യത്തെ ഇരുപതു പടലങ്ങൾക്കു മഹാകവി ഉള്ളൂർ ടിപ്പണി എഴുതി. അദ്ദേഹത്തെ പിൻതുടർന്ന് മററു ചിലരും (ശ്രീ. കേ. വാസുദേവൻ മൂസ്സതും ശ്രീ. എൻ. രാഘവൻനായരും) 25 പടലങ്ങൾ വരെ നോട്ടുകൾ തയാറാക്കി. മാന്വസ്ക്രിപ്ററ്സ് ലൈബ്രറിയിൽ നിന്നു 164 വൃത്തങ്ങൾ (പടലങ്ങൾ) ഉള്ള സമ്പൂർണ്ണരാമചരിതം ശ്രീ. കെ. സാംബശിവശാസ്ത്രികൾ ഒരു പ്രസ്താവനയും പാഠഭേദങ്ങളും ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അതിൽ അർത്ഥവിചാരം ചെയ്യാൻ ശ്രമിച്ചിട്ടില്ല. രാമചരിതത്തിൻെറ പഠനവിഷയകമായ യത്നം ഈ സ്ഥിതിയിൽ ഇരിക്കെയാണ് നിഘണ്ടു ആഫീസിൽ നിന്ന് അതിൻെറ അർത്ഥനിരൂപണത്തിനായി സമാരംഭിക്കുന്നതു്. അറിയപ്പെടുന്ന എല്ലാ പഴയ കൃതികളും സമ്പൂർണ്ണമായി ഇവിടെ പരിശോധിക്കേണ്ടിയിരിക്കുന്നതു കൊണ്ടു് രാമചരിതത്തിൻെറ വ്യാഖ്യാനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണല്ലോ. അതിനാൽ പ്രാചീനസാഹിത്യം പഠിക്കുന്ന വിഭാഗത്തിൻെറ പ്രത്യേകശ്രദ്ധ ഈ കൃതിയിൽ പതിഞ്ഞിരിക്കയാണ്.

നിഘണ്ടുവിനു വേണ്ടി പഠിക്കാനുള്ള എല്ലാ വിഷയങ്ങളും സഹപ്രവർത്തകന്മാരുടെ സഹായത്തോടെ എഡിററർ പരിശോധിച്ചു് നിർണ്ണയിക്കയാണു പരിപാടി. ശ്രീ. കുറിശ്ശേരി ഗോപാലപിള്ളയാണ് ഈ കൃതിയുടെ പ്രഥമപഠനം നടത്തി നോട്ടു തയ്യാറാക്കുന്നതു്.

ആ നോട്ട ശ്രീ. പി. ദാമോദരൻ പിള്ള, ശ്രീ. ഗോപാല പിള്ള, ശ്രീ. ടി. എൻ. കൃഷ്ണയ്യങ്കാർ എന്നിവരുമായി ചേൎന്ന് നിഷ്കൃഷ്ടമായി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ ചെയ്ത് എഡിററർ അൎത്ഥവിചാരം പൂൎത്തിയാക്കുന്നു. പലപ്പോഴും ഈ അൎത്ഥനിരൂപണത്തിൽ പല വൈഷമ്യങ്ങളും സംശയങ്ങളും അഭിമുഖീകരിക്കാനുണ്ട്.

നിഘണ്ടുവിന്റെ ആവശ്യത്തിന് പദങ്ങളും പ്രയോഗങ്ങളും ഇതിൽ നിന്നു തിരഞ്ഞെടുക്കുന്നതിന് ശ്രീ. പി. ദാമോദരൻ പിള്ളയാണ് പ്രത്യേകം ചുമതലപ്പെട്ടിരിക്കുന്നത്.

പ്രധാനമായി നിഘണ്ടുവിന്റെ ആവശ്യത്തിലേക്കു വേണ്ടിയാണ് ഈ വ്യാഖ്യാനം തയാറാക്കുന്നതെങ്കിലും ഇത് മാനുസ്-ക്രിപ്ററ്സ് ലൈബ്രറിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രാമചരിതപ്രസാധനത്തിന്റെ പൂരണവും ആണല്ലോ. അതിനാൽ ഈ വ്യാഖ്യാനം ഭാഷാത്രൈമാസികംവഴി പ്രകാശിപ്പിച്ചുകൊള്ളുന്നു. പ്രകാശനപരിപാടിയിൽ മാനുസ്ക്രിപ്ററ്സ് ലൈബ്രറിയുടെ സഹകരണവും സ്വീകരിച്ചിട്ടുണ്ട്. പാഠപരിശോധനയും മററും അവിടെ നടത്തിയിട്ടാണു വ്യാഖ്യാനപരിശോധന പൂൎത്തിയാക്കുന്നത്. ശ്രീ. എം. മാധവൻ പിള്ളയും ശ്രീ. വി ചന്ദ്രശേഖര പിള്ളയും ഈ വിഷയത്തിൽ സഹകരിച്ചുവരുന്നു.

ഈ വ്യാഖ്യാനം ഇങ്ങനെ പ്രകാശിപ്പിക്കുന്നു എന്നു വരികിലും രാമചരിതത്തിന്റെ അൎത്ഥനിരൂപണവിഷയകമായിട്ടുള്ള പ്രയത്നം പൂൎത്തിയാക്കിയതായി ധരിക്കരുത്. നേരേമറിച്ച് തുടങ്ങീട്ടേ ഉള്ളൂ. അനേകം തെററു പററാവുന്ന രാമചരിതവ്യാഖ്യാനത്തിൽ ഞങ്ങളുടെ യത്നത്തെ അനുഗ്രഹപൂൎവ്വം വീക്ഷിച്ച് ആവശ്യമെന്നു തോന്നുന്ന നിൎദ്ദേശങ്ങൾ പണ്ഡിതന്മാർ നൽകണമെന്നാണ് അഭ്യൎത്ഥന.

1—3—1955.

# രാമചരിതം

( സവ്യാഖ്യാനം )

## ഒന്നാം വൃത്തം

കാനനങ്കളിലരൻ കളിറുമായ്ക്കരിണിയായ്
    കാർനെടുങ്കണ്ണുമ തമ്മിൽ വിളയാടി നടൻറ-
ൻറാനനം വടിവുള്ളാനവടിവായവതരി-[1]
    ത്താതിയേ! നല്ല വിനായകനെന്മൊരമലനേ!
ഞാനിതൊൻറു തുനിയിൻറതിനെൻ മാനതമെന്നും
    നാളതാർതന്നിൽ നിരന്തരമിരുന്തരുൾ തെളി-[2]
ന്തൂനമറററിവെനക്കു വന്നുതിക്കുംവണ്ണമേ[3]
    ഊഴിഃയഴിലും നിറൈന്ത മറഞാനപ്പൊരുളേ!

കാനനങ്കളിൽ=കാനനങ്ങളിൽ—കാടുകളിൽ, അരൻ=ഹരൻ=പരമേശ്വരൻ, കളിറുമായ്=കൊമ്പനാനയായും, കാർനെടുങ്കണ്ണുമ=കറുത്ത നീണ്ട കണ്ണുകളോടു കൂടിയ ശ്രീപാർവ്വതി, കരിണിയായ്=പിടിയാനയായും, തമ്മിൽ, വിളയാടി നടൻറൻറു=കളിച്ചു നടന്ന ആ കാലത്ത്, ആനനം=മുഖം, വടിവുള്ള=ഭംഗിയുള്ള, ആനവടിവായ്=ആനയുടെ രൂപത്തോടുകൂടി, അവതരിത്ത=അവതാരം ചെയ്ത, ആതിയേ=ആദ്യനും, നല്ല, വിനായകൻ=ഗണപതി, എന്മൊരു=എന്നു പ്രസിദ്ധിയുള്ളവനുമായ അമലഃന=നിർമ്മലനായുള്ളോവേ. ഊഴി ഏഴിലും=ഏഴുലോകങ്ങളിലും, നിറൈന്ത=നിറഞ്ഞിരിക്കുന്ന, മറഞാനപ്പൊരുളേ=വേദജ്ഞാനത്തിൻെറ സാരമായിട്ടുള്ളോവേ, ഞാൻ, ഇതൊൻറു തുനിയിൻറതിനു=ഇതു് ഒന്നു തുനിയുന്നതിനു്—ഈ രാമചരിതം രചിക്കാൻ തുടങ്ങുന്നതിനു്, എൻ മാനതം എന്നും=എൻെറ മാനസം എന്നു, നാളതാർതന്നിൽ=നാളത്തോടുകൂടിയ പൂവിൽ—താമരപ്പൂവിൽ, ഊനമററു=കുറവു കൂടാതെ, അറിവു്=ജ്ഞാനം, എനക്കു്=എനിക്കു്, തെളിന്തു്=തെളിഞ്ഞു്, വന്നുതിക്കുംവണ്ണം=വന്നു് ഉദിക്കത്തക്കവണ്ണം, നിരന്തരം=ഇടവിടാതെ, ഇരുന്തരുൾ=ഇരുന്നരുളിയാലും.

---

1. ആനയുരുവായവതരി...ക, ഖ, ഗ, ങ.    2. നിരന്തരമിരിന്തരുൾ...ക, ഖ, ഗ.
3. വണ്ണഃമക.... ...ഖ.

[തമിഴു രൂപങ്ങൾ മുഖ്യമായി അവലംബിച്ചുകൊണ്ടുള്ള പാട്ടായിട്ടാണല്ലോ രാമചരിതം നിർമ്മിച്ചിട്ടുള്ളതു്. തമിഴ്ക്കവിതയാണോ മലയാളകവിതയാണോ എന്നു ചിലർ സംശയിക്കുന്ന രീതിയിലാണു് ഇതിൻെറ ശൈലി. എന്നാൽ ഇതു മലയാളം തന്നെയെന്നു ഖണ്ഡിച്ചു പറയത്തക്ക രൂപങ്ങളും പ്രയോഗങ്ങളും ഇതിൽ ആദ്യന്തം ധാരാളം ഉണ്ടു്- ഞാൻ എന്നും വന്നു എന്നും ഈ പാട്ടിൽ പ്രയോഗിച്ചിരിക്കുന്നതു കാണുക. ഇതു തമിഴിലില്ലാത്ത ശുദ്ധമലയാളരൂപങ്ങളാണു്. 'നടൻറൻറു' എന്നപോലെയുള്ള ൻറ രൂപങ്ങളും അക്കാലത്തെ മലയാളരൂപങ്ങളാണു്. 'നടന്തൻറു' എന്നേ തമിഴിൽ വരൂ. മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രാമചരിതത്തിൽ പലെടത്തും, ൻറ, ങ്ക, ഞ്ച രൂപങ്ങളുടെ സ്ഥാനത്തു് ഗ്രന്ഥമാതൃകകളിൽ ന്ന, ങ്ങ, ഞ്ഞ, രൂപങ്ങൾ തന്നെ അനിയതമായി കാണുന്നു. ഇതു ലേഖകന്മാരുടെ സ്വാതന്ത്ര്യപ്രയോഗമാണോ, അതോ രാമചരിതകാലത്തു തന്നെ ന്ന, ങ്ങ, ഞ്ഞ രൂപങ്ങൾ വന്നു കഴിഞ്ഞോ എന്നു നിർണ്ണയിക്കാൻ പ്രയാസമാണു്. ഏതായാലും മുഖ്യമായി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ പ്രസാധനത്തിലെ പാഠരീതിയെ ഇവിടെ സ്വീകരിച്ചിരിക്കുന്നതുകൊണ്ടു് ൻറ, ങ്ക, ഞ്ച, രൂപങ്ങൾതന്നെ ഈ പ്രസാധനത്തിലും അധികമായി കൈക്കൊണ്ടിരിക്കുന്നു.

രാമചരിതത്തിനു് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നാലു ഗ്രന്ഥമാതൃകകൾ ഉണ്ടു്. ഒന്നു വളരെ പൊടിഞ്ഞതാണു്. എല്ലാംതന്നെ നല്ല പഴക്കമുള്ളവയും. നാലും ഇന്നത്തെ മലയാളലിപിയിൽ തന്നെയാണു് എഴുതിയിട്ടുള്ളതു്. ലിപിയുടെ വടിവുമാത്രം പഴമയെ വെളിപ്പെടുത്തുന്നതാണു്.]

എതുകയും മോനയും ദീക്ഷിച്ചിട്ടുണ്ടു്. ഓരോ പാദത്തിൻെറയും ആദ്യക്ഷരം, ആ പാദത്തിൻെറ ഉത്തരാർദ്ധത്തിൻെറ ആദ്യക്ഷരവുമായി സമാനമായിരിക്കുന്നതാണു് മോന. ദ്വിതീയാക്ഷരപ്രാസം തന്നെയാണു് എതുക. 'ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോനവൃത്തവിശേഷയുക്തം പാട്ടു്' എന്നു ലീലാതിലകത്തിൽ പാട്ടിനു നൽകുന്ന ലക്ഷണം രാമചരിതത്തിനു സമ്പൂർണ്ണമായി യോജിക്കുന്നു.

അന്താദിപ്രാസവും രാമചരിതത്തിൽ സ്വീകരിച്ചു കാണുന്നു. ഒരു പാട്ടിൽ അവസാനപാദത്തിൻെറ അന്തത്തിലുള്ളതോ അതിനോടടുത്തതോ ആയ പദം അടുത്ത പാട്ടിൻെറ ആദിയിൽ ആവർത്തിക്കുകയാണു് 'അന്താദിപ്രാസം.'

2

ഞാനമെങ്കൽ വിളയിച്ചു തെളിയിച്ചിനിയ ചൊൽ—
നായികേ! [1]പരവയിൽത്തി[2]രകൾ നേരുടനുടൻ
തേനലാവിന പതങ്കൾ വ[3]ന്തു തിങ്ങി നിയതാ
[4]ചേതയുൾത്തുടൻ തോൻറുംവണ്ണമിൻറുമുതലായ്.

1. "വേലയിൽ തിരപോൽ എന്തൻ മേതയിൽ തോൻറുവായേ." (രാമകഥപ്പാട്ടു്—ബാലകാണ്ഡം—വൃത്തം—1.) 2. നിരകൾ...ങ്ങ. 3. വന്തു തിങ്കി...ക 4: ചേതയുൾക്കലൻറു—ക; ചേതയിൽ ത്തുടൻറു്—ഖ.

ഊനമററെഴും ഇരാമചരിതത്തിലൊരു തെ[1]-
ല്ലുഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്യാൻ
ഞാനുടക്കിനതിന്നേണനയനേ! നടമിടെൻ
നാവിലിച്ഛയൊടു വച്ചടിയിണക്കമലതാർ.

ഇനിയ ചൊൽനായികേ=മാധുര്യം (ഭംഗി) ഉള്ള വാക്കുകൾക്ക് നായികയായുള്ളവളേ (വാഗ്ദേവീ) എങ്കൽ=എന്നിൽ, ഞാനം വിളയിച്ചു=അറിവ് ഉണ്ടാക്കി, തെളിയിച്ച്=പ്രകാശിപ്പിച്ച്, പരവയിൽ=സമുദ്രത്തിൽ, തിരകൾനേർ=അലകൾ പോലെ, ഉടനുടൻ, തേനലാവിന പതങ്ങൾ=മാധുര്യമുള്ള വാക്കുകൾ, വന്നുതിങ്ങി-വന്നുനിറഞ്ഞ്, നിയതം=എപ്പോഴും. ചേതയുൾത്തുടന്ന്=ചേതസ്സിൽ (മനസ്സിൽ) ഇടവിടാതെ, തോൻറുംവണ്ണം=തോന്നത്തക്കവണ്ണം, ഇൻറുമുതലായ്=ഇന്നുമുതൽ=ഇപ്പോൾ തൊട്ട്, ഊനമററെഴും=കുറവില്ലാതെ ശോഭിക്കുന്ന, ഇരാമചരിതത്തിൽ=ശ്രീരാമൻെറ ചരിത്രത്തിൽ. ഒരു തെല്ല്=കുറച്ചു ഭാഗം, ഊഴിയിൽ=ഭൂമിയിൽ, ചെറിയവർക്ക്=അല്പജ്ഞന്മാർക്ക്, അറിയുമാറ് ഉരചെയ്‌വാൻ= അറിയത്തക്കവണ്ണം പറയുവാൻ, ഞാൻ ഉടക്കിനതിന്=ഞാൻ ആരംഭിക്കുന്നതിന്, ഏണനയനേ=മാൻമിഴിയാളേ, എൻനാവിൽ=എൻെറ നാവിൽ, ഇച്ഛയൊടു്=ഇഷ്ടംപോലെ, അടിയിണക്കമലതാർ=തൃപ്പാദപത്മങ്ങൾ, വച്ച്, നടമിടു=നൃത്തം ചെയ്താലും.

താരിണങ്ങിന തഴൈക്കുഴൽമലർത്തയ്യൽമുലൈ-
ത്താവളത്തിലിളകൊള്ളുമരവിന്തനയനാ!
ആരണങ്ങളിലെങ്ങും[2] പരമയോഗികളുഴ-
ൻറാലുമെൻറുമറിവാനരിയ[3] ഞാനപൊരുളേ!
മാരി വന്തതൊരു മാമലയെടുത്തു തടയും
മായനേ! അരചനായ് നിചിചരാതിപതിയെ
പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്‌വാൻ[4]
പോകിപോകചയനാ! കവിയെനക്കരുൾചെയ്യേ.

താർ ഇണങ്ങിന=പൂക്കൾ അണിഞ്ഞ, തഴൈക്കുഴൽ=മയിൽപ്പീലിപോലെ മനോഹരമായ തലമുടിയുള്ള, മലർത്തയ്യൽമുലൈത്താവളത്തിൽ=പൂമങ്കയായ ലക്ഷ്മീദേവിയുടെ മുലകളാകുന്ന വിശ്രമസ്ഥാനത്ത്, ഇളകൊള്ളും=വിശ്രമിക്കുന്ന, അരവിന്ത

---

1. ഒരു ചൊല്ലുഴിയിൽ ...ക. 2. എഴും...ക. 3. അറിയാതെരിയ....ക. 4. മുടിത്തമയെടുത്തുര ചെയ്‌വാൻ...ക.ഖ മുടിത്തമയെടുത്തരുൾ ചെയ്യുവാൻ...ഗ

നയനാ=താമരപ്പൂപോലെയുള്ള കണ്ണുള്ളവനേ, ആരണങ്കളിൽ എങ്കും=വേദങ്ങളിൽ എവിടെയും, പരമയോകികൾ=വിശിഷ്ടന്മാരായ യോഗികൾ, ഉഴൻറാലും=അന്വേഷിച്ചാലും, എൻറം=എല്ലാകാലത്തും, അറിവാനരിയ=അറിയുന്നതിനു പ്രയാസമുള്ള, ഞാനപൊരുളേ=ജ്ഞാനസാരമേ, മാരി വന്തതു്=വന്ന മഴയെ, ഒരു മാമലയെടുത്തു്=(ഗോവർദ്ധന) പർവ്വതമെടുത്തു്, തടയും=തടഞ്ഞ, മായനേ=മായാസ്വരൂപനേ, അരചനായ്=രാജാവായി=ദാശരഥിയായിട്ടു് നിചിചരാതിപതിയെ=രാക്ഷസേന്ദ്രനായ രാവണനെ, പോരിൽ=യുദ്ധത്തിൽ, നീ മുന്നം=നീ, പണ്ടു, മുടിത്തമെ=മുടിച്ചതിനെ=സംഹരിച്ച കഥയെ, എടുത്തു പുകഴ്‌വാൻ, സ്വീകരിച്ചു പാടിപ്പുകഴ്ത്തുന്നതിനു്, പോകിപോകചയനാ= ഭോഗിഭോഗശയനാ=ശേഷശായിയായ ശ്രീപത്മനാഭ, എനക്കു കവി=എനിക്കു കവിത, അരുൾചെയ്യു=നൽകിയാലും.

ഈ പാട്ടിൽ ശ്രീപത്മനാഭനെയും കൃഷ്ണനെയും സ്മരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ഇതിൻെറ കർത്താവു് വേണാട്ടു ഒരു രാജാവാണു് എന്ന അഭിപ്രായവും ഇവിടെ ഓർമ്മിക്കാം.

ഇതിലെ പ്രാസവും പദഗ്രഥനഭംഗിയും ശ്രദ്ധേയമാണു്.

ശിവസ്തുതി

## 4

അരുവൈ പാതിയുരുവായ[1] പരനേ! ചരണാതാ-
രകക്കുരുന്നുകൊട്ട[2] തന്തതും നിനൈന്തുകൊൾവവ-[3]
ക്കരിയ വൻപിറവിയാം തുയരറുത്തുകളവോ-
രചരനാചകരനേ! വിചയൻ വിൽത്തടിയിനാൽ
തിരുവുടമ്പുടയുമാററന്തവന്നപിമതം[4]
തെളുതെളുപ്പിൽ വിളയിച്ചു തെളിയിച്ച ചിവനേ!
അരചനാകി മത്തുചൂതനൻ ഇരാവണനെ വെ-
ൻറമയെനക്കു[5] പുകഴ്‌വാൻവഴി[6] വരം തന്നരുളേ.

---

1. പാതിയുടലാന...ഖ. പാതിയുരുവാന...ഗ.ഘ 2. അകക്കുരുന്തിനൊട്ടു്–ങ 3. നിനൈന്തുകൊൾവാൻ....ക- ; നിനൈന്തുകൊൾവവർക്കു ...ഖ. 4. ഉടയുമാററന്തവ....ഖ. ഗ ,,. തിരുവിടമ്പുടയുമാററന്ത...ഘ. 5. വെൻറമ അടിയനക്കെന പുകഴ്‌വാൻ...ക. 6. പുകൽവാൻ....ങ,

അരുവൈ പാതിയുരുവായ=അരുവൈ=സ്ത്രീ (ഉമ) പ്രകൃതി രൂപമായ=അർദ്ധനാരീശ്വരനായ, പരനേ=ശ്രേഷ്ഠനായവനേ, ചരണതാർ=(നിൻെറ) പാദപദ്മങ്ങൾ, അകകുരുന്നുകൊട്ട=മൃദുവായ മനസ്സുകൊണ്ടു്, തന്തതം=സന്തതം=എപ്പോഴും, നിനൈന്തുകൊൾവവർക്കു്=സ്മരിക്കുന്നവൎക്കു്, അരിയ വൻപിറവിയാം=ക്ലേശപൂൎണ്ണമായ ജനനമാകുന്ന, തുയരവത്തു=ദുഃഖത്തെ നശിപ്പിച്ചു്, കളവോരു=കളയുന്ന, അചുരനാശകരനേ-അസുരാന്തകനേ, വിചയൻ=വിജയൻ=അൎജ്ജുനൻ, വിൽത്തടിയിനാൽ=വില്ലു (ചാപദണ്ഡം) കൊണ്ടു്, തിരുവുടമ്പു്=തിരുമേനി, ഉടയുമാറു്=പൊട്ടത്തക്കവിധം, അറന്തു. അവന്നു് അപിമതം=അഭിമതത്തെ=(അവൻെറ) അഭീഷ്ടത്തെ, തെളുതെളുപ്പിൽ=ഏററവും തെളിവോടെ, പ്രസാദിച്ചു് വിളയിച്ച=ഉണ്ടാക്കി, തെളിയിച്ച=സന്തുഷ്ടനാക്കിയ, ചിവനേ=ശിവനേ, മതുചൂതനൻ=മധുസൂദനൻ=മഹാവിഷ്ണു, അരചനായി=രാജാവായി ദാശരഥിയായി, രാവണനെ വെൻറമ=രാവണനെ ജയിച്ചതിനെ=വധിച്ചതിനെ, പുകഴ്‌വാൻവഴി=പുകഴത്തക്കവണ്ണം, വരം തന്നരുളേ=വരം തന്നാലും. പുകഴ്ത്തുന്നതിന്നു് എനിക്കു വരമരുളിയാലും.

5

[1] വഴിയെനക്കു പിഴയാതവണ്ണമുററ[2]രുൾചെയ്യേൻ
മനകുരുന്തിലിളകൊണ്ടു പുനൽകൊണ്ടു വടിവാ[3]—
ണ്ടെഴുന്ത കൊണ്ടൽ പതറും നെറ്റിതഴത്തകുഴലീ!
[4] ഇളമതിക്കു തുയർ പൊങ്ങി വിളങ്ങിൻെറ നുതലീ!
ഉഴല നിൻെറകിലലോകർ വണങ്കിൻെറ കഴലീ!
തുകിൽ പുലിത്തോലികൊള്ളിൻെറരന്തൽ[5]കണ്ണിണ പെ—
[6] ട്ടഴിവു പെട്ട മലർവില്ലിയെ യനങ്കനെ—
യവ്വളവു തോററിന പെരുപ്പമുള്ള വെ[7]പ്പിൻമകളേ!

---

1. അരുളെനക്കു ..ഘ. 2. മുററരുൾചെയ്‌വാൻ...ക. 3. തെളിവാണ്ടെഴുന്ത ...ക. ഖ
4. പൊങ്ങിവിളങ്ങിൻെറ...ഘ പോകവിളയിൻെറ...ങ, പൊങ്ങി വിളങ്ങുന...ക
,, ഉഴചനിൻാകിലഭലാകം...ങ 5 കൊള്ളും പരന്തൽകണ്ണിട....ച. 6 വന്ന..ഗ
7 വെപ്പിൻമകളേ ക. ഖ, ഗ. ഘ ങ.

പുനൽകൊണ്ടു്=നീർകൊണ്ടു് (ജലം ഉൾക്കൊണ്ടു്), വടിവാണ്ടു്=ഭംഗിയായി എഴുന്ത=പൊങ്ങിയ, കൊണ്ടൽ പതറം=മേഘം തോററുപോകുംവണ്ണം, നെറി തഴന്ത=ചുരുണ്ടു (അഥവാ ഭംഗി) വർദ്ധിച്ച, കുഴലീ=തലമുടിയുള്ളവളേ (നെറി=തലമുടിയുടെ ചുരുൾച്ച. 'ചുരുൾച്ച' എന്നു് തമിഴ് ലെക്സിക്കൺ) ഇളമതിക്കു്=ചന്ദ്രകലെയ്ക്കു്, തുയർ പൊങ്ങിവിളങ്ങിൻറ = ദുഃഖത്തെ വർദ്ധിപ്പിക്കുന്ന, നുതലീ=നെററിയുള്ളവളേ! ചുഴലനിൻറു്=ചുററും നിന്നു്, അകിലലോകർ=സർവ്വലോകരും, വണങ്ങിൻറ കഴലീ=നമസ്കരിക്കുന്ന പാദങ്ങളോടു കൂടിയവളേ, തുകിൽ=വസ്ത്രമായി പുലിത്തോലി=പുലിത്തോൽ, കൊള്ളിൻറ = ധരിക്കുന്ന = ചാർത്തുന്ന, അരൻ നുതൽകണ്ണിണപെട്ടു്=ഹരൻെറ (നുതൽ) നെററി (യിലുള്ള) കണ്ണിൽ ഇണപെട്ടു്, അഴിവുപെട്ട=നശിച്ച, വെന്തുപോയ, മലർവില്ലിയെ=പുഷ്പബാണനായ, അനങ്കനെ=അനംഗനെ = കാമനെ, അവ്വളവു് = തൽക്ഷണംതന്നെ, തോററിന=ജനിപ്പിച്ച (പുനർജ്ജീവിപ്പിച്ച), പെരുപ്പമുള്ള=മഹത്വമുള്ള, വെർപ്പിൻമകളേ=മലമകളേ, (വെർപ്പു്=വെപ്പു്=മല), എൻമനക്കരുന്തിൽ=എൻെറ മൃദുലമനസ്സിൽ, ഇളകൊണ്ടു്=ഇരുന്നുകൊണ്ടു്, വസിച്ചിട്ടു്, എനക്കു്, = എനിക്കു്, വഴി പിഴയാത വണ്ണം=മാർഗ്ഗം തെററാത്തവണ്ണം, ഉററു് അരുൾചെയ്—ഗാഢമായി അനുഗ്രഹിച്ചാലും.

6

മകരകേതനനുടെ ചെനകനായർമകനായ്

വളരുമെങ്കൾ[1]മറിമായൻ[2]മണിമാർവ്വിലിളകൊ-

ണ്ടകിലലോകങ്ങളിലും നിറന്തുനിൻറരുളുവോ-

രമലകോമളപയോതി[3]തനയേ! അരചനായ്

ചെകങ്കളേഴും ഉലയിക്കുമന്നിചാചരവരൻ[4]

ചിരങ്ങൾ പത്തുമങ്ങുരുത്ത[5] മനുവീരചരിതം

പുകഴുമെന്നെയിന്നു[6] നോക്കിയരുൾ[7] വാക്കടയ വേൽ-

പൊരുതു ചേലിടഞ്ഞിഴൻറിന[8] കടക്കൺമുനയാൽ.

---

1 എങ്കൾമണിമായൻമണി...ക. ഘ (2 'അകലകില്ലേൻ ഇറയുമെൻറു അലർമേൽമങ്കൈ ഉറൈ മാർവ്വൻ' ദിവ്യപ്രബന്ധം) 3 പയോധിതനയ—ഖ. ഗ. ങ. 4 ഉലകിക്കുമന്നിചാചരനുടെ...ക 5 പത്തുമുവരുത്ത ..ഖ ; പത്തുമന്നരുത്ത ...ങ 6 പുകലും...ഖ. ഗ. ങ. 7 നോക്കിയന്നിയ...ഖ. ഗ. 8 ഇടഞ്ഞഴൻറിന...ക ഇടഞ്ഞിഴൻറിന്ന...ഘ

മകരകേതനനുടെ=മന്മഥന്റെ, ജനകൻ=പിതാവും, ആയർമകനായ്=ഗോപപുത്രനായി, വളരും=വളൎന്നവനുമായ, എങ്കൾമറിമായൻമന്നിമാർവ്വിൽ=ഞങ്ങളുടെ മായാമയന്റെ (വിഷ്ണുവിന്റെ) മണി (കൌസ്തുഭരത്നം അണിഞ്ഞിട്ടുള്ള) മാറിടത്തിൽ, ഇളകൊണ്ടു്=വിശ്രമിച്ചുകൊണ്ടു്, അകിലലോകങ്ങളിലും = സമസ്തലോകങ്ങളിലും, നിറഞ്ഞുനിൻറു്=വ്യാപിച്ചു്, അരുളുവോരു=കൃപാപൂൎവ്വം വസിക്കുന്ന, അമലകോമളയായ പയോധിതനയ=പാലാഴിമങ്കേ (ലക്ഷ്മീദേവി), അരചനായ്=രാജാവായി, ചെകങ്കൾ ഏഴും=സപ്തലോകങ്ങളെയും, ഉലയിക്കും=ഇളക്കുന്ന, കഷ്ടപ്പെടുത്തുന്ന, അന്നിചാചരവരൻ ചിരങ്ങൾപത്തും=ആ രാക്ഷസേന്ദ്രനായ (രാവണന്റെ) പത്തു തലകളെയും, അങ്ങറുത്ത= (യുദ്ധത്തിൽ) അറുത്ത, മനുവീരചരിതം=ശ്രീരാമന്റെ ചരിതം, പുകഴും എന്നെ=സ്തുതിക്കുന്ന എന്നെ, വാക്കുടയ=ഭംഗിയുള്ള, വേൽ പൊരുതു=വേലിനെ ജയിക്കുന്നതും, ചേൽ ഇടഞ്ഞിഴൻറിന=കയൽമത്സ്യങ്ങളെ തോല്പിക്കുന്നതുമായ, കടക്കൺമുനയാൽ=കടക്കൺമുനകൊണ്ടു്, ഇനു നോക്കി; അരുൾ=കൃപചെയ്താലും.

വിവിധ ദേവതാസ്തുതി.

## 7

ഇടഞ്ഞു[1] താനവരെ വേരറ മുടിക്കുമടലിൽ[2] വൻ-
പിലകുമിന്തിരനുമങ്കി നമനും[3] നിരുതിയും
കുടിലവാരിപതി വായുവളകേചനരനും
കുളിർനിലാമതി[4] വയ്യോനുമുരകാതിപതിയും
വടിവു[5] ചേരവനിമാതുമയനും വിണ്ണവരും[6]
മയിടനാചിനിയും[7] മുക്കണ്ണർകുനൽക്കണ്ണിലെഴും
കൊടിയ പൈരവിയും ആനനങ്ങളാറുള്ളവനും[8]
കുത്തുമവാണനുമെനക്കു[9] തുണയാകയിതിനേ.

---

1. ഇടഞ്ഞ....ക. 2 അടൽവൻപിലകും—ഖ, ഗ, ങ. (2. വെററിപ്പോർ ഇന്തിരക്കും ഇന്തിരനേ ഒക്കമാൽ എൻകിൻറാളാൽ ദിവ്യപ്രബന്ധം പെരിയതിരുമൊഴി 8.1-8) 3 അങ്കി ഞമനും....ക—അങ്കിയുന്നമൻ നിരിതിയും...ഗ 4 കുളുർ...ഗ 5 വടിവു ചേരയനമ്മാളുമയ്യനും....ഗ 6 വിണ്ണോരും...ക. വിണ്ണവർകളും....ഖ 7 മകിഴ...ക മയിഴ... ഗ 8 ആറൊള്ളവനും... ഗ. 9 എനക്കുങ്ങ തുണക്കയിനിയ...ഗ.

ഇടഞ്ഞു=പൊരുതു്, താനവരെ=അസുരരെ, വേരറ=സമൂലം, മുടിക്കും=കൊല്ലുന്ന, അടലിൽ വൻപിലകും=യുദ്ധസാമർത്ഥ്യമുള്ള, ഇന്തിരനും=ദേവേന്ദ്രനും, അങ്കി=അഗ്നിയും, നമനും=യമനും, നിരുതിയും=നിരൃതിയും, കുടിലവാരിപതിയും=(ഭൂമിയെ) വളഞ്ഞിരിക്കുന്ന സമുദ്രരാജനായ വരുണനും, വായു=വായുവും, അളകേശൻ=കുബേരനും, അരനും=ഹരനും. കുളിർനിലാമതി=കുളിർനിലാവോടു കൂടിയ ചന്ദ്രനും, വയ്യോനും=സൂര്യനും, ഉരകാതിപതിയും=സർപ്പരാജാവായ ആദിശേഷനും, വടിവുചേർ=ഭംഗിയുള്ള (നല്ല). അവനിമാതും=ഭൂമിദേവിയും, അയനും=അജനും=ബ്രഹ്മാവും, വിണ്ണവരും=ദേവന്മാരും, മയിടനാചിനിയും=മഹിഷാസുരമർദ്ദിനിയും, മുക്കണ്ണർകനൽക്കണ്ണിലെഴും=ത്രിലോചനനായ ശിവന്റെ തീക്കണ്ണിൽ ഉത്ഭവിച്ച, പൈരവിയും=ഭൈരവിയും, ആറാനനങ്ങളുള്ളവനും=ഷണ്മുഖനും, കുതുമവാണനും=കുസുമബാണനും=കാമദേവനും, എനക്കു്=എനിക്കു് ഇതിനു്, തുണയാക—തുണ ചെയ്യുമാറാകണം.

## 8

തുണയെനക്കിതിനു [1]മിക്കവരുമുറക്കനമേറ-
ച്ചുരുങ്കിനോരകതിയെൻററിഞ്ഞു നല്ലവരെല്ലാം
[2]പണിയിതർക്കിവനെനക്കരുതി നൊയ്യവർകളും
[3]പകയരാവതിനറപ്പരെന്നൊടൊപ്പമുടയോർ
പിണങ്ങുവോരില്ലയെന്നുംപൊഴുതു [4]പോയിടയിട-
പ്പിഴമുഴക്കിലും [5]എനതെളിഞ്ഞ [6]അരക്കരെ മുന്നം
മണിവണ്ണൻ [7]മനുചനായ്പ്പൊരുത പോർക്കൊടുമ[8] തൻ
[9]വഴിയുരെപ്പതിനു കോലിനതെൻ [10]മേതകൊട്ട ഞാൻ.

---

1 മിക്കവരുമുറക്കനമറച്ചുരുങ്കിനോരകതി—ക 2 പണിയിതിർക്കിവനെന്നക്കരുതി—ക 3 പകയരാമതിനു്—ഗ 4 പോന്തിടയിടെ—ക, ഗ, ഘ. 5 എന്നും തെളി-ഞ്ഞ—ക. എന്നെത്തെളിഞ്ഞ—ച 6 അരക്കനെ—ഖ. അരക്കരെയുടൻ—ഘ 7 മനുചനാകി—ഗ 8 കൊടുമ തം വഴി—ക 9 വടിവുരെപ്പതിനു...ഗ 10 മേതകൊടയ്യാ—ക.

ഈ കാവ്യരചനയിൽ തനിക്കു മിക്കവരുടെയും അനുഗ്രഹം ലഭിക്കുമെന്നു ധൈര്യപ്പെട്ടുകൊണ്ടു് കവി കാവ്യരചനയ്ക്കൊരുങ്ങുന്നു:—

എനക്കു്=എനിക്കു്, ഇതിനു്=ഈ കാവ്യരചനയ്ക്കു്, മിക്കവരും, തുണ=സഹായമാണു്; ഉൾക്കനം=അന്തസ്സാരം, ഏറച്ചുരുക്കിന=വളരെ കുറവുള്ള, ഒരു അകതി=അഗതി=നിസ്സഹായൻ (ആണു് ഞാൻ), എൻററിഞ്ഞു്=എന്നു മനസ്സിലാക്കിയിട്ടു്, നല്ലവർ=നല്ലയാളുകൾ, എല്ലാം (തുണയ്ക്കും എന്നു ശേഷം); ഇതക്കു്=ഇക്കാര്യത്തിനു്, ഇവനു്=എനിക്കു്, പണി=പ്രയാസം(ഉണ്ടു്), എനക്കരുതി=എന്നു വിചാരിച്ചു്, നൊയ്യവർകളും=അല്പജ്ഞന്മാരും (മൃദുസ്വഭാവികളും), (സഹായമായിരിക്കും); എന്നോടു് ഒപ്പമുടയോർ=എന്റെ സമന്മാർ, പകയർ ആവതിനു്=വിരോധികൾ ആകുന്നതിനു്, അറപ്പർ=അറയ്ക്കും=മടിക്കും; എന്നും പൊഴുതു്=എന്ന അവസ്ഥയിൽ (എന്ന നിലയിൽ), പോയ്—ചെന്നു്, ഇടയിട പിഴ മുഴുക്കിലും=ഇടയ്ക്കിടെ തെററു പററിയാലും, പിണങ്ങുവോരില്ല=മത്സരിക്കുന്നവരില്ല; എന തെളിഞ്ഞു്=എന്നു സന്തോഷിച്ചു്, മണിവർണ്ണൻ=നീലമണിപോലെ നിറമുള്ളവൻ=നീലവർണ്ണൻ (വിഷ്ണു), മുന്നം=മുമ്പു്, മനുചനായി=മനുഷ്യനായി, അരക്കരെ=രാക്ഷസരെ, പൊരുതു പോർക്കൊട്ടമതൻ വഴി=ചെയ്ത യുദ്ധത്തിന്റെ കാറിന്യത്തെ കുറിക്കുന്ന കഥ, ഉരെപ്പതിനു്=പറയുന്നതിനു്, എൻമേധകൊടു=എന്റെ മേധകൊണ്ടു്, ഞാൻ, കോലിനതു=തുനിയുന്നു. മിക്കവരും എന്നതിനു അധികംപേരും എന്നോ മികച്ചവർ എന്നോ അർത്ഥം എടുക്കാം.

9

മേത നൽകുക കവീന്തിരരിൽ[1] മുമ്പുടയ വാ-

ല്മീകിയും പിന്നെ വിയാതനുമെനക്കതികമായ്[2]

വേതവിത്തു നല്ലകത്തിയനൊരോ[3] വകവകൈ

വേരി തിഴ്ക്കിന[4] തമിഴ്ക്കവി പടൈത്ത[5] മുനിയും

---

1 കവിയിന്തിരരിൽ—ഘ 2 എനിക്കു തുണയായി—ക 3 –നൊരോ പതങ്ങളെ— —ഖ, ഗ, ഘ, 4 വേരി തിരുക്കിന—ക, ഖ, ഗ, ഘ, 5 പടൈത്ത വടിവും—ഗ.

ഓതയിൽ തുയിലുമണ്ണൽ വിണ്ണുളാർ പുകഴ[1] വ-
ന്നൂഴിയിൽ തെയരതൻതനയനായവതരി-[2]
ത്താതികാലമുള്ളരുന്തൊഴിൽകൾ ചെയ്തവ[3] കഴി-
ത്താഴിമാനിനിയെ വീണ്ട[4] വഴി ക്രുവതിനായ്[5].

ഓതയിൽ—സമുദ്രത്തിൽ, തുയിലുമണ്ണൽ—നിദ്ര ചെയ്യുന്ന ദേവൻ—വിഷ്ണു, വിണ്ണുളാർ—ദേവന്മാർ, പുകഴ വന്തു—സ്തോത്രം ചെയ്യവേ, (വന്നു), ഊഴിയിൽ—ഭൂമിയിൽ, തെയരതൻതനയനായ്—ദാശരഥിയായി, അവതരിത്തു്—അവതരിച്ചു്, ആതികാലമുള്ള അരും തൊഴിൽകൾ ചെയ്തവ കഴിത്തു്—ബാല്യകാലത്തുള്ള മഹാകൃത്യങ്ങൾ (സാഹസകൃത്യങ്ങൾ), കഴിച്ചു്—വിട്ടിട്ടു്, ആഴിമാനിനിയെ=ക്ഷീരാബ്ധിതനയയായ ലക്ഷ്മിയെ—സീതയെ, വീണ്ടവഴിക്രുവതിനായ്—വീണ്ടെടുത്തമാർഗ്ഗം (പ്രകാരം) പറയുന്നതിനു്, കവീന്തിരരിൽ—കവീന്ദ്രരിൽ, മുമ്പുടയ—വാല്മീകിയും—ആദികവിയായ വാല്മീകിമഹർഷിയും, പിന്നെ, വിയാതനും—വേദവ്യാസനും, വേതവിത്തു്—വേദജ്ഞനായ, നല്ല, അകത്തിയൻ—അഗസ്ത്യമഹർഷിയും; വേരി തിഴ്ക്കിന—തേൻ തുളുമ്പുന്ന, ഒരോ വകവകൈ—അനേകവിധത്തിൽ, തമിഴ്ക്കവി പടൈത്ത മുനിയും—തമിഴിൽ കവിതകൾ വിരചിച്ച മുനിയും, അതികമായ്—കൂടുതലായി, എനക്കു്—എനിക്കു്, മേത നൽകുക—മേധ (അറിവു്) തന്നു് അരുളുമാറാകണം. (തമിഴ്ക്കവിപടൈത്ത മുനി ആരെന്നു വ്യക്തമല്ല, നമ്മാഴ്വാർ ആയിരിക്കാം, അഥവാ ഇതു അഗസ്ത്യന്റെ വിശേഷണമായും എടുക്കാം.)

## 10

ആഴിമാതിനെ നിശാചരവരൻ കവന്റു കൊ-
ണ്ടാടിമാതങ്കൾ വരുംമുന്നം മറന്ത വഴിയേ[6]

---

1. പുകഴവേ—ഖ. ഗ. ങ. വിണ്ണുള്ളോർ പുകഴവേ—ഘ. 2. തശരതൻ—ങ 3. അരുന്തൊഴിൽകൾ ചെയ്തമകഴിത്താ—ക അരുന്തൊഴിൽകൾ മിക്കവെകഴിത്താ—ഗ. അരിന്തൊഴിൽ—ഘ, അരുന്തൊഴിൽകൾ—ചെയ്തവ കഴിഞ്ഞു—ഗ. 4. മീണ്ട—ക. ഖ. ഗ. ഘ. 5. ക്രുമതിനായി—ഖ. ഗ. ഘ. 6. മറന്ത വഴിയേ—ങ.

ഊഴിമീതു നടന്നൻ[1]റു കപിമന്നരുറവാ[2]-
    യോടി നാടുകെനവേയരികൾ നാലു തിശൈയും
കീഴുമേലും[3] വിനവിൻറളവിൽ[4] വായുതനയൻ
    കേടില്ലാത മതിയൊടു തിരയാഴി കടന്ന-
മ്മാഴനീൾമിഴിയെ[5] മൈതിലിയെ നേടിയൊരിരാ[6]
    മാൽ പുനൈന്തമയുരൈപ്പതിനരിപ്പമെങ്കളാൽ[7].

ആഴിമാതിനെ = കടൽമകളെ (ലക്ഷ്മിയുടെ അവതാരമായ) സീതയെ, നിചാചരവരൻ–രാക്ഷസേന്ദ്രനായരാവണൻ, കവൻറുകൊണ്ടു്=അപഹരിച്ചുകൊണ്ടു് ആടിമാതങ്കൾ വരും മുന്നം—കർക്കടകമാസം-വർഷകാലം—വരുന്നതിനു മുമ്പേ,മറന്ത വഴിയേ—മറഞ്ഞ വഴിയേ—പോയ മാർഗ്ഗത്തൂടെ, ഊഴിമീതു്–ഭൂമിയിൽ, നടന്നൻറു, –(പാദചാരിയായി) നടന്ന അക്കാലത്തു്, കപിമന്നർ ഉറവായ്—വാനരേന്ദ്രനായ സുഗ്രീവൻ ഉറവായ്-സ്നേഹത്തോടെ, ഓടി നാടുക–ഓടി–(ഃവഗം) സീതാന്വേഷണം നടത്തുക, എനവേ–എന്നു്(വാനരന്മാരോടു്)ആജ്ഞാപിക്കവേ, അരികൾ–ഹരികൾ വാനരന്മാർ; നാലു തിശൈയും-നാലുദിക്കുകളിലും, കീഴുമേലും—വിനവിൻറളവിൽ അന്വേഷിക്കുമ്പോൾ, വായുതനയൻ—മാരുതിയായ ഹനുമാൻ, തിരയാഴികടന്നു്. അമ്മാഴനീൾമിഴിയെ-ആ മനോഹരമായ കണ്ണുള്ള (സുന്ദരിയായ) മൈതിലിയെ–സീതയെ, കേടില്ലാതമതിയൊടു–നിഷ്കളങ്കബുദ്ധിയോടെ, നേടിയൊരു ഇരാ– അന്വേഷിച്ചു് രാത്രിയിൽ, മാൽ പുനന്തമ..ദുഃഖിച്ച (പരിഭ്രമിച്ച) സംഗതി, ഉരൈപ്പതിനു്–ചൊല്ലുന്നതിനു്, എങ്കളാൽ–ഞങ്ങൾക്കു്, അരിപ്പം–പ്രയാസം.

ഈ പാട്ടിൽ ഹനുമാൻ സീതയെ അന്വേഷിച്ചു ദുഃഖിച്ചകാര്യം സൂചിപ്പിച്ചിരിക്കുന്നു.

---

1. കടന്നൻറു—ഗ. 2. കപിമന്നനുറവായ്—ഖ. ഘ, കപിവീരനുറവായ്—ഗ. 3. കീഴും മേലും—ങ, 4, വിനവിൻറളവു—ഗ, 5 മായൻനേർമിഴിയാം—ക, മാഴനീഴ്മിഴിയാം—ഖ, ഗ, 6. നേടിയൊരുനാൾ—ഖ, നേടിയൊരു രായ്—ഘ നേടിയൊരു—ങ, 7. മാൽപുനന്തവൈ—ക. ഖ,

## 11

[1] മാൽ പൂണ്ടെന്നവനറിന്തണഞ്ഞങ്ങങ്കുലീയവും
[2] മാലവാർകുഴലിലെഴും മണി കൈക്കൊള്ളും മുന്നേ
[3] വേൽ പൊരുന്ത മിഴിയാൾക്ക നൽകിയപ്പൊഴുതിലേ
[4] മേതിൽ വീഴ്ന്തടി പണിന്തു വിടയും തൊഴുതു പോയ്
ചേൽ പൊരുന്തുമരിവീരൻ അലയാഴി കടന്ന-
[5] ത്തീരമെയ്തിയിരുന്നോൺകപികൾ ചൂഴ്ന്തിനിയ പൈ-
[6] മ്പാൽ പൊരുന്തും മൊഴിയാൽ മൊഴിന്തനൻ തൊഴുതെല്ലാം
[7] പാർമന്നൻ തന്നൊടു മൈതിലിയുടേ ചരിതമേ.

മാൽ പൂണ്ടെന്നവൻ-(ദുഃഖിച്ചവൻ) അറിന്തണഞ്ഞു്, (മന്ദമാരുതസൂചനയാൽ) അറിഞ്ഞു് (അശോകവനത്തിൽ) ചെന്നു്, മാലവാർകുഴലിൽ എഴുംമണി=പൂമാലയണിയുന്ന മുടിയിൽ ധരിച്ചിരുന്ന ചൂഡാമണിയെ, കൈക്കൊള്ളും മുന്നേ=സ്വീകരിക്കുന്നതിന്റെ മുമ്പേതന്നെ, വേൽ പൊരുന്തമിഴിയാൾക്കു്=വേലിനോടു് ഇടയത്തക്കവണ്ണം കൂർത്ത കൺമുനയുള്ള (സുന്ദരിയായ) സീതാദേവിക്കു്, അങ്കുലിയം നൽകി=മോതിരം കൊടുത്തു്, അപ്പൊഴുതിലേ=ആ സമയത്തു തന്നെ, മേതിൽ വീഴ്ന്തു് അടിപണിന്തു്—ഭൂമിയിൽ വീണു് (സാഷ്ടാംഗമായി) നമസ്കരിച്ചു്, വിടയും തൊഴുതുപോയ്=വിടവാങ്ങിപ്പോയിട്ടു്, ചേൽപൊരുന്തും—ഭംഗിയുള്ള, അരിവീരൻ, =ഹരി (വാനര) വീരനായ ഹനുമാൻ, അലയാഴികടന്നു്=തിരയാഴി കടന്നു്, അത്തീരം എയ്തി—അക്കരയെ പ്രാപിച്ചു്, ഒൺ കപികൾ ചൂഴ്ന്തു്—യോഗ്യന്മാരായ വാനരന്മാരാൽ ചുററപ്പെട്ടു്, ഇരുന്നു്, തൊഴുതു്- നമസ്കരിച്ചിട്ടു്; മൈതിലിയുടേ ചരിതം – സീതയുടെ വൃത്താന്തം, ഇനിയ പൈമ്പാൽ പൊരുന്തും മൊഴിയാൽ=നല്ല പാൽ പോലെ മധുരമായ വചനത്താൽ, പാർമന്നൻ തന്നൊടു—ശ്രീരാമനോടു്, മൊഴിന്തനൻ—പറഞ്ഞു.

---

1. അറിഞ്ഞണഞ്ഞങ്കുലിയവും. ക; അറിന്തളവങ്ങങ്കുലിയവും. ഖ.
2. കുഴലിലേറും മണി കൈക്കൊള്ളുംമുന്നേ— ഖ ഗ ഘ ങ.
3. വേൽപൊരിൻറ മിഴിയാൾക്ക—ഖ. ഗ; വേൽപൊരുന്ന——ഘ. ങ.
4, മേതിൽ വീണ്ടടിപണിന്തു——ഗ. 5-യിരു (രി)ന്നോൻ——ഖ. ഘ, കവി ചൂഴ്ന്തിനിയ——ങ. 6 വെല്ലുന്ന മൊഴിയാൽ——ക
7, മൈതിലിതന്നുടേ ചരിതമെല്ലാം-ഘ.

# രണ്ടാം വൃത്തം

## 1

മൈഥിലി തന്നുടെ ചരിതമെല്ലാം വാനരവീരനുരയ്ക്കക്കേട്ടു
ചെയ്തമ നൻറു [1]നീയെൻറുരൈത്തു തേൻമൊഴിയാളെ
[2]നിനന്തിരുന്നു
പെയ്തന കണ്ണുനീ[3]രോട്ടക്കൂട[4]പ്പേപ്പെട്ടന്നരചനെത്തൊഴുത-[5]
ണൈന്തു
കൈതവമേതുമില്ലാത വീരൻ കപികുലത്തരചർക്ക-
മരചൻ ചൊന്നാൻ.

വാനരവീരൻ,—വാനരശ്രേഷ്ഠൻ, ഹനുമാൻ, മൈഥിലി തന്നുടെ ചരിതമെല്ലാം—സീതയുടെ വൃത്താന്തമെല്ലാം, ഉരയ്ക്കക്കേട്ടു—പറഞ്ഞതു കേട്ടിട്ട്, നീ ചെയ്തമ നൻറു എൻറുരൈത്തു—നീ ചെയ്ത കാര്യങ്ങൾ നന്നായി എന്നു പറഞ്ഞിട്ട്, തേന്മൊഴിയാളെ — മധുരഭാഷിണിയെ, സീതാദേവിയെ, നിനന്തിരുന്നു — വിചാരിച്ചിരുന്നുകൊണ്ട്, പെയ്തന — ചൊരിയുന്ന, കണ്ണുനീരോട്ടക്കൂടി, പേപ്പെട്ടന്ന—ഭ്രാന്തു പിടിപെട്ടപോലെയിരിക്കുന്ന, അരചനെ—ശ്രീരാമനെ, കൈതവമേതുമില്ലാത വീരൻ—കപടത ഇല്ലാത്തവനും വീരനുമായ, കപികുലത്തരചർക്കമരചൻ—വാനരേന്ദ്രനായ സുഗ്രീവൻ, തൊഴുതണൈന്തു—തൊഴുതു സമീപിച്ചു, ചൊന്നാൻ—പറഞ്ഞു.

## 2

[6]അരചർകൾക്കോനേ! മേന്മേലുരംതുയർ [7]പിടിത്തീവണ്ണം
[8]പുരികുഴലാളെ നണ്ണിപ്പോക്കുമതല്ല കാലം.
[9]ഇരുപത്തു കരങ്കൾ തങ്കും ഇലങ്കവേന്തനെ[10]യൊരിക്കൽ
കരുതുക, കളക ശോകം, കൈക്കൊൾക കോപമിപ്പോൾ.

---

1. നീയെൻറരുളി—ക. നീയെൻറുണർത്തി—ഖ, ഗ, ങ.
2. നിനന്തിരുന്താൻ—ക. നിനന്തിരുന്ത—ങ.
3. നീരോട്ടം കൂട—ക.
4. പേപ്പെട്ടിൻറരചനെ — ഖ, ഗ.—നീരോട്ടക്കൂടിപ്പേപ്പെട്ടൻറരചനെ—ങ.
5. തൊഴുതണൈന്താൻ—ഖ, ഗ.— അണൈന്താർ—ക. തൊഴുതുണന്നു-ഉ.
6. അരചകൾ—ങ. 7. വിട്ടത്തീവണ്ണം—ങ. 8. പോക്കവതല്ല—ങ.
9. ഇരുപതു കരമിണങ്കും ഇലങ്കമന്നനെ—ക. ഇരിപതു കരങ്കൾ തങ്കും—ഗ.
10. ഒരിക്കൽ—ച.

അരചർകൾകോനന-രാജാധിരാജാവായുള്ളോവേ, പൂങ്കുഴലാളെ നണ്ണി-ചുരുണ്ട കേശത്തോടുകൂടിയ (സീതാദേവിയെ) വിചാരിച്ചു്, ഇവ്വണ്ണം-ഇപ്രകാരം, മേന്മേൽ, അരുന്തുയർ പിടിത്തു്-കടുത്ത വേദന പൂണ്ടു്, പോക്കമതല്ല കാലം-സമയം കളയരുതു്; ഇപ്പോൾ ശോകം കളക-ഇപ്പോൾ ശോകം മാററുക; ഇരുപതു കരങ്കൾ തങ്കും - ഇരുപതു കൈകളുള്ള, ഇലങ്കാവേന്തനെ - രാവണനെ മരിക്കാൻ കരുതുക-ഒരു പ്രാവശ്യം വിചാരിക്കുക, കോപം കൈക്കൊൾക.

## 3

കൈക്കൊൾക[1] കോപത്തോടെ[2] കതിർവില്ലുമമ്പും; തെക്കിൻ-
തിക്കിന്നു നടക്കമാറു തിരുവുള്ളമാവൂതാക.[3]
ഇക്കണ്ട പട തടുപ്പാൻ ഏഴിരണ്ടുലകുമിപ്പോ-[4]
ഴൊക്കിലുമരിപ്പമെൻറാൽ ഒരുവരാരുലകിലുള്ളോർ?

കോപത്തോടേ, കതിർവില്ലും അമ്പും-പ്രകാശമുള്ള,-ശോഭയുള്ള,-അമ്പും വില്ലും, കൈക്കൊൾക. തെക്കിൻതിക്കിന്നു്-തെക്കേ ദിക്കിനാക്കി, നടക്കമാറു്, തിരുവുള്ള മാവൂതാക-തിരുവുള്ളമുണ്ടായാലും. ഇപ്പോഴ്-സൈന്യങ്ങൾ ചെല്ലുന്ന സമയത്തു്, ഏഴിരണ്ടുലകുമൊക്കിലും—പതിന്നാലു ലോകവും ഒരുമിച്ചുചേൻ വന്നാലും, ഇക്കണ്ട പട തടുപ്പാൻ-ഈ കാണുന്ന (നമ്മുടെ) സൈന്യങ്ങളെ തടയുവാൻ, അരിപ്പം-പ്രയാസമാണു്, എൻറാൽ-എന്നാൽ, ഉലകിൽ ഉള്ളോർ ഒരുവർ ആർ ?-ഈ ഭൂമിയിൽ ആൎക്കു തടയാൻ കഴിയും?

## 4

ഒരുവരാരുലകിൽ നിന്നോടൊപ്പമുള്ളവരെൻറല്ലാം[5]
ഉരമികും ചുക്കിരീവൻ ഉണത്തിനവനന്തരത്തിൽ[6]
[7] അരചർകോനനുമൻതന്നോടണിപുകഴിലങ്കവേന്തൻ[8]
ചരിതവും നകരിലുള്ള ചമയവും നീ[9] ചൊല്ലെൻറാൻ.

---

1. കൈക്കൊൾ നിന്മരുവാർകാലാ കതിർ—ക. 2. കോപത്തോടും—ഗ. കോപത്തോടു—ങ. 3. തിരുവുള്ളമാവൂതാക—ഖ. 4. ഈരേഴുലകുമിപ്പോൾ-ക. ഏഴുരണ്ടു-ങ. ഏഴിരണ്ടുലകുമിപ്പോളൊക്കിലും-ഉ. 5. നിന്നോടൊപ്പവരെന്നി (ൻറി) വണ്ണം—ക. നിന്നോടൊപ്പവരെൻറവെല്ലാം-ഖ. ഗ. ങ 6 ഉണത്തിൻറവനന്തരത്തിൽ-ഖ. ഉണത്തിനവന്തരത്തിൽ-ഉ. 7. അരചർകോനവൻ-എന്ന (ച) പാഠം വികലമാണു്. 8. ഇലങ്കമന്നൻ-ഖ. 9. ചൊൽവുതെന്നാൻ-ക.

ഉലകിൽ–ലോകത്തു്, നിന്നോടു് ഒപ്പമുള്ളവർ–തുല്യരായിട്ടുള്ളവർ, ഒരുവരാർ –ഏതൊരുത്തനുണ്ടു്? എൻറെല്ലാം–എന്നു പലതും പറഞ്ഞു്, ഉര മികും ചുക്കിരീവൻ–പ്രസിദ്ധിയേറിയ സുഗ്രീവൻ, ഉണത്തിന അനന്തരത്തിൽ–അറിയിച്ച ഉടനേ (ഉണത്തിന + അനന്തരം- ഉണത്തിനവനന്തരം), അരചർകോൻ–ശ്രീരാമൻ, അനുമൻ തന്നോടു്–ഹനുമാനോടു്, അണിപുകഴിലങ്കവേന്തൻ ചരിതവും–അണിപുകഴുള്ള – നല്ല കീർത്തിയുള്ള – ലങ്കാരാജാവിൻെറ – രാവണൻെറ–വൃത്താന്തവും, നകരിലുള്ള ചമയവും–ലങ്കാനഗരത്തിലെ ഒരുക്കങ്ങളും, നീ ചൊല്ലു–പറഞ്ഞുതരിക, എൻറാൻ–എന്നു പറഞ്ഞു.

## 5

ചൊല്ലിനാനവനിലങ്ക ചുഴൻറുള്ള[1] കിടങ്ങിടം[2] കൊ-
ണ്ടില്ല കീഴൊട്ടക്കമേതും[3], ഇടകലർന്തിടവിടാതെ[4]
നല്ലവാൾ[5] കുന്തം ചൂലം നറുന്തെളികടൈന്ത[6] നൂററി-
ക്കൊല്ലിയെൻറിവ നിറുത്തിക്കൊട്ടപ്പമാണ്ടിരിപ്പുതേഴും[7].

ഇലങ്ക ചുഴൻറുള്ള കിടങ്ങ്–ലങ്കയെ ചുററിയിരിക്കുന്ന കിടങ്ങുകൾ, ഇടം കൊണ്ടു്–വിസ്താരം ഏററയുള്ളതാണു്, കീഴ്ഒട്ടക്കം ഏതുമില്ല–ആഴത്തിനു് അവധിയില്ല, ഇടവിടാതെ – നിരന്തരമായി, ഇട കലർന്തു്–കൂടിക്കലർന്നു്, നല്ല വാൾ, കുന്തം, ചൂലം–ശൂലം, നറുന്തെളി കടൈന്ത–നല്ലപോലെ തെളിയെ കടഞ്ഞിട്ടുള്ള, നൂററിക്കൊല്ലി–നൂറുപേരെ ഒരുമിച്ചു കൊല്ലുന്ന (ശതഘ്നി എന്ന) ആയുധം; എൻറിവ നിറുത്തി–എന്നിങ്ങനെയുള്ള ആയുധങ്ങൾ സ്ഥാപിച്ചു്, കൊട്ടപ്പമാണ്ടു്–ഭയങ്കരമായിരിക്കുന്ന, ഏഴും ഇരിപ്പുതു്–ഏഴു് (കിടങ്ങുകളും) സ്ഥിതിചെയ്യുന്നു, എന്നു്, അവൻ–ഹനുമാൻ, ചൊല്ലിനാൻ–പറഞ്ഞു.

---

1. ഇലങ്ക ചൂഴുള്ള–ഖ. 2. കിടങ്ങിടം കണ്ടില്ല–ക. 3. കീഴൊട്ടമല്ലം–ക കീഴൊട്ടക്കമെങ്കും–ഖ. ഗ. ഇടകലർന്തിടയിലെങ്കും–ങ. ഇടകലന്തിടവിടാതെ ഉ. 4. ഇടയിടാതെ–ക. ഖ. ഗ. 5. നല്ലവാൾ പരച ചൂലം–ക. 6. നറുന്തെളി കടയിന്തു നൂററി–ക. നറുന്തെളികടെഞ്ഞു നൂററി–ഖ, നറുന്തെളി കടന്ത–ങ. 7. ഇരിപ്പിതേഴു–ഖ. ഗ,

## 6

[1]ഏഴിനമുള്ള [2]കടപ്പാനിയന്തിരപ്പാലം [3]ചുററും,
[4]കീഴരുമവ [5]നിനൈന്താൽ കേവലം [6]പകയോരെല്ലാം;
[7]കോഴയററത്തു കിഴക്കിൻ കോപുരം കാപ്പാൻ നില്പർ
[8]ഊഴിയെയുലെക്കാം വീരർ ഒരു പതിനായിരം കാൺ.

ഏഴിനം—ഏഴു കിടങ്ങുകളുംകൂം, കടപ്പാൻ—കടക്കുന്നതിനു്, ചുററും, ഇയന്തിരപ്പാലം—യന്ത്രം ഘടിപ്പിച്ച പാലവും, ഉള—ഉണ്ടു്. അവ—അങ്ങനെയുള്ള കിടങ്ങുകൾ നിനൈന്താൽ — വിചാരിച്ചാൽ, പകയോരെല്ലാം—ശത്രുക്കൾ എല്ലാവരും, കേവലം, കീഴരും—കീഴടങ്ങിപ്പോകും (അല്ലാതെയും) കിഴക്കിൻ കോപുരം കാപ്പാൻ—ലങ്കാനഗരത്തിന്റെ കിഴക്കേ ഗോപുരവാതിൽ കാത്തുരക്ഷിക്കാൻ, കോഴയററത്തു്—ഭയം എന്നതു് അറിയാത്തവരായി, ഊഴിയെയുലെക്കാം വീരർ—ഭൂമിയെ നടുക്കുന്നതിനു സാമത്ഥ്യമുള്ള വീരന്മാർ, ഒരുപതിനായിരം നില്പർ—ഒരു പതിനായിരം പേർ നില്ക്കുന്നുണ്ടു്, (എന്നു്) കാൺ—അറിഞ്ഞുകൊണ്ടാലും.

## 7

ഒരു പതിനായിരത്തോടൊരുത്തനേ പോർ [9]ചെയ്യാവ-
തിരുപതിനായിരം തെക്കിരട്ടിയുണ്ടതിൽ [10]വടക്കോ
[11]മുരണൊട്ടു കാപ്പാൻ ചെമ്മേ മുപ്പതിനായിരം വൻ-
[12]പരവയും കലക്കാം വീരർ [13]പച്ചിമതിചയുള്ളേത്തും.

---

1. ഏഴിനമുളെ—'ഉള' എന്നതിനു് 'ഉള്ളേ' എന്നു് ചിലർ അത്ഥം പറയുന്നു പാലം അകത്തേക്കും പുറത്തേക്കും കടപ്പാൻ ഉള്ളതായതുകൊണ്ടു് ("കുഴായന്ത്രപ്പാലാദികാം" ഭാരതമാല, ശാന്തിപവ്വം—58) ഇവിടെ ഉണ്ടു് എന്ന അത്ഥം സ്വീകരിച്ചിരിക്കുന്നു

2. കടപ്പാനെന്തിരപ്പാലം—ക. 3. തന്നെ—ഗ, 4. കീഴരും—ഖ. 5. നിനന്താൽ—ഉ
6. പകയോക്കെല്ലാം—ഖ. പകയരെല്ലാം—ങ. 7. കോഴയററിന കിഴക്കൻ. കാപുരം നിയതം കാപ്പാൻ ഊഴിയെ—ക.
,, ... ... .... .... കോചുരം നിയതം കാപ്പാൻ ഊഴിയെ—ഗ
,, — — — — കിഴക്കിൻഗോപുരം —ഖ. ച. കോഴയെൻറി—ങ.
8. ഊഴിയെക്കലക്കാം വീരർ — ഖ. ഗ. ങ. നില്പതുഴിയെക്കലയ്ക്കാം വീരർ—ഉ.
9, ചെയ്യാമതിരു— ഖ. ഗ. 10. വടക്ക—ഖ. ഗ. അതിൻ വടക്കോ ഉ.
11. മുരടിനട്ടുകാപ്പാൻ—ക. 12. പരവയും കുലക്കാം—ഉ. പരവയും കലെക്കും—ഗ. പരവയെക്കലയ്ക്കുംവണ്ണം പച്ചിമ. ങ. 13 തിചയുള്ളേടം—ക. തിചയുളേവും—ഗ. തിചയുള്ളേത്തും—ഉ.

ഒരു പതിനായിരത്തോട് ഒരുത്തനേ—പതിനായിരം പേരോട് ഒരാൾക്കു തന്നേ പോർചെയ്യുമവതു—യുദ്ധം ചെയ്യാൻ കഴിയും (ശത്രുവിനു കൂട്ടമായി പ്രവേശിക്കാൻ സാധിക്കാത്ത വിധത്തിലാണ് ഗോപുരവാതിൽ നിർമ്മിച്ചിരിക്കുന്നതെന്നർത്ഥം), അങ്ങനെ ഇരുപതിനായിരം (വീരർ) തെക്കു—തെക്കേ ഗോപുരം കാക്കുന്നവരായിട്ടുണ്ട്. വടക്കോ—വടക്കേ ഗോപുരത്തിലാണെങ്കിൽ, അതിൽ ഇരട്ടി—നാല്പതിനായിരം വീരർ ഒരണൊട്ടു—ബലമായി, കാപ്പാൻ—രക്ഷിക്കുന്നതിന്, ഉണ്ട്. വൻപരവയും കലക്കാം വീരർ—മഹാസമുദ്രത്തെയും ഇളക്കി മറിക്കാൻ കഴിവുള്ള വീരർ, മുപ്പതിനായിരം പേർ പടിഞ്ഞാറെഭിക്കിലും ഉണ്ട്.

## 8

തിചകളിലേതിൽ പാതി തിണ്മചേർ നടുവു കാപ്പാൻ,
[1] മചകറയതിലിരട്ടി മന്തിരചാല കാപ്പാൻ,
[2] കുചൽമികുംമയനാചാരി കുവേരനു ചമൈത്ത കോയിൽ
[3] തെചമുകനിരിപ്പതെൻറാൽ [4] ചമയമാരതിനുരൈപ്പോർ?

തിചകളിലേതിൽപാതി—നാലു ഭിക്കുകളിലുമുള്ള ഗോപുരം കാക്കുന്നവരുടെ സംഖ്യയിൽ (ഒരുലക്ഷത്തിൽ), പകുതി—അൻപതിനായിരം പേർ, തിണ്മചേർ നടുവു കാപ്പാൻ—ശക്തമായ മധ്യഭാഗം കാക്കുന്നുണ്ട്; അതിലിരട്ടി—ലക്ഷംപേർ, മചകറ—ഉണർവ്വോടെ, (മചകം=മയക്കം, അറ=ഇല്ലാതെ) മന്തിരചാല കാപ്പാൻ—മന്ത്രശാല കാക്കുവാനുണ്ട്, കുചൽ മികും=കൗശലമുള്ള, മയനാചാരി—മയൻ എന്ന അസുരശില്പി, കുവേരന്—കുബേരന്, ചമൈത്ത കോയിൽ—നിർമ്മിച്ച കൊട്ടാരം (അവിടെയാണ്) തെചമുകൻ ഇരിപ്പതു്—രാവണൻ താമസിക്കുന്നതു്, എൻറാൽ—എന്നാൽ അതിനു ചമയം—അതിനുള്ള അലങ്കാരങ്ങളെക്കുറിച്ച് ഉരൈപ്പോർ—പറയാൻ കഴിയുന്നവർ, ആർ—ആരാണുള്ളതു്?

---

1. മചകറെയതിൽ-ങ. മചകരായതിലിരട്ടി—ച. .
2. കുവൽമികും തേവാചാര്യർ കുവരനു ചമത്ത കോയിൽ—ക, കുചൽമികുമമരാചാരി കുവേരനു ചമച്ച —ഖ, കചൽമികുമമരാചാരി കുവെരനു ചമെത്ത കോയിൽ—ഗ. ങ. കുചൽചികും മയനാചാരി-ഉ. 3. തെയമുകനിരപ്പതെൻറാൽ ചരിതമാരതിനുരപ്പോർ—ക. തെയമുക—ങ, തചമുകൻ—ഉ. 4. ചരിതമാരതിനുരെപ്പോർ— ങ. ച.

## 9

ഉരൈപ്പതാർ കണ്ടു[1] മീണ്ടോരുവതിയും നകരിതന്നിൽ
ഇരിപ്പവർപെരിപ്പ[2]മെല്ലാമിടകലർന്തിടവിടാതെ[3]
നിരക്കൊരോ പാടേ ചാട്ടം[4] നിചാചരർപെരിപ്പം[5] പിന്നെ-
യുരൈക്കലാമതിൽക്കു[6]മീതെയുഴറിയൊൻറുരൈപ്പൻ[7] വീരാ.

ഉരുതിയും-ശക്തിയും, നകരിതന്നിൽ-ലങ്കാനഗരത്തിൽ, ഇടകലർന്തിടവിടാതെ ഇരിപ്പവർ പെരിപ്പം-ഇടതിങ്ങിത്താമസിക്കുന്ന രാക്ഷസരുടെ ആധിക്യവും, എല്ലാം, കണ്ടുമീണ്ടോർ-കണ്ടു മടങ്ങിവന്നവർ (ആയിട്ട്), ഉരൈപ്പതാർ-പറയാൻ സാധിക്കുന്നവർ ആരാണ്? (ആർക്കും സാധിക്കയില്ല എന്നു അർത്ഥം), പിന്നെ-എന്നാൽ. നിരക്കൊരോ പാടേ ചാട്ടം-നിരക്കെ ഓരോ വഴിയ്ക്കും ചാടുന്ന, നിചാചരർ പെരിപ്പം-രാക്ഷസരുടെ പെരുപ്പം, ഉരൈക്കലാം-പറയാവുന്നതാണ് (എന്നാൽ) വീരാ!, അതില്ക്കുമീതേ-അതിനുമുൻപായിട്ട്, ഉഴറി-പെട്ടെന്ന്, ഒൻറ് ഉരൈപ്പൻ-ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ.

## 10

വീരർതൻമണിവിളക്കേ! മെൻമൊഴിയാളെക്കാൺമാൻ[8]
ആരെനക്കുതകുവോരെൻറകമഴൻറുഴൻറ നേരം[9]
താരിടൈമണം പുണർന്തു[10] തരുനിര തടൈന്തു[11] പോന്ത
മാരുതതേവൻ വന്തു വഴിയിതെൻററുളിച്ചെയ്താൻ.

---

1. കണ്ടുമീണ്ടോൽ ഉരുതിയും-ങ, മീണ്ടോരുവതിയും-ച. ഉരുതിയാം-ക.
2. പെരിപ്പം പിന്നെ-ക. പെരിപ്പമെങ്കും-ഖ. പെരിപ്പമെൻറാൽ-ച. പെരിപ്പമെല്ലാമിതമെഴെയിടയിടാതെ-ങ. പെരിപ്പമെല്ലാമിതമെഴെയിടവിടാതെ-ഗ.
3. ഇടയിടാതെ-ക. ഖ. ഇടകലന്തിടവിടാതെ — ഉ.
4. പാട്ടുചാട്ടം-ക. 5. നിചാചരർ പെരുമയെല്ലാം-ഖ.
6. ഉരൈക്കലാമവിടംമുന്നലുഴറി-ഉ. ഉരൈക്കലാം അതിനുമുന്നേയുഴറി-ഖ. ഉരൈക്കലാമതിനുമേലൊൻറുഴറി-ഗ. ഉരയ്ക്കെല്ലാമതിനുമതലൊൻറുമുഴറിയൊൻറു-രപ്പൻ വീര-ങ. ഉരയ്ക്കലാമവിടം നിന്നോട്ടുഴറിയൊൻറുരൈപ്പൻ — ച.
7. ഒൻറുരെക്കാം വീരാ-ഖ. ഒൻറുരപ്പൻ വീരാ-ച. 8. വേൽമൊഴിയാളെക്കാ-ണ്മാൻ-ക. 9. അകമുഴന്നുഴന്തനേരം-ക. 10. പുണർന്ത-ഖ. ചിണൈന്തു-ങ, 11. തരുനിര തടയെപ്പായ്ന്ത-ഖ. തടൈന്തു പായ്ന്ത-ക. ഉ.

വീർതൻമണിവിളക്കേ—വീരന്മാരിൽ രത്നദീപം പോലെ പ്രകാശിക്കുന്നോവേ! മെന്മൊഴിയാളെക്കാണ്മാൻ—മൃദുഭാഷിണിയായ സീതാദേവിയെ കാണുന്നതിനു്, എനക്കു്—എനിക്കു്, ഉതവുവാർ — സഹായിക്കുന്നവർ, ആർ—ആരാണുള്ളതു്, എൻറു്—എന്നു്. അകം അഴൻറുഴൻറ നേരം—മനസ്സു വേദനിച്ചു ചുററിനടന്നപ്പോൾ, അഥവാ മനസ്സു വളരെ ദുഃഖിച്ചപ്പോൾ. താരിടൈ മണം പുണർന്തു—പുഷ്പങ്ങളിൽ നിന്നുള്ള സുഗന്ധം വഹിച്ചുകൊണ്ടു്, തരുനിര തടൈന്തു പോന്ത — വൃക്ഷങ്ങളിൽ തടഞ്ഞു മന്ദമായി വീശിയ, മാരുതദേവൻ—വായുദേവൻ, വന്തു, വഴിയിതെൻറരുളിച്ചെയ്താൻ—ഇതാണു വഴി എന്നു കല്പിച്ചു പറഞ്ഞുതന്നു.

## 11

അരുളാൽ[1] ചെയ്ത വഴിയേ പോയ് നല്ലശോകമാവനിക പുക്കു

നിര പലവായ്ച്ചൂഴൻറ നിശാചരിമാർക്കുമുള്ളിൽ

ഒരു പെരുമരമതിൻകീഴ്[2] ഉടൽ പൊടിയണിന്തു കുമ്പി—

ട്ടരുവയർമണിയെക്കണ്ടേ[3]നകലവേയിരുന്തവാറു[4].

അരുളാൽ ചെയ്ത വഴിയേ പോയ്—മാരുതദേവൻ സൂചിപ്പിച്ചു (കാററുവീശിയ) വഴിയേ ചെന്നു്, നല്ലശോകമാവനിക പുക്കു—നന്നായി തഴച്ചിരിക്കുന്ന അശോകമാവനികയിൽ എത്തി, നിര പലവായ്ച്ചൂഴൻറ—പല നിരയായിട്ടു് ചുററിയിരുന്ന, നിശാചരിമാർക്കുമുള്ളിൽ—രാക്ഷസിമാർക്കു നടുക്കു്, ഒരു പെരുമരമതിൻകീഴ്—ഒരു വലിയ വൃക്ഷത്തിന്റെ ചുവട്ടിൽ, ഉടൽ പൊടിയണിന്തു—ശരീരം മുഴുവനും പൊടി പററി, കുമ്പിട്ടു്—അധോമുഖിയായിരുന്ന, അരുവയർമണിയെ—സുന്ദരീരത്നമായ സീതാദേവിയെ, അകലവേയിരുന്തവാറു—അകലെ ഇരിക്കുന്നതായി, കണ്ടേൻ—ഞാൻ കണ്ടു.

## മൂന്നാം വൃത്തം

ഇരുന്തവണ്ണമേ[5] ഇരുൾ[6] മറൈന്തിതിടത്തുര—

പ്പുരന്തു[7] കുടയും തഴയും വെൺചവരി മററും

കരന്തു[8] മടവാർ തുതി ചെയ്യുക്കനിവിൽ വന്താൻ

ഇരുണ്ട[9] മുകിൽപോലെഴുമിരാവണനിത്തത്താൽ.

---

1. പോയി മെല്ലശോകമാം വനിക പുക്കു—ക. നല്ലശോകവനികാ പുക്കു—ഖ. മെല്ലശോകവനിക പുക്കു—ഗ. 2. കീഴിലുടൻ—ക. കീഴുടൻ—ഉ. 3. കണ്ടിട്ടകലവേയിരുന്തവാറും—ക. കണ്ടേൻ അരികവേയിരുന്തവാറും—ഖ. 4. വാറും—ഗ. ങ. ച. ഉ. 5. ഇരിന്ത—ങ. 6. ഇരിൾ—ച. 7. പ്പുരന്തപടയും കുടയും വെൺ—ഗ. ഉ. 8. കരന്ത—ഖ. ഗ. ങ. 9. ഇരിണ്ട — ക. ങ. ച.

ഇരുന്തവണ്ണമേ–ഞാൻ അങ്ങനെ ഇരുന്നപ്പോൾ തന്നെ, ഇരുൾ മറൈന്തീരു–ഇരുൾമാറി, ഇടത്തുരപ്പരന്ത കുടയും–ഇടതിങ്ങി പരന്ന വെൺകൊററക്കുടയും, തഴയും–കൊടിക്കൂറയും, വെൺചവരി മറവും–വെൺചാമരവും മറവും, കരന്തു്–മറച്ചിട്ടു്–മാററിനിവൎത്തിയിട്ടു്, കരഞ്ഞു എന്നു് ഒരു വ്യാഖ്യാനത്തിൽ കാണുന്നതു സമഞ്ജസമായി തോന്നുന്നില്ല. ഇരുണ്ട മുകിൽപോലെഴും ഇരാവണൻ–കാർമേഘം പോലെയുള്ള രാവണൻ, മടവാർ ഉതിചെയ്യ–സ്ത്രീകൾ(രാക്ഷസിമാർ) സ്തുതിക്കവെ, കനിവിൽ ഇതത്താൻ വന്താൻ–സന്തോഷത്തോടുകൂടി വന്നു

## 2

ഇതത്തൊടവൻ വന്ത[1]ണൈഞ്ഞിമൈപ്പതിന മുന്നേ
കുതിത്തു[2] മറന്തേൻ[3] കുളിരിളംതളിരിടൈപ്പോയ്[4]
പതത്തളിരിൽ വീണു പതറിക്കലഞ്ഞു ചാലെ
ത്തുതിത്തു[5] പിന്നെ നാലു വഴിയും തൊഴുതു ചൊന്നാൻ.

അവൻ ഇതത്തൊടു വന്തണൈഞ്ഞു്–ആ രാവണൻ സന്തോഷത്തോടു കൂടി അവിടെ വന്നെത്തി ഇമൈപ്പതിന മുന്നേ—ക്ഷണനേരംകൊണ്ടു്, കുതിത്തു കുളിരിളം തളിരിടൈപ്പോയ് മറന്തേൻ—കുതിച്ചു് കുളിൎമ്മയുള്ള ഇളം തളിരുകളുടെ ഇടയിൽ ചെന്നു ഞാൻ മറഞ്ഞു നിന്നു. (അപ്പോൾ രാവണൻ), പതത്തളിരിൽ–തളിർപോലെയുള്ള പാദത്തിൽ, വീണു്, പതറിക്കലഞ്ഞു–പരിഭ്രമിച്ചു, ചാലെത്തുതിത്തു–ഭംഗിയായി സ്തുതിച്ചു, തൊഴുതു നാലു വഴിയും ചൊന്നാൻ–തൊഴുതു കൊണ്ടു നാനാവിധമായും പറഞ്ഞു.

## 3

ചൊന്നവ പഴിത്തൊരു[6] ചൊല്ലാലുരചെയ്യാലൊ-
ന്റന്നനടൈയാൾ, പിന്നെയതുക്ക[7] ചിനമീടി
നിന്നുടൽ പിളന്തു നിണവും പരുകിയിപ്പോ-[8]
തെന്നിടർ കെട്ടപ്പൻ[9] ഇനിയെൻറവനണൈന്താൻ.

---

1. വന്തളവിമൈപ്പതിനു്–ഖ. 2. കുതിച്ചു–ഖ. ഉ. 3, മറന്തേൻ–ഖ, ഗ ഉ
4. തളിരിഴ–ക. 5. തുതിച്ചു–ഉ.. 6. പഴിച്ചൊരു–ഖ. 7, പിന്നെയതിൽക്ക–ഗ. പിന്നെയതൽക്ക–ഖ. ങ., വിനൈയതുക്ക–ച.
8. ഇപ്പോഴെന്നിടർ–ഖ, ഗ. 9. കെട്ടപ്പതിനി–ഗ.

ചൊന്നവ പഴിത്തു—രാവണൻ പറഞ്ഞതിനെ നിന്ദിച്ച്, ഒരു ചൊല്ലാൽ—ഒരു വാക്കുകൊണ്ട്, അന്നനടൈയാൾ ഒൻറു ഉരചെയ്താൾ—സീതാദേവി ഒന്നു പറഞ്ഞു. (സീത രാവണന്റെ അപേക്ഷയെ ഒരു വാക്കുകൊണ്ടു തിരസ്കരിച്ചു എന്നുഭാവം,) പിന്നെയതുക്ക്—സീതയുടെ മറുപടി കേട്ട്, ചിനമീടി—കോപം വർദ്ധിച്ചു, ഇനി ഇപ്പോതു്—ഇപ്പോൾ, നിനുടൽ പിളന്തു—നിന്റെ ശരീരം കീറി, നിണവും പരുകി—ചോരയും കുടിച്ചിട്ട്, എന്നിപ്പടർ കെടുവൻ—എന്റെ ദുഃഖം ഇല്ലാതാക്കും, എൻറു—എന്നു പറഞ്ഞ്, അവൻ—രാവണൻ, അണൈന്താൻ—അടുത്തുചെന്നു.

## 4

അണൈന്ത കരവാൾ[1] തിരുവുടമ്പിലമിഴും മുൻ
കുണങ്കിളർ നിചാചരി കുതിത്തു പിടിപെട്ടാൾ
[2] മണം തകും മലർക്കുഴൽ മടന്തയരെല്ലാരും
[3] വണങ്ക മതമീടി നടകൊണ്ടവൻ മറൈന്താൻ.

അണൈന്ത കരവാൾ—വെട്ടാനായിട്ട് എടുത്ത രാവണന്റെ കൈവാൾ, തിരുവുടമ്പിൽ അമിഴുംമുൻ—സീതാദേവിയുടെ തിരുവുടലിൽ താഴുന്നതിനുമുമ്പ്, കുണംകിളർ നിചാചരി—ഗുണമേറിയ രാക്ഷസി—മണ്ഡോദരി; കുതിത്തു പിടിപെട്ടാൾ—ചാടിപ്പിടിച്ചു. (ഉടനെ), മണം തകും മലർക്കുഴൽ മടന്തയരെല്ലാരും—മണമുള്ള മലർ ചൂടിയ മുടിയോടുകൂടിയ സുന്ദരിമാർ എല്ലാവരും, വണങ്ക—വണങ്ങവേ—നമസ്കരിക്കവേ, അവൻ മതമീടി നടകൊണ്ടു മറൈന്താൻ—രാവണൻ മദമേറിയവനായിട്ടു നടന്നു മറഞ്ഞു.

## 5

[4] മറൈന്തനനരക്കൻ വളർചൂലങ്ങളും വാളും
[5] നിറന്തന ചുഴൻറാഴും നിചാചരികൾ [6] കൈയ്യിൽ;
പറൈന്തുതുടങ്ങീ ചിലർ [7] നിന്നൈപ്പിരിഞ്ഞതിൽപ്പിൻ
മറന്തനൻ ഇരാമനിങ്ങു [8] വൻറിതുമില്ലെൻറും.

അരക്കൻ—രാക്ഷസൻ — രാവണൻ മറൈന്തനൻ—മറഞ്ഞു. ചുഴൻറാഴും—ചുറ്റും നിന്ന, നിശാചരിമാരുടെ കൈയ്യിൽ വളർചൂലങ്ങളും — വലിയ ശൂലങ്ങളും, വാളും, നിറന്തന—നിറഞ്ഞു. അവരിൽ ചിലർ, (ദേവിയോട്) നിന്നെപ്പിരിഞ്ഞതിൽപിൻ—പിന്നെ, ഇരാമൻ മറന്തനൻ—രാമൻ നിന്നെ മറന്നുപോയി. ഇങ്ങു വൻറിതുമില്ല—ഇങ്ങു വന്നതും ഇല്ല, എൻറും—എന്നും മററും, പറൈന്തു തുടങ്ങി—പറഞ്ഞു തുടങ്ങി

---

1. നിചാചരികളൊത്തു പിടിപെട്ടാർ—ഖ നിശാചരികളെത്തു — ഉ,
2. മണംകിളർ മലർക്കുഴൽ—ഖ. മണംതകു മലർക്കുഴൽ—ഗ 3. വണങ്കി—ഖ,
4. മറൈന്തനരക്കർ—ച. 5. നിറന്തനർ—ഖ. ഗ. നിറന്തന ചൂഴും നിചാചരികൾ—ങ 6. കൈക്കുള്ളാൽ — ക. 7. നിന്നൈക്കളഞ്ഞതിൽപിൻ — ച. ഉ.
8. വൻറതുമില്ലെൻറും—ങ. വന്തതുമില്ലെൻറും—ഉ,

## 6

എൻറുമിനി നിങ്ങളിലണഞ്ഞിണങ്ങി വാരാ

മൻറിലുയിരോടവന[1] വാഴ്വില്ല നീണാൾ

വെൻറികിളർനാട്ട വെറുതേ കളഞ്ഞുപോന്നാൻ[2]

എൻറു[3]മെളിയോൻ[4] പെരികെ[5]യെന്തതിന മൂലം.?

ഇനി എൻറം–ഇനി ഒരിക്കലും, നിങ്ങളിൽ– നിങ്ങൾ തമ്മിൽ, അണഞ്ഞിണങ്ങി,–ഒന്നിച്ചിണങ്ങിച്ചേൎന്ന, വാരാ–വരികയില്ല, മൻറിൽ–മന്നിൽ, അവന്–രാമന്, ഉയിരോടെ–ജീവനോടെ, നീണാൾ വാഴ്വില്ല–വളരെനാൾ വാഴ്കയുമില്ല. വെൻറികിളർനാട്ട – വിജയം കിളൎന്ന–വിജയോൽകർഷമുള്ള (അയോദ്ധ്യാ) രാജ്യം വെറുതേകളഞ്ഞു– കാരണം കൂടാതെ കളഞ്ഞിട്ട്, പോന്നാൻ–പോന്നു, എൻറം എളിയോൻ–എപ്പോഴും നിസ്സാരൻ തന്നെ. (കാരണം കൂടാതെ അയോദ്ധ്യ ഉപേക്ഷിച്ചതു രാമൻ അന്നേ നിസ്സാരനായതുകൊണ്ടാണെന്ന ഭാവം.) അല്ലെങ്കിൽ, അതിന്–അങ്ങനെ ഉപേക്ഷിക്കാൻ, പെരികെ മൂലം എന്ത്–വലിയ കാരണം എന്താണ്?

## 7

മൂലമില്ല മു[6]ന്നമിന്നിചാചരവരന്മാർ

ചാല വെടിവാനവനതോ ചരത[7]മെന്നും

കാലമിടയിട്ടറിയലാം[8] കഴിഞ്ഞതെല്ലാം[9]

നീലനയനേ! നില നി[10]നക്കിത ചൊല്ലിടേൻറാം.

ഇന്നിചാചരവരന്മാർ–ഈ രാക്ഷസശ്രേഷ്ഠന്മാർ. ചാല വെടിവാൻ–ഉപേക്ഷിപ്പാൻ–നിന്നെ വിട്ടയയ്ക്കാൻ, മുന്നം–മുൻപ. മൂലമില്ല–കാരണമില്ല, സീതയെ രാക്ഷസന്മാർ വിട്ടയയ്ക്കുമെന്ന കരുതാൻ യാതൊരുകാരണവും ഇല്ല എന്നായിരിക്കാം ആശയം. അവന്–രാമന്, അതോ–അക്കാര്യം, എന്നും, ചരതം–നിശ്ചയമാണ്. (ഈ കാര്യങ്ങൾ) കാലം ഇടയിട്ടറിയലാം–കാലം കഴിഞ്ഞ് അറിയാറാകും, കഴിഞ്ഞതെല്ലാം, നീലനയനേ നില–കഴിഞ്ഞതാണ്; നിനക്കിത ചൊല്ലിടേൻറാം–നിനക്ക ഹിതമായിട്ടുള്ളതു ഞങ്ങൾ പറയുന്ന, ഇതം ചൊല്ലിടേൻറാം എന്നതു് അനുസാരം ലോപിച്ച് ഇത ചൊല്ലിടേൻറാം എന്ന് ആയതായിരിക്കും.

---

1. അവന വാഴ്മില്ല–ഉ. അവന വാഴ്കയുമില്ല–ഗ. വാഴ്വുമില്ല മേനോൾ–ഖ.
2. പോനാൻ–ക. ഉ. 3 അൻറം–ഖ, ങ. 4. എളിയൻ–ക. ഖ. ഗ. ങ
5. പെരിയനെന്തിതിന മൂലം–ക. പെരിയരെന്തതിന മൂലം–ഗ പെരിയതേയിതിന മൂലം–ങ പെരികതേയതിന മൂലം–ഉ· മുന്നമിന്നിചാചരരെയെല്ലാം–ങ, ഉ.
6· നിചാചരരെയെല്ലാം–ഖ. ഗ.7. ചരത്മിന്നം–ഖ. ഗ. ഉ. 8. കാലമിട്ടറികലാം–ക, കാലമിടയിട്ടറിയെല്ലാം–ഖ. 9. കഴിവതെല്ലാം–ഗ. കഴിഞ്ഞവെല്ലാം–ഉ.
10. നിനക്കിത ചൊല്ലിടേൻറം–ഖ. ഗ. ച, നിനക്കിതു ചൊല്ലിടേൻറം–ങ.

[ഈ പദ്യത്തിന്റെ ആശയം വ്യാഖ്യാനങ്ങളിൽ വ്യക്തമായിക്കാണുന്നില്ല. പാഠത്തിനും സാരമായ വ്യത്യാസം കാണുന്നു. രണ്ടു മാതൃകകളിൽ 'ഇന്നിചാചരരെയെല്ലാം' എന്നു കർമ്മവിഭക്തിയിലാണു കാണുന്നതു്. മഹാകവി ഉള്ളൂർ തുടങ്ങിയവരുടെ പാഠം അതാണു്. ശ്രീ. സാംബശിവശാസ്ത്രി പ്രസാധനംചെയ്ത പാഠമാണു് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. 'നിചാചരരെയെല്ലാം' എന്നാകുമ്പോൾ രാക്ഷസികളുടെ വാക്കായി അർത്ഥം കല്പിക്കാൻ വിഷമമാണു്. അല്ലെങ്കിൽ സീത ഇടയിൽ കടന്നു രാക്ഷസിമാരോടു് ഉത്തരം പറയുന്നതായി എടുക്കേണ്ടിവരും. അതിനെക്കാൾ പ്രകൃതത്തിനു് ഇണങ്ങുന്നതു മുകളിൽ കൊടുത്ത അർത്ഥമായതുകൊണ്ടു് അതു സ്വീകരിച്ചിരിക്കുന്നു ]

## 8

ഇൻറുമുതലായിനിയിരാകവനിൽ[1] നിന്ന[2]-
മ്പൊൻറു വളരിൻറതിങ്ങിരാവണനിലാനാൽ
വൻറ പിഴയെന്തു വളർപള്ളിയറ പൂവാൻ[3]
ഇൻറു[4] തുനിഞ്ഞാലിടർ നിനക്കറ നിലൈക്കും[5].

ഇൻറുമുതലായ്—ഇന്നുതൊട്ടു്, ഇനി ഇരാകവനിൽ നിന്നു്—ഇനി രാഘവനിൽ നിന്നു്, അൻപു്—സ്നേഹം, ഒൻറു വളരുന്നതു—വർദ്ധിക്കുന്നതു്, ഇങ്ങു് ഇരാവണനിൽ രാവണനിൽ, ആനാൽ—ആയാൽ, വൻറ പിഴയെന്തു്-വന്ന തെറ്റു് എന്താണു്? ഇതുവരെ രാഘവനിൽ വളന്ന നിന്റെ സ്നേഹം ഇന്നുതൊട്ടു രാവണനിൽ ആയാൽ എന്താണു തെറ്റു്? വളർ—വളന്ന, —നല്ല, പള്ളിയറ പൂവാൻ—(രാവണന്റെ) ശയ്യാഗൃഹത്തിൽ പ്രവേശിക്കാൻ, ഇൻറു്—ഇന്നു്, തുനിഞ്ഞാൽ, നിനക്കു്, ഇടർ—ദുഖം, അറ—നിശ്ശേഷം, നിലൈക്കും—ഇല്ലാതാകും.

## 9

നിലൈക്കയില്ല നിൻ പെരുമയെങ്കിലതിനേതും[6]
ചലിപ്പു വരൊല്ലാ തെയ്‌മുകൻ[7] പിറവി നണ്ണി
പുലത്തിയനു നന്തനനു[8] മൈന്തനിവനെൻറാൽ
കുലത്തിനും[9] നലത്തിനും ഇവനു കുറവുണ്ടോ[10] ?

---

1. ഇൻറുമുതലായെനിയിരാകവനിൽ നീ പിന്നെന്നി വിളയുന്നതെങ്ങു രാവണനിലെന്നാ(ൻറ)ൽ—ക- ഇൻറുമുതലാകിനി—ഖ. ഇന്നു മുതൽ—ഉ. 2. നിന്നമ്പെൻറും വിളയിൻറതങ്ങിരാവ— ഗ, നിന്നൻപെൻറു വളരിൻറ—ങ, നിന്നമ്പൊന്നു—ഉ. 3, പൂവാനന്നു നടന്നാലിടർ നിനക്കിനിലെയിക്കും—ക, പൂവാനെൻറു നടന്നാൽ—ഖ, ഗ, 4, ഇൻറു നടന്താലിടർ—ങ, 5, നിനക്കറന്നിലയ്ക്കും—ങ,
6. യെങ്കിലിതിനേതും—ക. ഖ. 7. തചമുകൻ—ഉ 8. നന്തനനുടെ തനയനായാൽ—ക, 9. കുലത്തിലും നലത്തിലും—ച. 10. ഇവൻ കുറവില്ല—ക, ഖ, ങ ഇവനു കുറവുണ്ടോ—ച.

നിൻപെരുമ–നിന്റെ പെരുമ, നിലയ്ക്കുയില്ല എങ്കിൽ, രാവണനെ സ്വീകരിച്ചാൽ നിന്റെ സ്ഥിതിക്കു കുറവുണ്ടെന്നാണെങ്കിൽ, പറയാം എന്നു ശേഷം. അതിനു്, ആ പെരുമയ്ക്കു്, തെയമുകൻ പിറവി–രാവണന്റെ ജനനം, നണ്ണി–വിചാരിച്ചു്, ഏതും ചലിപ്പു വരൊല്ല–ഇളക്കം വരേണ്ട–മനസ്സിനു് ഇളക്കമുണ്ടാകേണ്ട, ഇവൻ, പുലത്തിയന്ന നന്ദനൻ–പുലസ്ത്യന്റെ മകനു്. മൈന്തൻ–മകൻ, ആണു്. എൻറാൽ–എന്നതുകൊണ്ടു്, ഇവനു്, കുലത്തിനും നലത്തിനും–വംശത്തിനും നന്മയ്ക്കും കുറവുണ്ടോ?

## 10

ഇവന്നു കുറവില്ലയിനി നിമ്മിലിണങ്ങായ്കിൽ
തവം പെരിയ നിന്നുടൽ പിളന്നു[1] ചകലിത്തേ[2]
ഇവണ്ണമെയിടയിടയിവിടെയിരുന്നു തിൻറേ[3]
ചുവന്ന കുരുതിക്കളി തുടർന്നു പരുകിൻറോം.

ഇവന്നു കുറവില്ല–രാവണന്നു ഒരു കുറവും ഇല്ല. ഇനി–മേലാൽ, നിമ്മിൽ–നിങ്ങൾ തമ്മിൽ, ഇണങ്ങായ്കിൽ–യോജിക്കാതിരിക്കുകയാണെങ്കിൽ, തവം പെരിയ നിന്നുടൽ–വലിയ തപസ്വിനിയായ നിന്റെ ശരീരം, പിളന്നു ചകലിത്തേ–പിളന്നു ശകലിച്ചു്–വെട്ടിത്തുണ്ടിച്ചു്, ഇവണ്ണമെ–ഈവിധത്തിൽ തന്നെ, ഞങ്ങൾ ഇവിടെ ഇരുന്നു തന്നെ, ഇടയിടെ–ഇടയ്ക്കിടയ്ക്കു്. തിൻറ–തിന്നുംകൊണ്ടു് (വെള്ളം കുടിക്കുന്നതിനു പകരമായി) ചുവന്ന കുരുതിക്കളി–രക്തക്കുഴമ്പു്, തുടന്നു്, പരുകിൻറോം–കുടിച്ചുതീർക്കും.

## 11

തുടർന്തെൻ മെയ്യിൽ നിങ്ങൾ[4] പല ചൂലങ്ങൾ നടത്തി–
ക്കുതന്നു[5] കുരുതിപ്പുനൽ[6] കുടിക്കിലും എന്നുള്ളം
കൊടുഞ്ചില തരിത്തര ചർക്കോനടിമലർക്കീഴ്[7]
അടൈന്തതു[8] വല്ലാ പിരിവതെൻറിതരും[9] ചെയ്യാം.

---

1. പിളർന്നു–ഗ. 2 ചകലിച്ചേ–ഗ ചകലത്തിവണ്ണമിരുന്നു തിന്നിടയിടെയ ചുവന്ന–ക, ഇവണ്ണമിവിടെയിരുന്നു തിൻറിടയിടെ–ഖ ഗ. ഇവണ്ണമിവിടെയിരുന്നു തിൻറിടയിടയച്ചുവന്ന ....ങ. ഇവണ്ണമിവിടെയിരുന്നു നിന്നിടയിടെ–ഉ. 3. നൽച്ചുവന്ന കുരുതിക്കളി–ഖ കുരുതിപ്പുനൽക്കളി തുടർന്നു പരുകിൻറോം–ഗ.
4. നിങ്ങൾ വളർചൂലങ്ങൾ–ഖ, ഉ. നിങ്ങൾ ചില ചൂലങ്ങൾ–ഗ.
5 കുതന്നു–ഖ. കുടൈന്തു–ഗ. ങ. ഉ, 6. കുരുതിക്കളി കുടിക്കിലും–ഖ. ഉ.
7. മലർക്കീഴിണങ്കുവതല്ലാ–ക. മലർക്കീഴടൈന്തവയെല്ലാം പിരിവതെൻറിയതും ചെയ്താം–ഖ, മലർക്കീഴിടൈന്തതുവെല്ലാം പിൻപരിവതിൻറി തുരചെയ്താം–ഗ. പിരിവതെൻറിതുരചെയ്താം—ഉ. 8. വരാ–ങ, വൊല്ലാ–ഉ. 9, ഉര ചെയ്യാം—ഉ.

തുടർന്തെൻ മെയ്യിൽ— ഇടവിടാതെ എൻെറ ശരീരത്തിൽ, നിങ്ങൾ, പല ശൂലങ്ങൾ—ശൂലങ്ങൾ, നടത്തി—പ്രയോഗിച്ച്, കുതന്നു—കുത്തിക്കീറി, കുരുതിപ്പുനൽ കുടിക്കിലും— ചോരവെള്ളം (ചോര) കുടിച്ചാലും, എന്നുള്ളം—എൻെറ മനസ്സ്, കൊട്ടഞ്ചില തരിത്ത—ഭയങ്കരമായ വില്ലിനെ ധരിച്ചിരിക്കുന്ന, അരചർകോൻ അടിമലർക്കീഴ്—രാജാധിരാജനായ ശ്രീരാമൻെറ പാദപദ്മങ്ങളിൽ, അകമടൈന്തതു— അടഞ്ഞതു—ലയിച്ചതു്, പിരിവതു—വേർപെടുക എന്നതു്, വല്ലാ—കഴിയുകയില്ല—പ്രയസമാന്, എൻറിതു—എന്നിങ്ങനെ, അരുൾ ചെയ്താൾ—പറഞ്ഞു.

## നാലാം വൃത്തം

### 1

പിരിയരുതാത നീയങ്ങനെ[1] പിതാവു വെടിഞ്ഞു നാട്ടം
പിഴകി[2]യെരിഞ്ഞു കാട്ടമുറഞ്ഞു[3] പോന്തവനോടകൻറാൽ[4]
ഉരുകുമല്ലീ നിനക്കുടനുരുക്കരുന്ന്[5] ? വിരുന്നല്ലീ[6] വ-
ന്നൊളിവിലിലങ്ക പുക്കതു് ? പോരും നിൻ തിറം,നില്ക്കതെല്ലാം[7]
ഒരു തുട ഞാങ്ങൾ നിന്നുടൽ വെട്ടിയൊക്കെ നുകന്നി[8]തം പെ-
റവള വിളൈയാട്ടമാട്ടവുതെൻറു ചെൻറണൈയിൻറ[9]നേരം
തിരിചെട[10] കണ്ടുകൊണ്ടു കനാവെല്ലാമറിയിത്ത[11]പോതേ
തിരിഞ്ഞകലും നിചാചരിമാരടങ്ങിയുറങ്ങിനാരേ.

[1. ഇങ്ങനെ. 2. പിഴകിയെരിഞ്ഞു-ഖ, ഗ. ഘ. പിഴകിയിരന്നു (ഉള്ളൂർ) 3, കാട്ടമുറന്നു ക.ങ. 4. പോനവനോടകൻറാൽ ക, പോൻറവനോടകൻറാൽ ഖ ഗ. ങ 5. നിനക്കു നിന്നുരുക്കരുന്നു-ക, 6 വിരയിന്നല്ലി-ക. വിരുന്നല്ലീ താനൊളിയിലിലങ്ക-ഖ. 7. മിക്കതെല്ലാം. ഖ. 8. വെട്ടിയിട്ടുടനങ്ങിതം പെറവള്ള-ഖ. പെറവളയിളയാട്ട-ഗ. ചെറവള്ളവിളയാട്ടമാട്ട തെൻറു ങ. 9. ചെൻറണൻറനേരം.-ഗ. 10. തിരുചെട. 11. കിനാവുതാനറിയിത്തവാറെ. ക, കിനാവു താനറിയിച്ചവാറെ. ഖ. ഗ. ങ.]

പിരിയരുതാത നീ— പിരിയാനാവാത്ത നീ, പിതാവു വെടിഞ്ഞു്— അച്ഛൻ ഉപേക്ഷിച്ച്. നാട്ടം പിഴകി — രാജ്യവും വിട്ട്, എരിഞ്ഞു്—ദുഃഖിച്ച്, കാട്ടം, ഉറഞ്ഞു് — വസിച്ച്, പോന്തവനോട്- പോന്നവനോട്—രാമനോട്, അകൻറാൽ — അകന്നാൽ, നിനക്ക്, ഉടൻ, ഉരുക്കരുന്ന, ഉരുകുമല്ലീ— ഉരുകിപ്പോകും, അല്ല? വന്നൊളിവിൽ-ഒളിച്ചെത്തി, ഇലങ്ക-ലങ്കയിൽ, പുക്കതു്-കയറിയതു്. വിരുന്നല്ലീ-ഒരു പുതുമയല്ല, അഥവാ വിരുന്നുണ്ണപോലെ, സുഖകരമല്ല. അല്ല? പോരും—മതി, നിൻ തിറമെല്ലാം— നിൻെറ സാമർത്ഥ്യമെല്ലാം നില്ക്ക്— അങ്ങിരിക്കട്ടെ.

ഞാങ്ങൾ—ഞങ്ങൾ, ഒരു തുട-ഒററത്തവണയായി, നിന്നുടൽ-നിന്റെ ഉടൽ വെട്ടി, ഒക്കെ, നുകർന്നു്-ആസ്വദിച്ചു്, ഇതം പെറവു-ഹിതകരമായ-പ്രീതികരമായ വിളയാട്ടം-കളി, ആട്ടവുതു്-ആടുന്നുണ്ടു്, എൻറു്-എന്നു്, എന്നു പറഞ്ഞുകൊണ്ടു ചെൻറണയിൻറുനേരം-ചെന്നടുക്കുന്ന നേരത്തു്, തിരിചട—ത്രിജട, കണ്ടു കൊണ്ട- കണ്ട, കനാവെല്ലാം—സ്വപ്നമെല്ലാം, അറിയിത്തപോതേ—അറിയിച്ചപ്പോൾ, തിരിഞ്ഞകലും-പിൻതിരിഞ്ഞു പോകുന്ന, നിചാചരിമാർ—നിശാചരിമാർ—രാക്ഷസികൾ, അടങ്ങി മുറങ്ങിനാരേ-(അവർ) ഉറങ്ങി.

2

ഉറങ്ങിനരി[1]ന്നിചാചരിമാരെന്നേടമറി[2]ന്തു താൻ മെ-
[3]ല്ലൊരു തരുചാക താണ്ണു കിടന്നതും കരുതിക്കരത്താൽ,
മുറെമുറെയായി[4] വിതുമ്പി വിതുമ്പി നിൻറതു കണ്ടണൈന്തേൻ[5]
മുടിവു വൻെറാൻറിതെൻറു[6] നിനൈന്തു വീഴ്ന്തു വണങ്കിനേൻ യാൻ
അറിവു വന്നില്ല വാനരമോ നിചാചരർമായമോയെ[7]-
ൻറവിടമെല്ലാവുമിങ്ങുള്ള[8] തുമ്പവും കനിവുററു തേററി[9]
തിറമെഴമാഴിയ[10]ങ്ങു കൊട്ടത്തെട്ടതരുൾചെയ്തു[11] ക്രന്തൽ-
ച്ചെഴമണിയും തരിത്തടിയേൻ തിരി[12]ത്തുടൻ മീണ്ടി[13]തെൻേറ.

[1, ഉറങ്കി-ക ഖ. 2. നിചാചരിമാരമ്മേടമറിന്തു-ക, 3. തന്മേലൊരു-ക 4 മുറമുറയാൽ. ക ഖ. ങ, 5. വരും കണ്ടണൈന്തേൻ-ക. 6. മുടിവു വന്നൊന്നിതെന്നു-ക, മുടിവുവന്നില്ലയെൻറു- ഖ 7. മായമായം-ക. നിചാചരമായമായോ-ഖ .8. മങ്ങുള്ള-ഖ. 9. തെളിവുററു തേററി-ക. ഗ, 10. തിറമുറമാഴി ഖ. 11. കൊട്ടത്തെട്ടതരുൾചെയ്തു.-ഖ 12 കരുതൊട്ടടൻ. തിരിച്ചുടൻ-ഖ തിരിത്തുടൻ-ഗ. 13 വീണ്ടതിങ്ങേ-ഗ. ങ ]

ഇന്നിചാചരിമാർ—ഈ രാക്ഷസികൾ, ഉറങ്ങിനർ—(അവർ) ഉറങ്ങി എന്നേടം—എന്നേടം, എന്ന കാര്യം, അറിന്തു്—അറിഞ്ഞു്, താൻ—സീത, മെല്ലൊരു തരുചാക—ചെറിയ ഒരു തരുശാഖ, താണ്ണു കിടന്ന—താണു കിടന്ന, അതും, കരത്താൽ കരുതി—കൈകൊണ്ടു പിടിച്ചു്, മുറെമുറെയായി—അടിക്കടി, വിതുമ്പിവിതുമ്പി—വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു്, നിൻറതുകണ്ടു്—നിന്നതു കണ്ടു്, അണൈന്തേൻ—(ഞാൻ) അണഞ്ഞു്, മുടിവു വൻെറാൻറിതെൻറു—മുടിവു വന്ന ഒന്നു് ഇതെന്നു് ഇവൾ മരിച്ചുപോയേക്കുന്ന ഒന്നുതന്നെ എന്നു്, നിനൈന്തു്—നിനച്ചു്, യാൻ—ഞാൻ, വീഴ്ന്തു വണങ്കിനേൻ— വീണു വണങ്ങി. വാനരമോ നിചാചരർ മായമോയെൻറു്—വാനരനാണോ രാക്ഷസരുടെ മായാപ്രയോഗമാണോ എന്നു്,- അറിവു വന്നില്ല—നിശ്ചയം വന്നില്ല. അവിടമെല്ലാവും—അവ, വസ്തുകളെല്ലാം

ഇങ്ങുള്ള ഇമ്പവും—ഇവിടെ രാമനുള്ള ദുഃഖവും, കനിവ്—മാധുര്യം, ഉററു്—കലന്നു്—ചേന്നു്, തേററി—ആശ്വസിപ്പിച്ചു്, തിറമെഴും—ഗുണം തികഞ്ഞ ആഴി—തിരുവാഴി, രാമൻെറ അടയാളമോതിരം, അങ്ങു്—സീതയ്ക്കു് കൊടുത്തു് എടുത്തു്—സീതയുടെ മുടിയിൽനിന്നെടുത്തു്, അരുളംചെയ്ത—തന്നരുളിയ, കുന്തൽ ച്ചെഴുമണിയും—(സീതയുടെ) മനോഹരമായ ചൂഡാരത്നവും, തരിത്തു്—ധരിച്ചു്, അടിയേൻ–ദാസനായ ഞാൻ, തിരിന്തു്–തിരിച്ചു്–തിരികെ, ഉടൻ, മീണ്ടു–മടങ്ങി.

3

ഉടനിങ്ങു മീണ്ടു കണ്ടകം മെല്ലെ മെല്ലെയുണർത്തി[1], ഞാനേ-
യൊരുനൊടിയാലിലങ്കയും[2] വല്ലരക്കരെയും പൊടിച്ചെ[3]-
യ്തടിമലർ കുപ്പലാം തിരുവുള്ളമാകില,തെൻറിയേ[4] മ-
ററരികുലവീരർ ചൂഴെഴുന്നള്ളിനാലു, മവണ്ണമാകിൽ[5]
ഇടനില ഃയത്തുമില്ലെളുതായി നമുക്കങ്ങകത്തു[6] പൂകാം[7]
ഇനി[8]യരുതിങ്ങു നാമുമിരുന്നു കേവലമങ്ങങ്ങേനം[9]
കൊടുമ മികും നിചാചരിമാരുടെ നടുവെയിരുന്ന[10]-
ക്കുറവുയിർ, പോററി! പോററരുതെൻറു[11] തോററം വരേണ്ടുവൊൻറ.

[1. ഉടനങ്ങു വീണ്ടുകൊണ്ടതുമെല്ലമെല്ലയുണർന്തു–ഖ. വീണ്ടുകൊണ്ടമമെല്ലെ മെല്ലെയുണത്തും – ഗ; മീണ്ടുകണ്ടമ മെല്ലെമെല്ലെയുണർന്തു ങ,. 2. നൊടിയിലിലങ്കയും –ഗ. 3. പൊടിചെയ്തടിമലർ, – ഗ 4. തിരുവുള്ളമായിലതെൻറിയേ- ഗ, 5 – – –ല്യമതെയല്ലാകിൽ –ഗ. 6. നമക്ക – – . ഖ. ഗ. 7. പൂകാൻ–ക , പൂവാൻ–ങ. 8. എനി–ക. 9. കേവലമങ്ങങ്ങാല്യം—ക. കേവലമങ്ങങ്ങാനം,—ഗ. 10. നടുവെയിരിന്നാൽ. ക. 11. പോററമതെൻറു—ഖ· ങ ]

ഉടനിങ്ങുമീണ്ടു–ഉടൻ ഇവിടെ തിരിച്ചെത്തി, കണ്ടു്, അകം– ഉള്ളു് മെല്ലെമെല്ലെയുണത്തി ഞാനേ–ഞാൻ തന്നെ, ഒരു നൊടിയാൽ–ഒരു നൊടിയിടയിൽ, ഇലങ്കയും–ലങ്കയെയും, വല്ലരക്കരെയും–ബലിഷ്ഠരായ രാക്ഷസന്മാരെയും, തിരുവുള്ളമാകിൽ–ശ്രീരാമന സമ്മതമെങ്കിൽ–അദ്ദേഹം അങ്ങനെ കല്പിക്കുന്നെങ്കിൽ, പൊടിച്ചെയ്തു്–പൊടിയാക്കി, അടിമലർ–പാദപത്മങ്ങൾ, കുപ്പലാം–വണങ്ങാം; അതെൻറിയേ–അതല്ലെങ്കിൽ, മററു്, അരികുലവീരർ–വാനരവീരന്മാർ ചൂഴ–ചൂഴ്ന്നു്, (ചുററപ്പെട്ടു്), എഴുന്നള്ളിനാലും–എഴുന്നെള്ളിപ്പുറപ്പെട്ടാലും. അവണ്ണമാകിൽ – അങ്ങനെയായാൽ, ഇടനില – തടസ്സം, ഏതുമില്ല– ഒട്ടുമില്ല, എളുതായി–എളുപ്പം. നമുക്കു് അങ്ങു്–ലങ്കയിൽ അകത്തു്, പൂകാം–കടക്കാം, ഇനി, നാമും ഇങ്ങു്, ഇരുന്നു്, അരുതു്–പാടില്ല, കേവലം–തീരെ അങ്ങങ്ങേനം–അകലെയായവിടെയാ, കൊടുമ മികും–ഘോരതയേറിയ, നിചാ-

ഖരിമാരുടെ നടുവെ–രാക്ഷസികളുടെ മദ്ധ്യേ, ഇരുന്നു്, അക്കറവുയിർ–ആ ക്ഷയിച്ച പ്രാണൻ, പോററരുതെൻറ്–പോററുക പ്രയാസമാണെന്നു് അഥവാ പുലർത്താനിടയാകരുതെന്നു്, പോററീ–പ്രഭോ, തോററം–വിചാരം; വരവേണം–വരേണ്ടിയിരിക്കുന്നു.

## 4

ഒൻറു നീയുരചെയ്തൊൻറതിനോടു തരമാരൊരുവർ[1] മ–
ററൊൻറു ചൊല്ലുമവരിൻറുലകിൽ[2] വായുതനയാ!
എൻറിവണ്ണമവനോടരികൾ[3] വേന്തനെ വിളി–
ച്ചെന്തു ചെയ്‌വതിനിയെൻറുമരുളിച്ചെയ്തുടനെ[4][5]
നിൻറു നീലനൊടു നിൻ പടയും നീയും വഴി[6] പുക്കിടയിടെ
നിൻറു നിൻറു പഴവും കിഴങ്ങും നല്ല പുനലും[7]
വൻറ വാനരകുലത്തിനിടുകെങ്ങും[8] വഴിമേൽ
വൻറ തുമ്പവുമകററിയുഴറെൻറരുൾ ചെയ്താൻ[9]

[1. ഒന്നുനീയിതുരചെയ്തതിനൊരുത്തരമതാരൊരുവർ.–ക, 2. മറെറാരുവർ ചൊല്ലുമവരാലുലകിൽ.ക, മറെറാൻറുചൊല്ലലുലകിൽ.ഖ.. 3. എന്നിവണ്ണമറിയിത്തരികൾ.ക. എൻറുചൊല്ലിയവനോടരികൾ. ഗ എൻറിവണ്ണമറിയിത്തരികൾ ഗ. 4. വിളിത്തെന്തു. ങ. 5. ചെയ്തരചൻ നിൻറ–ഖ. 6. നീ വഴിമേൽ നിന്നു നിന്നിടയിടെ പഴവും നല്ല പുനലും–ക വഴിപുക്കിടയിൽ.ഗ. 7 പുനലും കിഴങ്ങുനല്ല പഴവും–ഖ. 8 കെങ്കും. ക കെൻറു ഖ. 9 മടക്കി. ങ]

ഹേ! വായുതനയാ! നീ ഉരചെയ്ത ഒൻറു്–പറഞ്ഞൊന്നു്–പറഞ്ഞതു് ഒൻറതു്–ഒത്തതു്തന്നെ ഇതിനൊടു തരം–ഇതിനോടു തുല്യമായി, മററൊൻറു ചൊല്ലുമവർ–മറെറാന്നു പറയുന്നവർ. ഇൻറു്–ഇന്നു്, ഉലകിൽ ആരൊരുവൻ–ആരാണു്?, (ആരുമില്ല) എൻറിവണ്ണമവനോടു്–എന്നിങ്ങനെ ഹനുമാനോടു് (അനന്തരം) അരികൾ–ഹരികളുടെ–വാനരന്മാരുടെ, വേന്തനെ. രാജാവിനെ വിളിച്ചു്, എന്തു് ചെയ്‌വതു് ഇനി, എൻറു–എന്നു, അരുളിച്ചെയ്തു. ഉടനെ–കൂടെ (സുഗ്രീവൻെറ കൂടെ). നിൻറ–നിന്ന, നീലനോടു്, നിൻ പടയും–നിൻെറ സൈന്യവും, നീയും. വഴിപുക്കു്–വഴിയിൽ ചെന്നു ഇടയിടെ – അവിടവിടെ, നിൻറു നിൻറു–നിന്നു നിന്നു്, വാനരകുലത്തിന്നു്. വഴിമേൽ–മാർഗ്ഗമദ്ധ്യേ, വന്ന, തുമ്പവും–ക്ലേശവും, അകററി, എങ്ങും, പഴവും, കിഴങ്ങും നല്ല പുനലും–ശുദ്ധജലവും, ഇടുക–കൊടുക്കുക; (See ' പൊലി ഇടുക"); ഉഴറു്–വേഗമാകട്ടെ, എൻറരുൾ ചെയ്താൻ–എന്നു അദ്ദേഹം) അരുളിച്ചെയ്തു–ആജ്ഞാപിച്ചു.

# 5

അരുൾചെയ്തു പിന്നെ മന്നവർകോനിലക്കണനോടു[1]മൻപി-
ലളവില്ലയാത വാനരവീ[2]രർനായകനോടും വേറെ
അരികുലവീര[3]രോടുമണൈന്തു ചിന്തചെയ്കിൻറ[4] നേര-
ത്തനുപമവെൻറി[5]ചേർ പൊഴുതിൻ കരുത്തിൻ വരത്തു കണ്ടേ[6]
വരപൊരുതോളിൽ വായുവിൻ മൈന്തൻ വന്തന ചെയ്തെ[8]ടുത്താൻ
മനുചർപിരാനെ[9], വാലിതൻ നന്തനൻ[10] മറുവററ തോൾമേൽ[11]
അരചർമണി[12]ക്കിളയനെയൊക്കെടുത്തു നടന്ത നേര-
ത്തമരരെല്ലാ[13]മഴിന്തഴകിൽ പൊഴിന്തനർ പൂവുകൊണ്ടേ.

[1. നോടും തന്നൻപിന്നളവില്ലായാത—ക; നോടും പിന്നളവില്ലയാത ഖ. ഗ, 2 വീരനായകനോട ഗ. വീരനായകരോടും ക. 3. രോട മടുത്തു ക, 4. കാലത്തനുപമ. ഖ, നേരത്തടലിടെ വെന്നി ചേർപൊഴുതും ക, കാലത്തടലടെ വെൻറി—— ങ, 5 പൊഴുതും കരുത്തിൽ വരത്തു ഖ. ഗ. 6. കണ്ടേൽ-ക; കണ്ടോർ. ങ, കണ്ടാൻ. ഖ. ഗ 7. പൊരും തോളിൽ. ക; പൊരുതോളൻ. ഖ-ഗ-ങ 8. വന്നമർ ചെയ്തടുത്താൻ. ഗ. 9 പുരാനെ. ക; മനുചപുരാനെ ഖ, മനിചപുരാനെ ഗ. 10. മൈന്തനും ഖ. 11. തോണ്മേൽ ഖ, ഗ, ങ 12. മണിക്കിളവനെ ക; മണിക്കിളയവനേ. ഗ ങ മണിക്കിളയനെയെടുത്തു നടന്ന—ഗ. 13. അമരരെല്ലാമഴുതഴകിൽ—ഗ.]

അരുൾചെയ്തു പിന്നെ—(മേൽപ്രകാരം) അരുളിച്ചെയ്തതിനു ശേഷം, മന്നവർ, കോൻ—മന്നവരുടെ കോൻ—രാജാക്കന്മാർക്ക രാജാവ്—രാജരാജനായ രാമൻ, ഇലക്കണനോടും—ലക്ഷ്മണനോടും, അൻപിൽ അളവില്ലയാത—ഭക്തിക്ക് അളവററ, വാനരവീരർനായകനോടും—വാനരവീരന്മാരുടെ നായകനായ സുഗ്രീവനോടും, വേറെ അരികുലവീരരൊടും, അണൈന്തു—അടുത്തു ചേർന്ന്, ചിന്തചെയ്കിൻറ നേരത്ത്—ആലോചിക്കുമ്പോൾ, അനുപമവെൻറി—അതുല്യമായ വിജയം, ചേർ—ചേർന്ന, പൊഴുതിൻ—സൂര്യൻെറ കരുത്തിൻ വരത്തു മധ്യാഹ്നം ആയതു കണ്ട് (യുക്തോ മുഹൂർത്തോ വിജയ: പ്രാപ്തോ മധ്യം ദിവാകര: എന്നു വാല്മീകി രാമായണം.) കണ്ടേ—ഉഗ്രതയുടെ വരവു കണ്ടിട്ട്, വായുവിൻ മൈന്തൻ—വായുവിൻെറ പുത്രനായ ഹനുമാൻ, വരപൊരുതോളിൽ—മല്ലയോട്ട മല്ലിടുന്ന തോളിൽ, മനുചർ—മനുജരുടെ, മനുഷ്യരുടെ, പിരാനെ—രാജാവിനെ, ശ്രീരാമനെ വന്തന ചെയ്ത്—വന്ദനം ചെയ്ത്, (അവൻ) എടുത്തു, ഒക്ക—ഒപ്പം, വാലിതൻ നന്തനൻ—ബാലിയുടെ പുത്രനായ അംഗദൻ, മറുവററ (മറു+അററ) എതിരററ, തോൾമേൽ—(തൻെറ) തോളിൽ, അരചർമണിക്കിളയനെ—ശ്രീരാമൻെറ അനുജനായ ലക്ഷ്മണനെയും, എടുത്ത്, നടന്തു—നടന്നു. ആ നേരത്ത്, അമരരെല്ലാം—ദേവകൾ എല്ലാം, അഴിന്ത്—അകമഴിഞ്ഞ്, പൂവുകൊണ്ടേ, പൊഴിന്തനർ (അവർ) പൊഴിഞ്ഞു—പൊഴിച്ചു

പൊഴിയും മലർച്ചെഴും തെളി ചാടിയോടിവരിൻറതോടും
പുവിയിലെഴുന്തു പോന്തു വളർന്തു വാനൊടു[1] മുട്ടുമാറും
പഴമുനിമാർ മനം[2] കനിവുററ തേററി യൊരേവഴിക്കേ
പരവ തന്നൊടു ചേർവതിനൊടു[3] വീറകമേറു മാറും,
[4]തഴൈയെന്നുമാറു കാന്തികിളർന്തു പൂത്തു കുളിത്തു തിംക്കും
തരുനിര ചേന്നോരോ[5] വിയരാണ്ടുകൊണ്ടചലങ്ങളും[6] ക-
ണ്ടഴകൊടു പായ്ന്തെഴുന്തലറിത്തിളൈത്തരിവീരരെല്ലാം
അലൈകടലൊടു മുട്ടിനാർ[7] ചെൻറിരാമപിരാന മുൻപാൽ

[1. വാനോളം, ങ. 2. അകം, ഗ. 3. ചേർവതിനേറ ഖ, ചേർവതു നോക്കി വീറകമേറം :- - ഗ. 4. തഴയെന്നമാറുകാന്തി കിളർന്തു പൂത്തു തളിർത്തു നിൽക്കും തരു ഖ-ച; തഴയെന്ന മാറുകാന്തി കിളർന്തു പൂത്തു തളിർത്തു നിൽക്കും തരു ഗ. 'ങ' പാഠം ഖ,പോലെ. തിംക്കും എന്നതിന് തിഴ്ക്കുമെന്നു മാത്രം വ്യത്യാസം. 5 ചെൻറാരോ-ഖ. 6. കൊണ്ടേ-ഗ- 7. മുട്ടിനർ-ഖ. ഗ]

പൊഴിയും-(വനവൃക്ഷങ്ങളിൽ നിന്നും) പൊഴിയുന്ന, ചെഴ്ം-ചെഴിച്ച-ധാരാളമായ, മലർത്തെളി-പൂന്തേൻ, ചാടിയോടി വരിൻറതോടും-ചാടിയോടി വരുന്നതോടുകൂടി, പുവിയിൽ-ഭൂമിയിൽ, എഴുന്തു്-നിന്നു്, പോന്തു്-പുറപ്പെട്ടു്, വാനൊടു മുട്ടുമാറും- ആകാശം മുട്ടെയും, വളർന്തു്-(വെള്ളം)പെരുകി, പഴമുനിമാർ മനം-മാമുനിമാരുടെ മനസ്സു്, കനിവുററ്തേററി-കനിഞ്ഞു് ആശ്വസിപ്പിച്ചു്. ഒരേവഴിക്കേ-ഒരേ ലക്ഷ്യമായി ഒഴുകി (വാനരന്മാരും ആറുകളും സമുദ്രത്തെത്തന്നെ ലക്ഷ്യമാക്കുന്നു എന്ന കല്പന) പരവതന്നൊടു്-സമുദ്രത്തോടു്, ചേർവ്വതിനൊടു, -ചേരുന്നതോടെ, അകം-അകമേ, വീറു്-വീക്കൽ-പെരുപ്പം, ഏറും-ഏറുന്ന ആറും-ആറുകളും, തഴൈയെന്നുമാറു്-പീലിത്തഴപ്പെന്നപോലെ, കാന്തീകിളർന്തു -ഭംഗിയേറി, പൂത്തു്, കുളിത്തു്-ശീതളമായി, തിംക്കും-തിക്കുന്ന-തിങ്ങുന്ന തരുനിര-മരങ്ങൾ ചേന്നു്, ഓരോ-ഓരോ, വിയർ-ചലിപ്പും, ആണ്ടുകൊണ്ട-ഉള്ള അചലങ്ങളും-പർവ്വതങ്ങളും കണ്ടു്, അരിവീരരെല്ലാം-ഹരി വീരരെല്ലാം-വാനരവീരന്മാരെല്ലാം, അഴകൊടു്-നന്നായി,പായ്ന്തെഴുന്തു്-ഓടിച്ചാടി, അലറി,തിളൈത്തു് -മദിച്ചു് ഇരാമപിരാന-ശ്രീരാമദേവന്, മുമ്പാൽ-മുമ്പിൽ-മുൻപേ, ചെൻറു് ചെന്നു്, അലൈകടലൊടു-അലയ്ക്കുന്ന കടലോടു്, അലയാഴിയോടു്, മുട്ടിനാർ-ചേർന്നു. (അവർ)

അലൈകടലോടു മുട്ടിന വീരർ മട്ടലരമ്പനമ്പ-
ററണിമുലമൊട്ടുവട്ടയുവട്ടും മൈതിലി താന്നെ നണ്ണി-

പ്പലവകയും പറൈന്തു പറൈന്തു മാലകമേറ നീറി
പ്പടനടുവേയിരുന്തവൻ മാഴ്കി മൻറിടൈ വീഴ്ന്ത[1] നേരം
മലി പുകൾ ചേരിലക്കണെനററ മാററങ്ങളായ[2] കോരേററൻ
വകവകയേ[3] കൊട്ടുത്തു പണിന്തുണത്തിനവൻ[4] പതങ്കൻ
നിലകുലൈഞ്ഞീണ്ണങ്ങാഴിയിൽ[5] വീണ്ണു താണ്ണതു[6] കണ്ടു വേണ്ടും
ന്യമം മുടിത്തനൻ പുനലൂത്തിരാമപിരാൻ[7] തെളിന്തേ

[ 1. മാഴ്കിമൻറിട വീഴ്ന്തനേരം-ഖ, ങ, മൻറിടെ മീണ്ടനേരം ഗ. ങ മാഠംകിമൻറിടെ വീഴ്ന്തനേരം. ച. 2. ക്രൂററൻ. ഖ. ഗ. മാററങ്ങളാന കോരേററൻ ങ, മാററങ്ങളാന ക്രൂററൻ. ക. 3. വക വകദേ. ക; പല വകയും. ഖ 4. തൊട്ടുത്തു ഗ, കൊട്ടുത്തു ക. ഖ, പണിച്ചുണത്തിനവൻ പതങ്കൻ ഖ,ങ, പണിത്തുണത്തിനവൻ പതങ്കൻ-ച 5 നിലകുലഞ്ഞങ്ങാഴിയിൽ-ഗ; നിലകുലഞ്ഞിണങ്ങാഴിയിൽ ങ 6. വീണതാണതു. ക. 7. പൂരാൻ ഗ. ]

അലൈകടലൊടു മുട്ടിന വീരൻ,-സമുദ്രത്തിലെത്തിയ ശ്രീരാമൻ, അണിമുലമൊട്ട്-മനോഹരമായ മുലമൊട്ട്, വട്ടയുവട്ടം-വൃത്തമൊത്തു പൊങ്ങിവളരുന്ന മൈതിലിതന്നെ നണ്ണി-മൈഥിലിയെ വിചാരിച്ച്, മട്ടലരമ്പൻ- പൂവമ്പൻെറ അമ്പാറ്-കാമാവിഷ്ടനായി, പല വകയും-പലതും, പറൈന്തു പറൈന്തു-പുലമ്പി അകം-മനസ്സ്. മാൽ-ദുഃഖം, ഏറ, നീറി, പടനടുവേ, ഇരുന്ത്-ഇരുന്ന്, മാഴ്കി-വേദനപ്പെട്ട്. മൻറിടെ-മന്നിൽ,വീഴ്ന്ത നേരം-വീണപ്പോൾ, മലി-മലിയുന്ന-നിറയുന്ന, പുകൾ-കീത്തി, ചേർ-ചേന്ന, ഇലക്കണെൻ-ലക്ഷ്മണൻ, മാററങ്ങളായ-മറുസംഭാഷണമാകുന്ന കോരേററൻ-കോൽത്തേൻ-മധുര വാക്കുകൾ, വകവകയേ-പല തരത്തിൽ, കൊട്ടുത്ത്- പറഞ്ഞ്, പണിന്തുണത്തിനാൻ - പണിപ്പെട്ടു ഉണത്തി പതങ്കൻ-പതംഗൻ-സൂര്യൻ, നില കുലൈഞ്ഞു-നിലതെററി, ഇഴ്ണ്ണ്-ഇഴ്ന്ന്-ഊന്ന്, ആഴയിൽ-സമുദ്രത്തിൽ, വീണ്ണ്-വീഴ്ന്ന്,താണ്ണൂ്-താഴ്ന്നത് താണത് കണ്ടു വേണ്ടും-വേണ്ട, നിയമം-സന്ധ്യാവന്ദനം, പുനൽ-വെള്ളം, ഊത്തു തപ്പണം ചെയ്ത്, മുടിത്തനൻ-കഴിച്ച്, ഇരാമപിരാൻ-ശ്രീരാമദേവൻ, തെളിന്തേ തെളിഞ്ഞു-പ്രസന്ന ചിത്തനായി.

8

തെളിവൊടു ചെൻറു താനവരോടും വാനവരോടും മററും
തിറമുള്ള[1] വേന്തരോടും നിരന്തരം പട കിട്ടി വെട്ടി

പ്പുളകു പറൈറെന്തടക്കമൊട്ടുക്കും വെൻറി വിളൈന്തിരിക്കും[2]
പടയൊടിലങ്കമാനകർ പുക്കിരിക്കുമരക്കർകോമാൻ
ഇളയവനോടും നല്ലരിവീരരോടുമുടൻ കലർന്തി–
ങ്ങിരവി[3] തൻമൈന്തനോടുമിരാമനാഴിയുടെ വടക്കിൻ
മറുകരെ വന്നു പുക്കനെൻറു[4] കേട്ടു തളർന്നു ചേർന്താൻ[5]
മനവുമഴിന്നു മന്തിരശാല മന്തിരിമാർ[6] കലർന്തേ.

[1. തിറമെഴുമൈന്തരോടും. ഖ. 2. വിളർന്തിരിക്കും ഗ. 3. കലർന്തിൻറിരവി. ഖ ങ. 4. പുക്കനെരെന്നു. ക. 5' തളർന്തവൻതൻ, ക. തളർന്നു ചെന്താർ' ഗ, തളർന്നു ചൊന്നാ ഗ–ങ 6. മന്തിരിമാർക്കു മുമ്പായ്–ങ ]

തെളിവൊട്ട്-ഉത്സാഹത്തോടെ,--ചെൻറു്--ചെന്നു്, താനവരോടും-ദാനവരോടും-അസുരന്മാരോട്ടും, വാനവരോട്ടും-സുരന്മാരോട്ടും, തിറമുള്ള വേന്തരൊടും ബലിഷ്ഠരായ രാജാക്കന്മാരോടും, പട കിട്ടി-പടയിൽ ഏററു്, വെട്ടി-പൊരുതി. പളക്-ഭോഷ്കു്, പറൈന്തു്-പറഞ്ഞു്, അടക്കം-അടച്ചു്–ആകെ ഒട്ടുക്കം-ഒട്ടുക്കുന്ന, വെൻറി-വിജയം, വിളൈന്തിരിക്കും-വിളയിച്ചിരിക്കുന്ന, പടയൊട്ടു--പടയൊട്ടു കൂടി, ഇലങ്കമാനകർ--ലങ്കാമഹാനഗരം, പുക്കിരിക്കുമരക്കർകോമാൻ--വാണിരിക്കുന്ന രാക്ഷസേശ്വരനായ രാവണൻ, ഇളയവനോടും-അനുജനായ ലക്ഷ്മണനോടും നല്ലരിവീരരോടും ഉടൻ-വാനവീരന്മാരോടും കൂടെ, കലർന്തു്–ചേർന്നു്, ഇരവി തൻ മൈന്തനോടും-രവിതനയനായ സുഗ്രീവനുമായു്, ഇരാമൻ-ശ്രീരാമൻ, ആഴിയുടെ, വടക്കിൻമറുകരെ–വടക്കെ തീരത്തിൽ, വന്നുപുക്കനെൻറു കേട്ടു്–വന്നെത്തിയിരിക്കുന്നു എന്നുകേട്ടു്, തളർന്നു-തളർന്നു്, മനവുമഴിന്നു്–മനസ്സുംകെട്ടു്, മന്തിരിമാർ കലർന്തേ – മന്ത്രിമാരുമായൊത്തു്, മന്തിരശാല ചേർന്താൻ (അവൻ) മന്ത്രശാലയിലെത്തി.

9

മനവുമഴിന്നു മന്തിരികളോടു[1] മന്തിരശാലയിൽപ്പോയ്
മലർമകളാന[2] ജാനകിയെക്കൊടാഞ്ഞതിനെങ്ങനേ[3] നാ–
മിനിയിവിടെത്തുടങ്ങുമതു[4] വെൻറികൾ കിട്ടുവോമോ[5]?
ഇരവിൽ മറൈന്തു മറെന്നു വിരൈന്തടക്കമൊട്ടുക്കുവോമേ?
വനപുവിയിൽപ്പിറന്നു വളർന്ത വാനരജാതിയെല്ലാം

[6] വരികിൽ [7] വല്ലായ്മ [8] വന്നതെന്നൊരു [9] തോററമിയററവോമോ?
[10] നിനവു നിനെന്തിരിപ്പതൊരിക്കമോ? നിങ്ങൾ ചൊല്ലവേണ്ടും
[11] നില പിഴയാതെൻറവരോടിരാവണനേകിനാനേ.

[1. മന്തിരിമാർകൾ—ഖ. 2 മകളായ—ഖ. 3. കൊടായ്വിതങ്ങനെ —ഖ 4. തുടങ്ങുവിതെൻറ ഗ. തുടങ്ങുവതെൻറ ങ, 5. കെട്ടപോമോ. ക. കിട്ടുവോമെൻറിരവിൽ. ഗ. 6. വരുകിൽ—ക.- 7 വല്ലായ്മ 8 വന്നിതെന്നൊരു 9. തോററമിയിററവല്ലർ— ക. — — വല്ലും - - - ഗ 10. നിനവിനൊടിങ്ങിരിപ്പതൊരിക്കമോ—ഖ ങ. 11. നിലപിഴയാതെ വൻറവരോടിരാവണനോതിനാനേ. ഗ, നില പിഴിയാതെ വെൻറവരോടിരാവണനേകിനാനേ ങ; നിലപിഴിയാതതെൻറവരോട്— — ഖ; നില പിഴയാതെൻറവരോട് —ച ]

മലർമകളാന-ലക്ഷ്മിയായ, ചാനകിയെ-ജാനകിയെ, കൊടായ്വതിന്—കൊടുക്കാതിരിക്കാൻ, എങ്ങനെ, ഇവിടെ, നാം, തുടങ്ങുമതങ്ങ്—അടുത്തതായി പ്രവർത്തിക്കുന്നത്; ചെൻറ്—ചെന്ന, ഇകൽ കിട്ടുവോമോ—നാം ചെന്ന യുദ്ധം ചെയ്യുന്നോ, ഇരവിൽ-രാത്രിയിൽ, മറെന്തു്—ഒളിച്ച്, അറെന്തു—അടിച്ച് അഥവാ വെട്ടി, വിരെന്തു്—വേഗത്തിൽ അടക്കം—ഒന്നാകെ, ഒടുക്കുവോമോ—നാം ഒടുക്കുമോ, വനപൃവിയിൽ പിറന്നു വളർന്ത—വനഭൂമിയിൽ ജനിച്ചുവളർന്ന, വാനരചാതിയെല്ലാം—വാനരജാതിയെല്ലാം—വാനരവർഗ്ഗമെല്ലാം, വരികിൽ, വല്ലായ്മ—ക്ഷീണം വന്നതു് എന്നൊരു—എന്നൊരു, തോററം—വിശ്വാസം, ഇയററവോമോ—നാം ജനിപ്പിക്കുമോ, നിനവു നിനെന്തു്—ആലോചനയുമായി—എന്തുവേണമെന്ന ആലോചിച്ചു തന്നെ, ഇരിപ്പതു്—കഴിച്ചുകൂട്ടുന്നതു്, ഒരിക്കുമോ—ചേർച്ചയാകുമോ—യോഗ്യമാണോ, നിലപിഴയാതെ—കാര്യങ്ങളുടെ നിലയ്ക്കു തെററുവരാതെ നിങ്ങൾ തന്നെ, ചൊല്ലവേണ്ടും പറയണം, എന്നിങ്ങനെ, മനവും കെട്ട്, മന്ത്രശാലയിലെത്തിയ രാവണൻ, മന്തിരികൾക്ക—മന്ത്രികളോടു ഏകിനാനേ(അവൻ)ഏകി—ആജ്ഞാപിച്ചു.

## 10

അവരൊടിരാവണൻ കനിഞ്ഞിങ്ങനെയുരചെയ്ത നേര-
ത്തമരരെ [1] വെൻറു ചെൻറമരേശനെ പ്പിടിപെട്ടുകൊൾവാൻ
ഇവിടെ നിൻമൈന്തനിന്തിരചിത്തിനാവിതു പോരിലാർ വെ-
ൻറിനിയ [2] വിമാനം വെൻറളകേശനോടു പിടിച്ചു കൊണ്ടാൻ ?
അവനിയിൽ മിക്ക വേന്തർ നമ്മൊടെതിർത്തവരാരുയിർത്തോ-
രരിയരി! യിന്നിരാമനിലായിതോ പയമെൻറുമെല്ലാം
അവരവരേയുരത്തനരൊത്തു, പണ്ടയിരാവതത്താ-
നടലിടെ [3] യാട്ടിയാട്ടിനവൻ കനം [4] നെറി കെട്ടവാറേ.

[1. വെൻറുകൊണ്ടമരേശനെ ഗ ങ 2 വിമാനമൊൻറളകേശനൊടുപറിച്ചു കൊണ്ടാൻ-ങ. പിടിച്ചുകൊണ്ടാൻ ക; പറിച്ചുകൊണ്ടോം ഖ, പറിച്ചുകൊണ്ടാൻ—ഗ 3 യാട്ടി നാട്ടിനവൻ ക ഖ ഗ ങ 4. നെറികെട്ടവാറം ഖ ഗ ങ

അവരോട്, ഇരാവണൻ—രാവണൻ, കനിഞ്ഞു്. ഇങ്ങനെ, ഉരചെയ്ത നേരം—പറഞ്ഞപ്പോൾ പണ്ട്, അയിരാവതത്താൻ—ഐരാവതം എന്ന ഇന്ദ്രവാഹനം

അടലിടെ–യുദ്ധത്തിൽ, ആട്ടിയാട്ടി–ആട്ടിപ്പായിച്ച്, അവൻനെറി–അവൻെറ മാനം, കനം–കനക്കെ, കെട്ടവാറേ–കെട്ടതോടേ, അമരരെ വെൻറ–ദേവകളെ ജയിച്ച്, അമരേചനെ–അമരേശനായ ഇന്ദ്രനെ, പിടിപെട്ടുകൊൾവാൻ–പിടിച്ചു കൊള്ളാൻ, ഇവിടെ, നിൻമൈന്തൻ–നിൻെറ മകൻ, ഇന്തിരചിത്തിനു്–ഇന്ദ്രജിത്തിനു, ആവിതു–ആയി, സാധിച്ചു (കൂടാതെ) പോരിലാർ–യുദ്ധത്തിൽ ആരാണു് ഇനിയ വിമാനം–നല്ല പുഷ്പകവിമാനം. അളകേചനോട്ടു്–അളകേശനായ വൈശ്രവണനോട്ടു്, പിടിച്ചുകൊണ്ടാൻ– (അവൻ) പിടിച്ചുപറിച്ചെടുത്തു–പിടിച്ചെടുത്തതു്. അവനിയിൽ–ഭൂമിയിൽ, നമ്മോടെതിർത്തവർ–നമ്മോടെതിരവരായ, മിക്കവേന്തർ–മികച്ച രാജാക്കന്മാർ, ഉയിർത്തവർ–ഉയിരോടെ പോയവർ, ആരു്. അരിയരി–ഹരിഹരി, ഇൻറു്–ഇന്നു്, ഇരാമനിലായിതോ–രാമനിലായോ, പയമല്ലാം–ഭയമെല്ലാം, (എന്നിങ്ങനെ) അവരവരെ–എല്ലാവരും, ഉരത്തനരൊത്തു്–ഒന്നിച്ചു പറഞ്ഞു.

11

നെറി കുറയിൻറതേ[1] യമരർക്കെല്ലമികൽ[2] കിട്ടുന്നേരം
നിയതം; നമ്മോടു ചുററമിയററവാൻ മയൻ നൽകിനാൻ പെൺ,
കുറവറിയാത[3] നാകങ്ങൾ തോററു പോററി[4]തൊഴൻറിതല്ലോ
കുറവുയിരോടു പൊയ്യ്കൊള്ളവേണ്ടിയാക്കമിയൻറി പോരിൽ;
കറമിടറൻ കനിന്തിളു കൊണ്ട കൈലയെടുത്തുയർത്തും[5]
കരവെലമുള്ള നിന്നൊടു വന്നടൽക്ക[6] തുനിഞ്ഞെടുപ്പാൻ
അറിവില്ലയാഞ്ഞിരാകവനിത്തുടങ്ങിനതെൻറുമെല്ലാ–
മമയുമതോ? വിചിത്തിരമാക നാമറിയിത്തു കൊൾവോം

1. കുറയിൻറ തേയരികൾക്കെല്ലാം ഖ 2 തേയചുരർക്കെല്ലാം–ങ 3. കറവണയാത–ക ങ. 4. പോററിക്കൊൾകെന്നതല്ലാം–ക 5 ഉയക്കും–ക–ഖ 6. വന്നുപോക്ക––ക

അമരർക്കെല്ലാം–ദേവകൾക്കെല്ലാം, ഇകൽ കിട്ടുന്നേരം–യുദ്ധത്തിൽ ഏൽക്കുമ്പോൾ, നെറി കുറയിൻറതേ–മാനം കെടുന്നു, അഥവാ (നെറി–വഴി) പോംവഴിയില്ലാതാകുന്നു (എന്നു) നിയതം–നിശ്ചയം. നമ്മൊടു്–രാക്ഷസവർഗ്ഗത്തോടു്, ചുററമിയററവാൻ—ബന്ധുത്വം ഉണ്ടാക്കാൻ, മയൻ–അസുരശില്പി, നൽകിനാൻ പെൺ– പെണ്ണിനെ (മണ്ഡോദരിയെ) തന്നു. കുറവറിയാത–യാതൊരു കുറവും കൂടാതെ–പരിപൂർണ്ണമായി (അഥവാ കുറച്ചിൽ എന്തെന്നറിയാത്ത), നാകങ്ങൾ –നാഗവർഗ്ഗം, ആക്കമിയൻറ–ആക്കമിയന്ന–വൻപുള്ള, പോരിൽ തോററു്, കുറവുയിരോടു പൊയ്യ്കൊള്ളവേണ്ടി–ബാക്കി ജീവനുമായി പൊയ്യ്കൊള്ളുന്നതിനു (രക്ഷപ്പെടുന്നതിനു) വേണ്ടി, പോററി തൊഴൻറിതല്ലോ–രക്ഷിക്കണേ എന്നു തൊഴുതുപറഞ്ഞല്ലോ. കറമിടറൻ–വിഷം കലർന്ന കഴുത്തുള്ള ശിവൻ, കനിന്തു്–പ്രീതിപൂർവ്വം, ഇളകൊണ്ട–വസിച്ച, കൈല–കൈലാസം, എടുത്തുയർത്തും–എടുത്തു് ഉയർത്തുന്ന, കരവെലമുള്ള കൈക്കരുത്തുള്ള, നിന്നോടു്. അറിവില്ലയാഞ്ഞു്–വിവരമില്ലാതെ, ഇരാകവൻ–രാഘവൻ, ഇത്തുടങ്ങിനതെൻറും എല്ലാം–ഈ തുടങ്ങുന്നതു എല്ലാം എന്നെങ്കിലും, അമയുമതോ–ഒക്കുന്നതാണോ, വിചിത്തിരം–വിചിത്രം, ആക എല്ലാം, നാമറിയിത്തു കൊൾവോം–ഞങ്ങൾ അറിയിച്ചുകൊള്ളുന്നു.

# വൃത്തം അഞ്ച്

പ്രഹസ്തൻ

## 1

അറിയിപ്പാൻ ഞാനാവതിന്നരുളിച്ചെയ്യിൻറതാകിലെന്നോ-[1] [2]

ടരമിപ്പോൾ വാണാളവർകൾക്കടൽകിട്ടുവോരുനേരമെല്ലാം;[3] [4]

പറയപ്പോരും[5] നമ്മെയെല്ലാം പവനൻമകൻ ചതിച്ചമ,യെ-

ൻററിയിച്ചാൻ മുൽച്ചൊല്ലിയലും[6] പിരിയത്തനത്തൽ[7] പോം

(വഴിയേ.

1. ഞാനാവനവന്നരുളി—ക ഞാനാവനതോ അരുളി—ഖ ഞാനാവനന്നരുളി ച്ചെയ്യുൻറതാകിലറ ..ങ 2. എന്നാലറ...ഗ 3. വാണാളവർക്കടൽ—ക 4. നേരമെന്നാൽ—ക, ഖ, ഗ 5. പറയപ്പോരാ—ഗ 6. മുഞ്ചൊല്ലിയലും—ക 7. പിരകത്തനത്തൽ—ഗ

അരുളിച്ചെയ്യിൻറതാകിൽ–(രാവണൻ) ആജ്ഞാപിക്കുന്നതായാൽ അഥവാ അനുവദിക്കുന്നതായാൽ, ഞാൻ, ആവതു്, ഇന്നു്; അറിയിപ്പ(ാ)ൻ–അറിയിക്കാം. എന്നോടു്, അടൽ–യുദ്ധം, കിട്ടുവോരുനേരം–ചെയ്യുമ്പോൾ, അവർകൾക്കെല്ലാം–ശത്രുക്കൾക്കെല്ലാം, വാണാൾ–(വാഴ്+നാൾ) ആയുസ്സ്, അറും–അറുതിവരും–അവസാനിക്കും. (അതിനാൽ)പവനൻമകൻ–വായുപുത്രനായ ഹനുമാൻ, നമ്മെയെല്ലാം, ചതിച്ചമ–ചതിച്ചതു്, പറയപ്പോരും–പറഞ്ഞുമതി, എൻറു്–എന്നിങ്ങനെ, മുൽച്ചൊല്ലിയലും–ആരേക്കാളും മുൻപേ പേർ പറയത്തക്കവിധം മുഖ്യതയുള്ള പിരയത്തൻ–പ്രഹസ്തൻ, അത്തൽ പോം വഴിയെ–ദുഃഖമകലത്തക്ക വഴിയെ, അറിയിച്ചാൻ– (അവൻ) അറിയിച്ചു.

"അങ്ങു് ആജ്ഞാപിക്കുന്നെങ്കിൽ എന്നാൽ കഴിവുള്ളതു് പറയാം. ശത്രുക്കൾ എന്നോടു് യുദ്ധത്തിൽ ഏററുമുട്ടുന്ന നിമിഷത്തിൽ തന്നെ അവരെല്ലാം മരിക്കും. അതിനാൽ ഹനുമാൻ നമ്മെയെല്ലാം ചതിച്ച കഥയൊന്നും ഇനി പറയണമെന്നില്ല". എന്നിങ്ങനെ രാക്ഷസരിൽ മുൻപനായ പ്രഹസ്തൻ ദുഃഖമകലത്തക്ക വഴി അറിയിച്ചു.

## 2

...രണം. ദുർമ്മുഖൻ.

വഴി കൂടാതേ പോർക്കു നമ്മോടു[1] വരിൻറ വാനരപ്പടമ ീ

തഴിയാതേ കണ്ടാട്ടിയട്ടത്തരചേ[2] ൟ കൂടന്തുമന്നെയും[3]

ഒഴിയേനിപ്പോൾ[4] കൊൻറുമുടിച്ചുരപെററിലങ്ക പൂമതെങ്ങും[5]

പിഴ കൂടാതെൻറു[6] ചിനം പെരുതാന തുർമുകൻ ചൊല്ലിനാൻ.

1 പോകും–ഗ 2. കൊണ്ടാട്ടി—ഗ 3. —നെയുമുടൻ—ഗ, 4. ഒഴിയേനെന്നാൽ കൊൻറ–ക. ഒഴിയേനെൻറു മുടിച്ചു—ഗ 5. പൂമതെല്ലാം—ഗ. പൂവിതെങ്ങും–ങ 6. പിഴ കൂടാതെയെൻറു–ങ.

വഴിക്കൂടാതെ–ന്യായമില്ലാതെ, നമ്മോടു, പോർക്ക്–പോരിനു, വരിൻറ–വന്ന, വാനരപ്പടമീതു്–വാനരസൈന്യത്തിന്മേൽ–വാനരസേനയോടു്, അഴിയാതെ കണ്ടു് –പതറാതെ, ആട്ടിയടുത്തു്–ഓടിച്ചുട്ടത്തിട്ടു്, അരചോടു കൂടി–അരചനായ രാമനോടുകൂടി, അനുമനെയും–ഹനുമാനെയും, കൊൻറമൂടിച്ചു്–കൊന്നുതീർത്തു്, എങ്ങും പിഴ കൂടാതെ–തെററാതെ, അഥവാ അന്യൂനമായി, ഉരപെററു്–കീർത്തിനേടി, ഇലങ്ക–ലങ്ക, പൂമതു്–പൂകുന്നതു്–പ്രവേശിക്കുക എന്നതിനെ, ഒഴിയേനിപ്പോഴും–ഞാൻ ഇപ്പോഴും ഒഴിയുന്നതല്ല, എൻറു്–എന്നു്, ചിനം–കോപം, പെരുതാന–വലുതായ, തുർമുകൻ–ദുർമ്മുഖൻ എന്ന അമാത്യൻ, ചൊല്ലിനാൻ–(അവൻ) പറഞ്ഞു.

അന്യായമായി തങ്ങളോടെതിർക്കുന്ന വാനരപ്പടയെ ആട്ടിപ്പിടിച്ചു്, രാമനെയും ഹനുമാനെയും മററും വധിച്ചു് എല്ലായിടത്തും തടവററ കീർത്തി പരത്തിക്കൊണ്ടു താൻ ലങ്കയിൽ തിരിച്ചെത്താതിരിക്കയില്ല, എന്നു് കോപം മുഴുത്ത ദുർമ്മുഖൻ രാവണനോടു പറഞ്ഞു.

3

പെരുതാകിൻറു മുന്നം വന്നിപ്പി[1]ഴപോർചെയ്യും പെരുംകുരങ്ങിൻ
പിരതാപം നാം പേചി[2]യിരുപ്പതു പേർത്തുരെപ്പതില്ലവെല്ലാം;
[3]മികവേറും പാർമന്നനുടമ്പുയിരൊടു വേർവിടുപ്പ[4]തൊഴി-
ഞ്ഞിരിയേനെൻറാൻ വച്ചിരവല്ലെകിറൻ തരിത്തി[5]രിപ്പെഴുകും

1. മുന്നമവെമ്പിഴ—ഗ 2. പേചുമതെന്നതുപേർത്തുരപ്പതില്ലതെല്ലാം—ഗ, പേർത്തുരെപ്പതില്ലതെല്ലാം-ങ, പേർത്തുരെപ്പതില്ലയെല്ലാം-ക. 3. ഉരമേറും-ക ഉരയേറും പോർമന്നനെ ഞാനുയിരോടു വേറിടുവതൊഴി–ഗ 4. വേർപെടുപ്പതൊഴിത്തിരിയേ-ക, തൊഴിഞ്ഞിരിയേനെൻറാൽ-ഗ 5. തിരിച്ചിരി—ഗ, തിരിച്ചിരിപ്പുഴകൻ–ങ,

മുന്നം–മുൻപു്, വന്നു്, ഇപ്പിഴപോർ ചെയ്യും–ഈ അന്യായമായ യുദ്ധം ചെയ്ത, പെരുംകുരങ്ങിൻ–വൻകുരങ്ങനായ ഹനുമാൻെറ, പിരതാപം–പ്രതാപം, നാം, പേചിയിരുപ്പതു്–പറഞ്ഞുകൊണ്ടിരിക്കുന്നതു്, പെരുതാകിൻറു–കവിഞ്ഞു പോകുന്നു (അതിനാൽ) അവെല്ലാം–(അ+എല്ലാം) അതെല്ലാം, പേർത്തു്, വീണ്ടും ഉരെപ്പതില്ല–പറയുന്നില്ല. മികവേറും–മികച്ച, പാർമന്നനുടമ്പു്–ഭൂപതിയായ രാമൻെറ ശരീരം, ഉയിരൊടു വേർവിടുപ്പതൊഴിഞ്ഞു്–ഉയിരിൽനിന്നു വേർപെടുത്താതെ–കൊല്ലാതെ, ഇരിയേൻ–ഞാൻ ഇരിക്കുന്നതല്ല; വച്ചിരവല്ലെകിറൻ–ബലത്ത വജ്രദംഷ്ട്രകളുള്ളവൻ–വജ്രദംഷ്ട്രൻ എന്ന അമാത്യൻ, ഇരിപ്പെഴുകും–ഇരുമ്പെഴുകും–ഇരുമ്പുലക്കയും, തരിത്തു്–ധരിച്ചു്, എൻറാൻ–എന്നു പറഞ്ഞു.

ഇവിടെ വന്നു് ഈ പിഴപോർ ചെയ്ത ഹനുമാൻെറ പ്രതാപവും പറഞ്ഞുകൊണ്ടിരിക്കുന്നതു് കവിഞ്ഞു പോകുന്നതിനാൽ താൻ കൂടുതലൊന്നും പറയുന്നില്ലെന്നും പ്രതാപശാലിയായ രാമനെ കൊല്ലാതെ താൻ ഇരിക്കുകയില്ലെന്നും ഇരുമ്പുലക്കയും എടുത്തുകൊണ്ടു് വജ്രദംഷ്ട്രൻ പറഞ്ഞു.

## 4

എകിറെല്ലാവും[1] മെല്ലെ മറൈറത്തെളുത[2]മ്മാനിടർ[3]വടിവായ്-
പ്പക തോൻറാതേ ചെൻറണൈവൂ പരതൻ വിതിച്ചു വൻറവരായ്[4].
മികവേറും പോർവൻപട[6] ചൂഴ്ന്തു വിരന്തു വൻറുതുണ്ടിനിയെ-
ൻറകമേ തേറാമാററിയിച്ചരികേ[7] നിലപ്പുതെപ്പൊഴുതും[8].

1. എകിറെല്ലാം—ക 2. മറൈച്ചെളുതായ്—ഗ മറച്ചെളുതായമ്മാനിടം വടിവായി—ങ 3—മ്മാനിനം വടിവായി—ഗ—മ്മാനിടം—ക 4. വൻറമയാൽ—ഗ വൻറവരാ മികമേലും—ക 5. മികവേലും—ഗ, ങ 6. വൻപട ചൂഴന്തു വിരന്തു വൻറിതൊണ്ടിവനെൻറകമേ,—ഗ. വൻപടയുഴന്തു വിരന്തുവൻറുതുണ്ടിവനെൻറകമേ—ങ 7. തേറാമാറു ചമന്തരികേ—ക തേറാമാററിയിത്തരികേ—ങ 8. നിലപ്പിതെപ്പൊഴുതും—ങ

' എകിറെല്ലാവും—ഭംഷ്ട്രകളെല്ലാം, മെല്ലെ, മറൈറത്തു്—മറച്ചു്, എളുതു്—എളുതായ—എളുപ്പമായ, അ, മാനിടർവടിവായ്—മനുഷ്യവടിവു ധരിച്ചു്; പരതൻ—ഭരതൻ വിതിച്ചു്—വിധിച്ചു്—കല്പിച്ചു്, വൻറവരായ്—വന്നവരായ്—വന്നവരേപ്പോലെ, പക തോൻറാതെ—പക തോന്നാതെ വിരോധം തോന്നിക്കാതെ, ചെൻറണൈവൂ—(രാമൻെറ അടുക്കൽ) ചെന്നണയണം—ചെല്ലണം. (അനന്തരം) മികവേറും—മികച്ച—വൻപിച്ച, പോർവൻപട—വൻസമരത്തിനുള്ള സൈന്യം, ഇനി, ചൂഴ്ന്തു്—ചുററാകെ നിറഞ്ഞു്, വിരന്തു്—വേഗത്തിൽ, വൻറുതുണ്ടു്—ഭരതൻ വരുന്നതുണ്ടു്, എൻറു്—എന്നു് അകമേ—ഉള്ളിൽ, തേറാമാറു്—വിശ്വസിക്കുംവിധം, അറിയിച്ചു്, എപ്പൊഴുതും—എപ്പോഴും, അരികേ നിലപ്പുതു്—അടുക്കൽ തന്നെ നിൽക്കുന്നുണ്ടു്.

ഭംഷ്ട്രകളെല്ലാം മറച്ചു് മനുഷ്യവേഷത്തിൽ, ഭരതൻ കല്പിച്ചുവന്നവരേപ്പോലെ രാമനേ സമീപിച്ചു്, ഒരു മഹായുദ്ധത്തിനുള്ള വൻപിച്ച സൈന്യവുമായി ഭരതൻ വരുന്നുണ്ടെന്നു് അറിയിച്ചു് എപ്പോഴും ചുററിക്കൂടി നിൽക്കുന്നുണ്ടു് എന്നു് വജ്രദംഷ്ട്രൻ തുടരുന്നു.

## 5

പൊഴുതും നോക്കിപ്പോർക്കളരായിപ്പുറമേയെങ്ങും നടന്തിടയിൽ[1]
പഴുതുണ്ടാംപോത് നാം പലരൊത്തു പകുത്തടുത്തു[2] വല്ലവണ്ണം[3]
പിഴയുണ്ടാകാ കൊൻറുകൊൾകിൽ, പിരതാപിയാമിരാമൻ നമ്മോ-
ടഴിയാനെൻറാൽ നല്ലതിതൊൻറു[4]മൊൻറിയമ്പിനാനവനേ[5].

1 നടന്നിടയെ—ഗ. 2. പകിട്ടു കാട്ടി—ക 3. വൻറവണ്ണം—ഗ
4. നല്ലതതെൻറു—ഗ 5. ഇയമ്പിനാനവനും—ക.

പുറമേ, എങ്ങും, നടന്നു്, ഇടയിൽ, പൊഴുതും—സന്ദർഭവുംനോക്കി, പഴുതുണ്ടാംപോൾ—സൗകര്യം ഉണ്ടാകുമ്പോൾ, നാം, പലരൊത്തു്—പലർ ഒത്തുചേർന്നു്, പോർക്കളരായി—യുദ്ധത്തിനായി, പകുത്തടുത്തു്—ഭാഗിച്ചു് (രാമനോടു്) അടുത്തു്—രണ്ടു ഭാഗമായി ഏററു മുട്ടി ["ഇരുപുറവും കൂടിയണഞ്ഞവരെക്കൊലചെയ്കിലുമാം" കണ്ണശ്ശരാമായണം] വല്ലവണ്ണം, കൊൻറുകൊൾകിൽ—കൊന്നുകൊള്ളുന്നെങ്കിൽ പിഴയുണ്ടാകാ—തകരാറൊന്നും പററുകയില്ല, (അതല്ലാതെ) പിരതാപിയാമിരാമൻ—പ്രതാപിയായ രാമൻ, നമ്മോടു്, അഴിയാൻ—നശിക്കാൻ പോകുന്നില്ല. അഥവാ മാപ്പുചോദിക്കുകയില്ല, എൻറാൽ—അതുകൊണ്ടു്, നല്ലതു്, ഇതൊൻറു്—ഇതൊന്നു-ഈ മാർഗ്ഗം ഒന്നു തന്നെ; എൻറതും—എന്നതും, അവനേ—വജ്രദംഷ്ട്രൻ, ഒൻറു്—ഒന്നു ഇയമ്പി—പറഞ്ഞു.

വേഷം മാററി പുറമേ ചുററി നടന്നു്, സൗകര്യം കിട്ടുമ്പോൾ പലരൊത്തു കൂടി രണ്ടു ഭാഗത്തു നിന്നും ആക്രമിച്ചു് വല്ല വിധവും രാമനെ കൊല്ലുന്നെങ്കിൽ അതിൽ തകരാറില്ലെന്നല്ലാതെ പ്രതാപിയായ രാമൻ നേരിട്ടുള്ള യുദ്ധത്തിൽ തങ്ങളോടു തോൽക്കാൻ പോകുന്നില്ലെന്നും, അതിനാൽ നല്ല വഴി അതു തന്നെയാണെന്നും വജ്രദംഷ്ട്രൻ പറഞ്ഞു.

നികുംഭൻ

## 6

അവനും വൻപോർത്തമ്പിയും നല്ലരിവീരരും വന്താലികലിൽ
[2] ചുവയുണ്ടാകാ മണ്ടിയൊരോ തുവലേറുമാറു കണ്ടുകൊള്ളാം
[3] അവിടം വാരാതെയെതിരിട്ടര നാഴികയ്ക്കു നിൽക്കിലെന്നോ-
[4] ടവർപാട്ടം വൻപെൻറു നികുംപനണൈഞ്ഞു കൂറിനാനുടനേ.

1. വൻപാൽ—ക 2. ചുവയൊണ്ടാകാ—ഗ 3. പാരാതെ—ഗ, ങ 4. വാട്ടം—ക

അവനും—ശ്രീരാമനും, വൻപോർത്തമ്പിയും—യുദ്ധവീരനായ അനുജൻ ലക്ഷ്മണനും നല്ലരിവീരരും—നല്ല ഹരിവീരരും—കേമന്മാരായ വാനരവീരരും, വന്താൽ—വന്നാൽ ഇകലിൽ—യുദ്ധത്തിൽ, ചുവയുണ്ടാകാ—രസമൊന്നുമുണ്ടാകുകയില്ല (അത്ര നിസ്സാരന്മാരാണു് അവരെന്നു ഭാവം) മണ്ടി—ഓടി, ഒരോ—ഓരോ വിധത്തിൽ തുവലേറുമാറു്—വേഗം പോകത്തക്കവിധം, കണ്ടുകൊള്ളാം—വേണ്ടതു ചെയ്തുകൊള്ളാം. അവിടം വാരാതെ—അതു സംഭവിക്കാതെ, എന്നോടു് എതിരിട്ടു്, അര നാഴികയ്ക്കു്, നിൽക്കിൽ—നിൽക്കുമെങ്കിൽ, അവർ പാട്ടം—അവരുടെ പാടും—അവരുടെ ക്ലേശവും, വൻപു് — വൻപിച്ചതായിരിക്കും, എൻറു്—എന്നു്, നികുംപൻ—നികുംഭൻ, അണൈഞ്ഞു്—അണഞ്ഞു്, കൂറിനാനുടനേ—(അവൻ) ഉടൻ പറഞ്ഞു.

"ശ്രീരാമാദികളെല്ലാം യുദ്ധത്തിനു വന്നാലും ഒരു രസവുമില്ല. അവരെല്ലാം അതിവേഗത്തിൽ കണ്ടമാനം ഓടി മറയത്തക്കവിധം ഞാൻ നോക്കിക്കൊള്ളാം

അതല്ല അരനാഴികയെങ്കിലും എന്നോട്ട് അവർ എതിർത്തുനിൽക്കാനാണു ഭാവമെങ്കിൽ പിന്നെ അവർ പെടാൻ പോകുന്ന പാട്ട് ഭയങ്കരമായിരിക്കും". എന്നിങ്ങനെ നികുംഭൻ ഉടൻ പറഞ്ഞു.

## 7

ഉടനന്നേരം വച്ചിരവല്ലനവെൻറുള്ള[1] പേരുടൈയോൻ
കടവാ നാവാൽ നക്കിനനച്ചു കനത്ത[2] നല്ല ചൊല്ലുടയോൻ
പടയോട്ടും തൻതമ്പിയോട്ടും പട്ടമെങ്കൈയ്യാലിരാകവൻ[3] ഞാ–
നടൽകോലുമ്പോതെൻററിയിത്തവനും വണങ്കിനാനളവേ.[4]

1 വച്ചിരപല്ലനെൻറുള്ളോരു–ക വച്ചിരപല്ലുടയോനെൻറപേരുടയോൻ – ഗ
2 കനത്തിൽ–ക, കരുത്തിൽ–ങ 3 പട്ടംകയ്യാൽ–ഗ 4 വണങ്കിനാനവനെ–ക

ഉടൻ, അന്നേരം, വച്ചിരവല്ലനു–(വച്ചിര+വൽ+അനു)("വജ്രമഹാഹനു", കണ്ണശ്ശരാമായണം) വജ്രഹനു, എൻറുള്ള പേരുടൈയോൻ–എന്ന രാക്ഷസൻ, കനത്ത–ഘനഗംഭീരമായ, അഥവാ തഴച്ച, നല്ല, ചൊല്ലുടയോൻ–പ്രസിദ്ധിയുള്ളവൻ അഥവാ വാക്ചാതുര്യമുള്ളവൻ, ഞാൻ, അടൽകോലും പോതു്–യുദ്ധം തുടങ്ങുമ്പോൾ, ഇരാകവൻ–രാഘവൻ, പടയോട്ടും, തൻതമ്പിയോട്ടും– തന്റെ അനുജൻ ലക്ഷ്മണനോട്ടുംകൂടി, എൻ–എന്റെ, കൈയ്യാൽ പട്ടും–കൈ കൊണ്ടു മരിക്കും, എൻറു്, നാവാൽ–നാക്കുകൊണ്ടു്, കടവാ, നക്കിനനച്ചു്, അറിയിത്തു്– അറിയിച്ചു്, അവനും, അളവേ– ഉടൻ അഥവാ, പാടേ തന്നെ, വണങ്കിനാൻ–(അവൻ) വണങ്ങി.

വജ്രഹനു എന്ന പേരുള്ള അതിപ്രശസ്തനായ രാക്ഷസൻ, 'ശ്രീരാമൻ പടയോട്ടും ലക്ഷ്മണനോട്ടുംകൂടി എന്റെ യുദ്ധാരംഭത്തിൽ തന്നെ എന്റെ കൈയ്ക്കു് ചാകും," എന്നിങ്ങനെ കടവാ നക്കിനനച്ചുകൊണ്ടു് അറിയിച്ചു താണുവണങ്ങി. കടവാ നക്കിയതു് മനുഷ്യമാംസത്തിന്റെ രുചി ഓർത്തതുകൊണ്ടായിരിക്കണം.

## 8

അളവേയിപ്പോഴിപ്പട[2] ചൊല്ലിയഴത്തിതൊക്കെയിക്കര വ–
ന്നിളയാനെൻറും[3] കൊൻറുമുടിപ്പതിരാകവൻ മറപ്പവരേ;[4]
എളിയോർക്കാമോ പോർക്കവനോടികൽ കിട്ടുമൊട്ടിലാരുയിരോ–
ട്ടുളരോ പോനോരെൻറുമൊരുത്തരൊരുത്തർ ചൊല്ലിനാലുമതേ

1 അവനേ–ക 2 –പ്പടയഴച്ചതൊക്കെ–ഗ 3 ഇളയേനന്നും–ക, ഇളയോനെൻറും–ഗ 4 ഇരാമനൊടെതിപ്പവരേ–ഗ

അളവേ – വേഗത്തിൽ, ഇപ്പട, ചൊല്ലിയഴത്തു്– വിളിച്ചുവരുത്തി, ഒക്കെ ഇക്കര–ലങ്കയിൽ, വന്നു, (അങ്ങനെയിരിക്കെ) മറപ്പവരെ– ശത്രുക്കളെ, കൊൻറു മുടിപ്പതു്–കൊന്നുമുടിക്കുന്നതു്, ഇരാകവൻ–രാഘവൻ, ഇളയാൻ–(അവൻ)ഇളയ്ക്കുകയില്ല വേണ്ടെന്നു വയ്ക്കുകയില്ല. അവനോട്ടു്–രാഘവനോട്ടു്, പോർക്കു്–യുദ്ധത്തിനു്

അളിയോർക്കാമോ—മോശക്കാർക്ക് കഴിവുണ്ടോ? (ഇല്ല എന്നു ഭാവം). (അവനോട്—രാഘവനോട്, എന്നു വീണ്ടും ആവർത്തിച്ചന്വയിക്കണം) ഇകൽ കിട്ടും— യുദ്ധം ചെയ്യുന്ന, ഒട്ടലാർ—ശത്രുക്കൾ, ഉയിരോട്—ജീവനോടെ, പോന്നോർ—പോയവർ, ഉളരോ—(അവർ)ഉണ്ടോ? എൻറ്—എന്ന്, അതേ—അതു്. ഒരുത്തരൊരുത്തർ—(നിങ്ങൾ) ഓരോരുത്തരും, അഥവാ, ഒരാളല്ലെങ്കിൽ മറ്റൊരാൾ, ചൊല്ലിനാലും—പറഞ്ഞാലും—

ഈ വൻപിച്ച സൈന്യത്തെ അതിവേഗത്തിൽ വിളിച്ചുകൂട്ടി ഇപ്പോൾ എല്ലാവരും ലങ്കയിലെത്തിക്കഴിഞ്ഞിരിക്കുന്നു; ആ സ്ഥിതിക്ക് രാമൻ എതിരാളികളെയെല്ലാം കൊന്നൊടുക്കാതെ വെറുതേ പോവുമെന്നു കരുതേണ്ട; അദ്ദേഹത്തോട് മോശക്കാർക്ക് യുദ്ധം ചെയ്യാവുന്നതല്ല; അഥവാ അങ്ങനെ യുദ്ധം ചെയ്തവരാരാണ് ജീവനോടെ പോയിട്ടുള്ളതു്?—നിങ്ങളാരെങ്കിലും തന്നെ അതു പറയണം.

## 9

ചൊല്ലാൽ[1]വെല്ലാമെപ്പൊഴുതും, തുടതുള്ളുമാറിരി[2]പ്പുതവർ
വില്ലാൽ മെല്ലെപ്പോന്തൊരു വാണം വിലങ്കുമാറു കാണ്മവരോ[3]?
മല്ലാർതോളാ! കേട്ടരുളെൻചൊൽ മനംകനിന്തി,രാകവനോ—
ടൊല്ലാ വൈരം; കാരണമെന്തിതിനുള്ള[4]തൊൻറിലങ്കമന്നാ!

1 ചൊല്ലാവെല്ലാമിപ്പൊഴുതെ—ക. ചൊല്ലാവെല്ലാമിപ്പൊഴു തൊടതുള്ളുമാറിരിപ്പിതവർ—ഗ ചൊല്ലാവെല്ലാമിപ്പൊഴുതോ——ങ 2 അവൻ—ങ 3 വിവങ്കുമാറു കപ്പവരാൽ—ക. വിലങ്കുമാറു കണ്ടു കാപ്പവര—ഗ 4 അതിനുള്ള—ഗ.

ചൊല്ലാൽ വെല്ലാമെപ്പൊഴുതും—എപ്പോഴും നാക്കുകൊണ്ടു ജയിക്കാം. തുടതുള്ളുമാറ്—ഭയപ്പെട്ടു തുട തുള്ളിക്കൊണ്ടു്, ഇരിപ്പുതവർ—ഇരിക്കുന്ന ഈ അമാത്യന്മാർ വില്ലാൽ മെല്ലെപ്പോന്തൊരു വാണം—വില്ലിൽ നിന്നും പതുക്കെ പുറപ്പെടുന്ന ബാണം, വിലങ്കുമാറ്—കടന്നു വരുമ്പോൾ, കാണ്മവരോ—ഇവരെ വല്ലവരെയും അവിടെ ഞാനും കാണുമോ? മല്ലാർതോളാ—മല്ലന്മാർക്കൊത്ത ദൃഢമായ തോളുള്ളവനേ, (എന്നു് രാവണാഭിമുഖമായ സംബോധന) എൻചൊൽ—എന്റെ വാക്ക്, മനം കനിന്തു്—ഉൾക്കനിവോടെ, കേട്ടരുൾ—കേട്ടരുളിയാലും; ഇരാകവനോട്—രാഘവനോട്, വൈരം, ഒല്ലാ—പാടില്ല; ഇലങ്കമന്നാ—ലങ്കേശ്വരാ, ഇതിനുള്ള, കാരണം എന്തൊൻറ്—എന്തൊന്നാണ്?

വെറും വാക്പ്രയോഗംകൊണ്ട് എപ്പോഴും ജയിക്കാം. പക്ഷേ, പേടിച്ചു തുട തുള്ളിക്കൊണ്ടിരിക്കുന്ന ഇവരിൽ ആരെങ്കിലും, വില്ലിൽനിന്നു പതുക്കെ ഒരു ബാണം കടന്നുവരുമ്പോൾ അവിടെ ഞാനും ശേഷിക്കുമോ? അങ്ങ് എന്റെ വാക്കുകൾ കനിഞ്ഞു കേട്ടരുളിയാലും—രാമനോട് വൈരം പാടില്ല. ഹേ ലങ്കേശ്വരാ! അല്ലെങ്കിൽ ഇതിനു് എന്താണൊരു കാരണം എന്നു് ആലോചിച്ചുനോക്കിയാലും.

## 10

ഒൻറും വാരാതെ[1]യെതിരററൊളിവീട്ടും മാതരുററവരും
    മൻറും [2]വൻപീട്ടും പടൈയും മരുമക്കൾ മക്കൾ ചാൻറവരും,
എൻറും [3]കേടില്ലാവഴി കണ്ടിനതായിരുന്തുകൊൾക വിരൈ-
    ന്തിൻേറയെൻറാൽ മൈതിലിയെക്കൊടിരാകവന്നി[4]ലങ്കമന്നാ!

1 വാരാതെയിന്നും നാമൊളിവീട്ടും—ക—ങ 2 വൻപാഴും പടൈയും വീട്ടും—ക 3 കെട്ടില്ലാതമ കണ്ടിനതാ—ക. 4 ഇരാകവക്കിലങ്കമന്നാ -ഗ

എതിരററു്—തുല്യമില്ലാതെ, ഒളിവു്—കാന്തി—സൗന്ദര്യം, ഈട്ടം—വർദ്ധിച്ച, മാതർ—മാതരും—സ്ത്രീകളും, ഉററവരും—അടുത്തമിത്രങ്ങളും, മൻറം—മന്നം—ഭൂമിയും—രാജ്യവും, വൻപീട്ടം—വൻപിച്ച, പടൈയും—പടയും, മരുമക്കൾ, മക്കൾ, ചാൻറവരും—ചാർച്ചക്കാരും, ഒൻറും വാരാതെ—ഒന്നും വരാതെ—ആപത്തൊന്നും സംഭവിക്കാതെ, കേടില്ലാവഴി കണ്ടു്—കേടില്ലാത്ത നല്ല വഴിയിൽ, ഇനതായി—നന്നായി, എൻറും—എന്നും, ഇരുന്തുകൊൾക—ഇരുന്നുകൊള്ളുക—ജീവിച്ചിരുന്നുകൊള്ളട്ടെ. ഇലങ്കമന്നാ—ലങ്കാപതേ, (അങ്ങു്) എൻറാൽ—എന്നാണെങ്കിൽ—എന്നാണു കരുതുന്നതെങ്കിൽ, വിരൈന്തു്—വേഗത്തിൽ, ഇൻേറ—ഇന്നു തന്നെ മൈതിലിയെ, ഇരാകവനു—രാഘവനു്, കൊടു്—കൊടുക്കുക—കൊടുത്താലും.

"സുന്ദരികളായ സ്ത്രീകളും, ഉററമിത്രങ്ങളും, രാജ്യവും, മഹത്തായ സൈന്യവും, മരുമക്കൾ മക്കൾ ചാർച്ചക്കാർ എന്നിവരും ആപത്തൊന്നും സംഭവിച്ചുപോകാതെ നല്ലവഴിയിൽ ഭംഗിയായി തുടന്നുകൊള്ളട്ടെ. ഹേ ലങ്കേശ്വരാ! ഇതാണു് അങ്ങു് ഉദ്ദേശിക്കുന്നതെങ്കിൽ ഇന്നുതന്നെ വേഗം മൈഥിലിയെ രാമനു വിട്ടുകൊടുത്താലും" എന്നു വിഭീഷണവാക്യം തുടരുന്നു.

## 11

മന്നാ! [1]മിന്നേർമെല്ലിടൈയാളൈ [2]വഴക്കിനെൻറിരാമൻ വരും
    മുന്നേ നൽകീടെൻറു വിപീഴണനൻ മുന്നൽ നിൻറിരന്തളവേ,
നിന്നോടാരേ നല്ലതു കേട്ടതു? നീ തികഞ്ഞ പണ്ടിതനായി
    [3]എന്നോടൊപ്പാ പേചുമതെൻറഴനിൻറിരാവണനൻ നടന്താൻ.

1 മീനങ്ങൾ നല്ലിടയാളൈ—ക 2 വഴികിനെ—ങ 3 പേചുവതിൻെറഴന്നേററിരാവണനൻ—ഗ എഴന്നീററിരാവണനൻ—ക എന്നോടൊണ്ടോ പേച്ചുവതെൻറഴന്നേററിരാവണനൻ—ങ

മന്നാ–ലങ്കാപതിയായ രാവണാ, വഴക്കിനെൻറു്–കലഹത്തിനായി, ഇരാമൻ–രാമൻ, വരും, മുന്നേ–മുൻപേ, മിന്നേർമെല്ലിടൈയാളെ–(മിൻ+നേർ+മെൽ+ഇടയാളെ) മിന്നൽക്കൊടി പോലെ നേർത്ത മദ്ധ്യപ്രദേശമുള്ള സുന്ദരിയായ സീതയെ,നൽകീട്ടു്, എൻറു്–എന്നു്, വിപീഴണൻ–വിഭീഷണൻ, മുന്നൽ–മുന്നിൽ, നിൻറു്–നിന്നു്, ഇരന്ത–ഇരന്ന–യാചിച്ചു–പ്രാർത്ഥിച്ചു, അട്ടവേ–സമയത്തു്–അപ്പോൾത്തന്നെ (രാവണന്റെ അക്ഷമയെ കാണിക്കുന്നു) ഇരാവണൻ–രാവണൻ, നിന്നോട്ടു്, ആര–ആരാണു്, നല്ലതു്–നല്ല മാർഗ്ഗം–നന്മ, കേട്ടതു്–ചോദിച്ചതു്. നീ, തികഞ്ഞ; പണ്ടിതനായി–പണ്ഡിതനായി, എന്നോട്ടു്, പേചുമതു്–പേശുന്നതു്–പറയുന്നതു്, ഒല്ലാ–പാടില്ല, എൻറ–എന്നുപറഞ്ഞു്, എഴുനിൻറ–എഴുന്നേററു, നടന്താൻ–(അവൻ) നടന്നു.

രാമൻ യുദ്ധത്തിനുവരുംമുൻപു്, സീതയെ വിട്ടുകൊടുത്താലും, എന്നു് വിഭീഷണൻ മുൻപിൽനിന്നു് അപേക്ഷിച്ചപ്പോൾ കുപിതനായ രാവണൻ, "നിന്നോട്ടു് ആരെങ്കിലും നല്ലതു പറഞ്ഞുതരാൻ ആവശ്യപ്പെട്ടോ? നീ തികഞ്ഞ പണ്ഡിതനെപ്പോലെ എന്റെ മുമ്പിൽനിന്നു സംസാരിക്കാൻ പാടില്ല" എന്നു പറഞ്ഞുകൊണ്ടു് എഴുന്നേററു നടന്നു.

# ആറാം വൃത്തം

## 1

നടന്തിടമുറൈന്തവനുണർന്തിരവിൽ നാചം

തുടങ്കിനതു കണ്ടരിയ തുമ്പമുള്ളിലേറി

അടങ്കിയങ്കു ചെൻററചനെത്തൊഴുതു ചൊല്ല-

[1]ത്തുടങ്ങിനൻ വിപീഴണനണൈന്ത തുയരെല്ലാം.

1. തുടങ്കിനൻ—ങ.

അവൻ-രാവണൻ, നടന്തു്-നടന്നു്-പോയി, ഇടം-വാസസ്ഥലം, ഉറൈന്തു്-(പ്രാപിച്ചു്, വസിച്ചു്)ഉറങ്ങി. ഇരവിൽ-(ഇരാവിൽ)രാവിലെ, ["പിറേറനാളുദയത്തിനു്"-കണ്ണശ്ശരാമായണം] ഉണർന്തു്-ഉണൎന്നു. (അപ്പോൾ)വിപീഴണൻ- വിഭീഷണൻ, നാചം-നാശം, തുടങ്കിനതു കണ്ടു്-ആരംഭിച്ചിരിക്കുന്നു എന്നതു് മനസ്സിലാക്കി, അരിയ-കട്ടത്ത, തുമ്പം-ദുഃഖം, ഉള്ളിൽ, ഏറി-ഏറിയിട്ടു്, അടങ്കി-അടക്കമായി-രഹസ്യമായി(അമാത്യാദികൾ അറിയാതെ). അങ്കു-അങ്ങു്, ചെൻറു്-ചെന്നു്, അരചനെ-രാജാവായ രാവണനെ, തൊഴുതു്,അണൈന്ത-വന്നുചേൎന്ന, തുയരെല്ലാം-സങ്കടമെല്ലാം, ചൊല്ലത്തുടങ്ങിനൻ-പറഞ്ഞു തുടങ്ങി.

രാവണൻ കോപിച്ചു പോയി കൊട്ടാരത്തിൽ ചെന്നു്ഉറങ്ങിയശേഷം രാവിലെ ഉണർന്നപ്പോൾ, ആകപ്പാടെ നാശം കണ്ടുതുടങ്ങിയിരിക്കുന്നു എന്നു മനസ്സിലാക്കി തപ്തചിത്തനായ വിഭീഷണൻ അമാത്യാദികളറിയാതെ രഹസ്യമായി അവിടെ ചെന്നു്, രാക്ഷസാദികൾക്കു വന്നുചേൎന്നിരിക്കുന്ന സങ്കടങ്ങൾ സകലതും തൊഴുതു് അറിയിച്ചു.

## 2

അണൈന്ത തുയരം തന്നെയറിന്തടിയിണക്കീ-

ഴിണങ്കിയറിയിക്കുമടിയനോടെളുതായും

പിണങ്കുമതൊല്ലാ, പിഴ മുഴുക്കിലും, നറുന്താ-

രണിന്ത കുഴലാളൈയരചനു കൊടു മന്നാ!

അണൈന്ത–വന്നുചേന്ന, തുയരം–ദുരിതം, അറിന്തു്–അറിഞ്ഞു്, അടിയിണക്കീഴു്–ഇരുപാദങ്ങളുടേയും കീഴിൽ, ഇണങ്കി–ചേൎന്നു്–വീണു് അറിയിക്കുന്ന, അടിയനോടു്, പിഴ മുഴുക്കിലും–തെററു മുഴുത്തതായാൽ പോലും, എളുതായും–അത്ര എളുപ്പത്തിൽ, പിണങ്കുമതു്–പിണങ്ങുന്നതു്, ഒല്ലാ–പാടില്ല- നറുതാരണിന്ത കുഴലാളൈ–നല്ലപുഷ്പങ്ങൾ അണിഞ്ഞ തലമുടിയോടുകൂടിയ (സുന്ദരിയായ)സീതയെ, മന്നാ–ലങ്കേശ്വരാ, അരചനു്–രാജാവായ രാമനു, കൊടു–കൊടുത്താലും.

“ഇപ്പോൾ സംഭവിച്ചിരിക്കുന്ന ദുരിതങ്ങൾ മനസ്സിലാക്കി കാൽക്കൽ വീണു് അറിയിക്കുന്ന അടിയൻെറ ആ തെററു് കവിഞ്ഞതായിരുന്നാൽ തന്നെയും അത്ര പെട്ടെന്നു് അവിടുന്നു കോപിക്കാവുന്നതല്ല. ഹേ, ലങ്കാപതേ! അങ്ങു് സീതയെ ശ്രീരാമനു വിട്ടുകൊടുത്താലും”, എന്നു വിഭീഷണൻ വീണ്ടും തുടരുന്നു.

3

മന്നവർപിരാനൊടു വഴക്കിനു തുനിഞ്ഞാൽ[1]
എന്ന കരുമം വരുമതെൻറവിടമെല്ലാം
പിന്നെയുമവൻ തുയൻ്റു[2] പേചും മുന്നമേ വ–
ന്നുന്നതനിചാചരരൊരക്കണന്നിറൈന്താർ[3].

1. മുതിർന്നാൽ. ഖ. ഗ. 2. പേച്ചുമതിന്നെയുന്നത- - - ഗ.
4. നിചാചരനൊരരക്കണം നിറൈന്താൻ. ഖ.

മന്നവർപിരാനൊടു്–രാജരാജനായ ശ്രീരാമനോടു്, വഴക്കിനു്, തുനിഞ്ഞാൽ എന്ന–എന്തു്, കരുമം–കർമ്മം(–കർമ്മസിദ്ധി)വരും–ഉണ്ടാകും, എൻറു്–എന്നു്–എന്ന, അവിടം–(ആ)കാര്യങ്ങൾ, എല്ലാം, പിന്നെയും, അവൻ–വിഭീഷണൻ, തുയൻ്റു്–ദുഃഖത്തോടെ (“തുടൻ്റു”. എന്നു പാഠഭേദം) പേചും–പറയും, മുന്നമേ–മുൻപേ, ഉന്നത നിചാചരർ–ഉന്നതൻമാരായ നിചാചരർ–നിശാചരന്മാർ, ഒക്ക–എല്ലാം, വന്നു്, ഒരരക്കണം–(ഒരു + അരക്കണം–ഒരു അരക്ഷണം–അരക്ഷണത്തിനുള്ളിൽ, നിറൈന്താർ–(അവർ) നിറഞ്ഞു.

രാജരാജനായ ശ്രീരാമനോടു വഴക്കിനു പുറപ്പെടുന്നതുകൊണ്ടു് എന്തു കൎമ്മം സാധിക്കാൻ പോകുന്നു എന്നും മററും വിഭീഷണൻ സങ്കടപ്പെട്ടു പറയുന്നതിനിടയിൽ, അഥവാ, തുടൻ്റു പറയുന്നതിനിടയിൽ, ഉന്നതന്മാരായ രാക്ഷസന്മാരെല്ലാം രാവിലെ രാവണസന്നിധിയിൽ അരക്ഷണം കൊണ്ടു് വന്നു നിറഞ്ഞുകഴിഞ്ഞു.

## 4

നിറൈന്തളവു നീലമുകിലൈപ്പഴിചെയ്യും മെയ്–

നിറം കിളന്ന കുംപകരുണൻ[1] നികിലലോകം

നിറൈന്തു മുഴങ്ങിൻറ മൊഴിയാൽത്തമയനുള്ളം

നിറൈന്തുവരുമാറു[2] നിവിരെത്തൊഴുതുരൈത്താൻ.

1· കുംപകരണൻ–ഗ. 2. ചേരുമാറു–ഗ,

നിറൈന്തളവു–നിറഞ്ഞപ്പോൾ, നീലമുകിലൈ–നീലമേഘത്തെ, പഴി ചെയ്യും–കുറവുവരുത്തുന്ന–മോശമാക്കുന്ന, മെയ്നിറം–ശരീരവർണ്ണം, കിളന്ന–വർദ്ധിച്ച കുംപകരുണൻ–കുംഭകർണ്ണൻ, നികിലലോകം–ലോകം നിഖിലവും, നിറൈന്തു മുഴങ്ങിൻറ–നിറഞ്ഞു മുഴങ്ങുന്ന, മൊഴിയാൽ–വാക്കുകളാൽ, തമയനുള്ളം–തമയൻെറ ഉള്ളം ജ്യേഷ്ഠൻെറ ഉള്ള്, നിറൈന്തുവരുമാറ്–നിറഞ്ഞുവരുമാറ്, നിവിരെ–കൈരണ്ടും നിവത്ത്–രണ്ടു കൈയ്യും ഉയർത്തി തലയ്ക്കുമീതെ പിടിച്ച് (''നിവിരെ''–ഉയർത്തുക എന്ന അർത്ഥത്തിൽ പഴയ പ്രയോഗം, "നിവിരെ വിളിക്കുക'' എന്നും മററും ചമ്പുക്കളിൽ കാണുന്നു), തൊഴുതു, ഉരൈത്താൻ–പറഞ്ഞു·

രാക്ഷസപ്രമുഖന്മാർ വന്നു നിറഞ്ഞപ്പോൾ കരിമുകിലിനെ കവിഞ്ഞ നിറമുള്ള കുംഭകർണ്ണൻ രണ്ടുകൈയ്യും പൊക്കി തൊഴുതുകൊണ്ട് ലോകം മുഴുവൻ നിറഞ്ഞു മുഴങ്ങുന്ന സ്വരത്തിൽ ജ്യേഷ്ഠൻെറ ഹൃദയം നിറയുംവണ്ണം പറഞ്ഞു

## 5

ഉരൈത്തരുളൊല്ലാ ചപലനായുലകിൽ[1] ഞാനി–

ൻെറാരുത്തനുളനാകിൽ വന്നലൈക്കമവർ[2] തമ്മെ[3]

കരുത്തരുമല്ലേ[4] പെരിയ കാരിയങ്ങൾ താമേ[5]

വരുത്തുമവരെൻെററിക മന്തിരികൾ വേറായ്[6].

1. ഉലകിലാർ ഞാനൊരുത്തനുളനാകിൽ–ഖ, ഉലകിൽ ഞാനൊൻെറാരുത്തനാകിൽ–ഗ 2. വന്നടക്കുമവർ—ക; വന്നെതിക്കമവർ–ഗ. 3· നമ്മെ—ഖ, ങ; 4. കരുത്തരുമില്ലേ—ഖ. ഗ; 5. താപം–ഖ, 6- മന്തിരികൾ താമും.

ഉരൈത്തരുളൊല്ലാ–കല്പിച്ചുപറയരുതു്, ചപലനായ്–ചപലനെന്നു്, ഉലകിൽ ഞാൻ, ഇൻറു്–ഇന്നു്. ഒരുത്തൻ–ഒററയൊരാൾ, ഉളനാകിൽ–ഉണ്ടെങ്കിൽ, അവർ, തമ്മെ–തങ്ങളെ–ശത്രുക്കളായ ശ്രീരാമാദികളെ, വന്നു്, ഉലൈചെയ്യും–ഉലച്ചേക്കും. മന്തിരികൾ–മന്ത്രിമാർ, വേറായ്–കൂടാതെ, താമേ–താനേ, പെരിയ കാരിയങ്ങൾ –വൻകാര്യങ്ങൾ, വരുത്തുമവർ–വരുത്തിക്കൂട്ടുന്നവർ, കരുത്തരുമല്ല–ശക്തന്മാരല്ല തന്നെ, എൻറു്–എന്നു്, അറിക.

കുംഭകർണ്ണൻ പറയുന്നു:–"ഞാൻ ഒരു ചപലനാണെന്നു് അങ്ങു് കല്പിച്ചു പറയരുതു്. ഈ ലോകത്തിൽ ഞാൻ ഒരുത്തനുണ്ടെങ്കിൽ ശത്രുക്കളെയെല്ലാം ഉലച്ചേക്കും. (എന്നാൽ) മന്ത്രിമാരെക്കൂടാതെ തനിയെ വൻകാര്യങ്ങൾ ചെയ്യുന്നവർ കരുത്തരല്ലെന്നു അങ്ങു് അറിയണം."

## 6

മന്തിരികളോടുമുടൻ മറവുള്ള നമ്മോടും
ചിന്ത പിറന്നില്ല ചിറുതായുമൊരുനാളും[1]
ഇന്തുമുകി ചാനകിയിലങ്കയിൽ വരും മുൻ-
പെന്തിതരുതാഞ്ഞിതൊരു[2] നാളിടെയിലെങ്ങും[3].

1. ചിറുതായുമിതിൻമൂലം—ഖ. ചിറുതായുമിതുമൂലം—ങ.
2. എന്തിതരുതായിതൊരു—ഖ. 3. എങ്കും— ഖ ഗ. ങ.

ഒരു നാളും–ഒരിക്കലും, മന്തിരികളോടും–മന്ത്രിമാരോടും, ഉടൻ–കൂടെ, മറവുള്ള –മന്ത്രിയല്ലാതെയുള്ള, നമ്മോടും–എന്നോടും, ചിറുതായും–അല്പംപോലും, ചിന്ത–കൂടിയാലോചന, പിറന്നില്ല–ഉണ്ടായില്ല. ഇന്തുമുകി–ഇന്ദുമുഖിയായ, ചാനകി–ജാനകി, ഇലങ്കയിൽ–ലങ്കയിൽ, വരുംമുൻപു്, ഒരു നാളിടെയിൽ–ഒരു ദിവസം എങ്ങും, എന്തിതരുതാഞ്ഞു–എന്തുകൊണ്ടു് ഇതു് അരുതാഞ്ഞു.

കുംഭകർണ്ണൻ തുടരുന്നു:– "മന്ത്രികളോടാകട്ടെ എന്നോടാകട്ടെ ഒരിക്കലെങ്കിലും ചെറുതായിട്ടുപോലും ആലോചന നടത്തിയില്ല. സീത ലങ്കയിൽ വരുന്നതിനു മുൻപു് ഒരു ദിവസമെങ്കിലും എന്തുകൊണ്ടു് അതു് ചെയ്തില്ല?"

## 7

എങ്കുമിതു[1]തൊട്ടൊരു വിവേകമവു വന്നീ–
ലെങ്ങളൊടെന്മേടമിവനൊട്ടു[2] ചൊന്ന നേരം
ചെങ്ങിയിളകിൻറ മിഴിയോടു ചിനമുള്ളിൽ
പൊങ്ങിനതു പോക്കം[3]വഴി നോക്കിയുരചെയ്താൻ.

1. വിവേകം വരവന്നീലെങ്ങളൊ – – ഖ; വിവേകം വരവന്നില്ലെങ്ങളോ– -ങ
2. അവനൊട്ടു — ഖ––ഗ, 3. പോക്കി..ഖ–ഗ,

ഇതുതൊട്ട്–ഇതുതുടങ്ങി, ഒരു, വിവേകമവു–വിവേകമതു്–വിചാരം, (വിവേകിക്കുക–വിചാരിക്കുക,) എങ്ങളൊട്ട്–ഞങ്ങളോട്ട്, എങ്കും–എങ്ങും, വന്നീല–ഉണ്ടായില്ല. എന്മേടം–എന്ന കാര്യം, അവൻ ഒട്ട്, ചൊന്നനേരം, ചെങ്ങി–ചുവന്ന്, ഇളകിൻറ–ഇളകുന്ന, മിഴിയോടു–മിഴിയോടുകൂടി, ഉള്ളിൽ, ചിനം–കോപം പൊങ്ങിനതു്–പൊങ്ങുന്നതു്–വളരുന്നതു്, പോക്കംവഴി–പോക്കാനുള്ള മാർഗ്ഗം നോക്കി, ഉരചെയ്താൻ–കുംഭകർണ്ണൻ പറഞ്ഞു.

വീണ്ടും കുംഭകർണ്ണൻ പറയുകയാണു്:– ''ഇതു മുതൽ ഞങ്ങളോടെങ്ങും ആലോചിക്കുക എന്നതു് ഉണ്ടായിട്ടേയില്ല''. ഇത്രയുമായപ്പോൾ രാവണൻ കണ്ണു ചുവപ്പിച്ച് ഉരുട്ടുന്നതു കണ്ടു് കോപം പോക്കാനുള്ള വഴി നോക്കി കുംഭകർണ്ണൻ പറയുകയായി.

## 8

ഉരൈപ്പതടിയേനൊളി[1]കിളർന്ത വളർചൂലം
തരിത്തലറുമെന്നൊടു തലൈപ്പെടുകിലിപ്പോൾ
കുരക്കുപടൈയും കൊടിയ മന്നവരുമൊൻറി–
ച്ചിരിക്കിമി[2]ടമായ്മുടിയുമെന്നുതരമി[3]ൻേറ.

1. ഉരെത്തരുൾ ചെയ്യുനൊളി– - ഖ. ഉരൈപ്പതറിയനൊളി– – ഗ
2. ഇരിക്കുംവണ്ണമായ്—ഖ, ഇരിക്കുമെടമായ് –ഗ. 3. തരമിന്നേ–ങ,

അടിയേൻ–അടിയൻ, ഉരൈപ്പതു് – ഉരയ്ക്കുന്നു – പറയുന്നു, ഒളി–തിളക്കം, കിളർന്ത–വളർന്ന, വളർചൂലം–വൻപിച്ച ശൂലം, തരിത്തു്–ധരിച്ച്,

അലറമെന്നൊട്ട—അലറുന്ന എന്നോട്ട്, തലൈപ്പെട്ടകിൽ—നേരിട്ടുവരുന്നെങ്കിൽ—എതിർക്കുന്നെങ്കിൽ, ഇപ്പോഴും, കുരക്കുപടയും—കുരങ്ങു പട്ടാളവും, കൊടിയ—കടുത്ത, മന്നവരും—രാജാക്കന്മാരായ രാമലക്ഷ്മണാദികളും, ഒൻറിച്ചിരിക്കുമിടമായ്—ഒന്നിച്ചിരിക്കുന്ന സ്ഥാനമായ്, എന്നുതരം—(എൻ + ഉതരം) എൻെറ ഉദരം, ഇൻേറ—ഇന്നു തന്നെ, മുടിയും—തീരും.

വീണ്ടും കുംഭകർണ്ണൻ;— ''അടിയൻ ഇതാ പറഞ്ഞുകൊള്ളുന്നു. വൻപിച്ച ശൂലവുമെടുത്തു് അലറുന്ന എൻെറ നേരേ വരുന്നെങ്കിൽ വാനരസേനയും രാമലക്ഷ്മണാദികളുമെല്ലാം ഇന്നു തന്നെ ഒന്നിച്ച് എൻെറ വയററിൽ സ്ഥലം പിടിക്കും''.

## 9

ഇൻറുമിരാകവനിലുള്ള പയമെന്നാൽ[1]
മൻറിലുരപോയ്[2] വിളൈയും മൈതിലിതൻമെയ്യിൽ
ഒൻറുമതിനുള്ള കുറവൊൻറു ചൊല്ലുകെന്നോ—
ടെൻറിതുയരത്തൊഴുതുരൈത്തിനു[3] തിരിന്താൻ.

I. പയമെൻറാൽ—ഗ. 2, മണ്ണിലുരപോയ്—ങ,
3. ഒൻറിനിയരത്തൊഴുതു—ഗ,

ഇരാകവനിലുള്ള—രാഘവനിലുള്ള, പയം—ഭയം, ഇൻറു്—ഇന്നു്, അറും—അററുപോകും—ഇല്ലാതാകും, എൻറാൽ—എന്നാൽ—അതുകൊണ്ടു്—അങ്ങനെയായാൽ പിന്നെ, മൻറിൽ—മന്നിൽ, ഉര—കീർത്തി, പോയ്‌വിളയും—വർദ്ധിച്ചിട്ടുള്ള, മൈതിലി—സീത, തൻ—തൻെറ, മെയ്യിൽ—ശരീരത്തിൽ, ഒൻറുമതിനു്—ഒന്നുന്നതിനു്—ചേരുന്നതിനു്, ഉള്ള, കുറവു്—തകരാറു്. ഒൻറു്—ഒന്നു്, എന്നോട്ടു്, ചൊല്ലുക, എൻറു്—എന്നു്, ഇതു്, ഇനതു്—ഇനതായി—നന്നായി, ഉയരത്തൊഴുതു്—രണ്ടു കൈയ്യും പൊക്കിത്തൊഴുതു്, ഉരൈത്തു്—ഉരച്ചു്—പറഞ്ഞിട്ടു്, ഇരിന്താൻ—ഇരുന്നു.

" രാഘവനിലുള്ള ഭയം ഇന്നത്തോടുകൂടി തീരും. ആ സ്ഥിതിയ്ക്കു് കേമി കേട്ട സീതയോടു ചേരുന്നതിനുള്ള കുഴപ്പം എന്താണെന്നു് എന്നോടൊന്നു പറയണം ", എന്നിങ്ങനെ രണ്ടു കയ്യും പൊക്കി ഭംഗിയായി തൊഴുതുകൊണ്ടു് പറഞ്ഞിട്ടു് കുംഭകർണ്ണൻ ഇരുന്നു.

## 10

ഇരുന്തരുളുകെങ്കിലിന്നതായിടർ ചുരുങ്കി[1]–
ക്കരുംകുഴലി[2] ചീതതന്നുടേ കനമുലൈക്കീഴ്
പൊരുന്തിയടിയേൻ[3] പൊരുതുപോരിടെയിരാമൻ
ചിരം കളവനെൻറിതതികായനറിയിത്താൻ.

1. ചുരുങ്കം–ങ. 2. കരുങ്കുഴലി–ങ. 3. പെരുന്തുകടിയൻ–ങ.

എങ്കിൽ, കരുംകുഴലി–കറുത്തമുടിയുള്ളവൾ, ചീത–സീത, തന്നുടെ, കനമുലൈക്കീഴ്–കനത്ത മുലയുടെ കീഴിൽ, പൊരുന്തി–പൊരുന്ന്–ചേർന്ന്, ഇടർ ചുരുങ്കി–ദുഃഖം ചുരുങ്ങി–സുഖമായി, ഇനതായ്–പ്രിയമായി, ഇരുന്തരുളുക–ഇരുന്നരുളുക–വാണാലും. അടിയേൻ–(അടി+ഏൻ)–അടിയൻ, പൊരുതു–ഏറ്റുമുട്ടി, പോരിടെ–യുദ്ധത്തിൽ, ഇരാമൻ ചിരം–രാമൻെറ ശിരസ്സ്, കളവൻ–കളയുന്നുണ്ട്, എൻറിതു്–എന്നിതു്, അതികായൻ, അറിയിത്താൻ–അറിയിച്ചു.

"എങ്കിൽ, സീതയെ പുണർന്ന് അങ്ങ് സുഖമായി വാണാലും. ഞാൻ യുദ്ധത്തിൽ രാമൻെറ തല അറുക്കുന്നുണ്ട്", എന്നിങ്ങനെ അതികായൻ അറിയിച്ചു.

## 11

ഇച്ച പൊഴിയിച്ചിനിയ കുക്കുടമെനൈക്കാ–
മിച്ചണവതിന്നുമിവളൈപ്പണിയെന്നേടം
ഒച്ച ചിറിയിച്ചു[1]രചെയ്താനുഴറി മാപാ–
രിച്ചനറിയിച്ചുളവിരാവണനരൈത്താൻ.

1. ചെറിയിച്ചുഴറിനിന്നിനിയമാപാരിച്ചൻ–ക,

ഇവളൈ–സീതയെ, കുക്കുടമെനൈ–കോഴിയെന്നപോലെ, കാമിച്ച്, അണവതിന്–പ്രാപിക്കുന്നതിന്, ഇച്ചപൊഴിയിച്ച്–ഇഷ്ടംപോലെ, പണി–പണിഞ്ഞാലും–പ്രയത്നിച്ചാലും, എന്നേടം–എന്നേടത്തോളം–എന്നതു്, ഒച്ച ചിറിയിച്ച്–സ്വരം ചെറുതാക്കി

രഹസ്യമായി, മാപാരിച്ചുൻ-മഹാപാർശ്വൻ, ഉഴറി-ബദ്ധപ്പെട്ടു, ഉരവെയ്താൻ-പറഞ്ഞു, അറിയിച്ചളവു്-അറിയിച്ചപ്പോൾ, ഇരാവണൻ-രാവണൻ ഉരൈത്താൻ-പറഞ്ഞു.

“കോഴിയെന്നപോലെ ഇവളെ കാമിച്ചു് പുണരുന്നതിനു ഇഷ്ടംപോലെ വേണ്ടുവോളം യത്നിച്ചാലും” എന്നു് മഹാപാർശ്വൻ അടക്കത്തിൽ ഉഴറി അറിയിച്ചപ്പോൾ അതിനുത്തരമായി രാവണൻ പറഞ്ഞു

## ഏഴാം വൃത്താന്തം

### 1

ഉരൈക്കലാമവിടം നിന്നോടൊരു വരതരുണി വാനോർ-
പുരത്തുനിൻറുഴറിവന്റോരാൾ [1]പുഞ്ചികത്തലെയെൻപതോരാൾ,
ഉരത്തിടൈക്കൊണ്ടു [2]പൂണ്ടേനൂക്കിനാലവളെയന്നാൾ
ഉരൈത്തനളയനോടെല്ലാമുടനവൻ ചാപമിട്ടാൻ.

1. പുഞ്ചികത്തൈയ്യലമ്പോൽ—ക. പുഞ്ചികത്തലമയാൾതാൻ—ങ.
2. പൂണ്ടേനൂക്കിനാടവളെ—ഖ

നിന്നോട്, അവിടം—അക്കഥ, ഉരൈക്കലാം—പറയാം. വാനോർപുരത്തുനിൻറ്—വാനവരായ ദേവകളുടെ, പുരത്തിൽ നിന്ന്—സ്വർഗ്ഗത്തിൽനിന്ന്, ഉഴറി—വേഗത്തിൽ വന്റോരാൾ—വന്നോരാൾ—വന്നവൾ, പുഞ്ചികത്തലെ—പുഞ്ജികസ്ഥല, എൻപതോരാൾ—എന്നവൾ, ഒരു, വരതരുണി—ശ്രേഷ്ഠതരുണി, അവളെ, ഉരത്തിടൈക്കൊണ്ട്—നെഞ്ചൂക്കുകൊണ്ട്, ഊക്കിനാൽ—ബലാൽക്കാരമായി, പൂണ്ടേൻ—ഞാൻ പുണർന്നു. അന്നാൾ—അന്ന്, അയനോട്—അജനോട്—ബ്രഹ്മാവിനോട്, എല്ലാം—നടന്നസംഭവമെല്ലാം, ഉരൈത്തനൾ—(അവൾ) ഉരച്ചു—പറഞ്ഞു. അവൻ, ഉടൻ ചാപമിട്ടാൻ—ശാപമിട്ടു—ശപിച്ചു.

രാവണൻ മറുപടി പറയുന്നു:—"നിന്നോട് അക്കഥകൾ പറയാം. പുഞ്ജികസ്ഥലയെന്ന അപ്സരസ്സിനെ ഞാൻ ബലാൽക്കാരമായി പ്രാപിച്ചു. അവൾ വിവരമെല്ലാം ബ്രഹ്മാവിനെ അറിയിച്ചതോടെ അദ്ദേഹം എന്നെ ശപിച്ചു."

### 2

ഇട്ടന ചാപം കേളായ് നീയിൻറുമുതലായ്[1] മേന്നാൾ
വട്ടണികൊങ്കതങ്കും[2] മങ്കയർതങ്കളുള്ളിൽ
[3]ഇട്ടമില്ലാത നേരത്തിപ്പടി പുണർകിലൊക്ക-
പ്പെട്ടിനിൻ ചിരങ്കളെല്ലാം പൊടിയാകെൻറരുളിച്ചെയ്താൻ.

1. നീണാൾ—ക, മേൽനാൾ—ങ 2. മങ്കയാൾ—ക 3. ഇടമല്ലായ്കിൽ നീ പോയിപ്പടി—ക

ഇട്ടന-ഇട്ട, ചാപം-ശാപം, കേളായ്-കേട്ടാലും. നീ, ഇൻറുമുതലായ്-ഇന്നുമുതൽ, മേന്നാൾ- (മേൽ+നാൾ) വരുംകാലത്ത്-മേലാൽ, വട്ട്-വൃത്തം, അണിതകാങ്കതങ്കം,-മനോഹരമായ കൊങ്കകൾ ഉള്ള മങ്കയർതങ്കൾ-സ്ത്രീകളുടെ, ഉള്ളിൽ-മനസ്സിൽ, ഇട്ടമില്ലാത-ഇഷ്ടമില്ലാത്ത, നേരത്ത്, ഇപ്പടി-ഇപ്രകാരം, പുണർകിൽ-പുണരുകിൽ, നിൻ, ചിരങ്കളെല്ലാം-ശിരസ്സുകളെല്ലാം, ഒക്ക-ഒന്നിച്ച്, ഒന്നു പോലെ, പൊട്ടി, പൊടിയാക-പൊടിയാകട്ടെ, എൻറ്-എന്ന്, അരുളിച്ചെയ്താൻ-അരുളിച്ചെയ്തു.

രാവണൻ തുടരുന്നു:-"ഇട്ട ശാപം കേൾക്കുക-നീ ഇന്നു മുതൽ മേലാൽ എപ്പോഴെങ്കിലും വൃത്തമൊത്ത മനോഹരങ്ങളായ കൊങ്കകൾ ഉള്ള (അഥവാ സുന്ദരികളായ) സ്ത്രീകളെ അവരുടെ ഇഷ്ടത്തിനു വിരുദ്ധമായി പ്രാപിക്കുന്നെങ്കിൽ, അന്നു നിൻെറ പത്തു തലയും ഒന്നോടെ പൊട്ടിത്തകരും, എന്നാണ് ബ്രഹ്മാവ് ശാപവചസ്സ് അരുളിയത്".

3

അരുളിച്ചെയ്തതു ചെറുപ്പാനരുതെൻറാറും[1] ചൂടി—
ത്തെരുവത്തു വെലിയിരക്കും തേവതേവനുമെൻറാൽ
അരുതൊട്ടും[2] തെന്നിലങ്കൈക്കരചൻ ചൊന്നതിനെക്കേട്ട
വിരവിൽക്കൈതൊഴുതു[3] ചൊന്നാൻ വിപീഴണൻ
വെടിന്താർകാലൻ.

1. ആറുചൂടി—ക 2. അരുതൊട്ടുമെൻറിലങ്കൈ—ഗ 3. പണിന്തു—ഖ

അരുളിച്ചെയ്തത്-ബ്രഹ്മാവിൻെറ ശാപം. ചെറുപ്പാൻ-തടുക്കുവാൻ, ആറുംചൂടി-ഗംഗയെ തലയിൽ ധരിച്ച് തെരുവത്ത്-തെരുവിൽ, വെലി-ബലി. ഇരക്കും-ഇരക്കുന്ന, തേവതേവനും-ദേവദേവനായ ശിവനും, എൻറും-എന്നും-ഒരിക്കലും, അരുത്-ആവതില്ല, എൻറാൽ(?)എന്നാൽ ["എന്നാൽ" എന്നു പാഠഭേദം] എന്നെക്കൊണ്ട് അരുതൊട്ടും-ഒട്ടും തന്നെ ആവതില്ല. തെന്നിലങ്ക(?) ["എന്നിലങ്കൈക്കരചൻ" എന്നു പാഠാന്തരം] എന്ന്, ഇലങ്കൈക്കരചൻ-ലങ്കാധിപനായ രാവണൻ, ചൊന്നതിനെക്കേട്ട്, വെടിന്താർ-വെടിന്താർക്ക്,-ശത്രുക്കൾക്ക്, കാലൻ-കാലനായ, വിപീഴണൻ-വിഭീഷണൻ, വരിവിൽ-ഉടൻ, കൈതൊഴുത്, ചൊന്നാൻ-പറഞ്ഞു.

രാവണൻ വീണ്ടും പറയുന്നു:- "ബ്രഹ്മശാപം തടയാൻ തെരുവിൽ ബലി ഇരന്നു നടക്കുന്ന ഗംഗാധരനുപോലും ഒരിക്കലും കഴിവില്ല; എന്നെക്കൊണ്ട് ഒട്ടുമേ

ആവതില്ല". ഇത്രയും കേട്ടപ്പോൾ ശത്രുക്കൾക്ക കാലനായ വിഭീഷണൻ രാവണനെ കൈതൊഴുതു് ഇപ്രകാരം പറഞ്ഞു.

## 4

കാലനായിനാൻ കരന്നും[1] കവന്തന്നും[2] വിരാതനുക്കും
വാലിയാം കപിവരന്നും[3] മായയെഴോർ മാരീചന്നും
ചാലെല്ലാം കൊട്ടപ്പമാണ്ട താടകതന്നെക്കും[4] നൻറായ്
വാലനായന്റെ വേന്തൻ വൻപനെൻററി[5] നീ മന്നാ!

1. കരനും കവന്തനും—ക 2. വിരാതനിക്കും—ക 3. കപിവീരനും—ഖ 4. തനക്കും—ക 5. അറിക മന്നാ—ക

കരന്നും—ഖരനും, കവന്തന്നും—കബന്ധനും, വിരാതനുക്കും—വിരാധനും വാലിയാം—ബാലിയാകുന്ന, കപിവരന്നും—വാനരരാജാവിനും, ചാലെല്ലാം—(ചാല + എല്ലാം) സർവ്വവുമായ (?)—["ചാലെല്ലാമവരം മൂലപ്രകൃതി"] സർവ്വം തികഞ്ഞ (?), കൊട്ടപ്പമാണ്ട—ഘോരതയോടുകൂടിയ, താടകതന്നെക്കും—താടകയ്ക്കും, നൻറായ്—നന്നേ, കാലനായിനാൻ—കാലനായിത്തീർന്നു, മന്നാ—ലങ്കാപതേ! വാലനായന്റെ—ബാലനായിരുന്ന അന്നു തന്നെ, വേന്തൻ—രാജാവായ ശ്രീരാമൻ, വൻപനെൻറ്—വൻപനെന്നു്, നീ, അറി—അറിഞ്ഞാലും.

വിഭീഷണവാക്യം:—"ഹേ, ലങ്കാപതേ! ഖരൻ, കബന്ധൻ, വിരാധൻ, ബാലി, താടക എന്നിവർക്കെല്ലാം ശ്രീരാമൻ ശരിക്കു് കാലനായിത്തീർന്നു. ബാല്യത്തിൽ, തന്നെ അദ്ദേഹം പ്രബലനാണെന്നറിഞ്ഞാലും."

താടകാവധപ്രസ്താവം ബാല്യത്തിലേ തന്നെ ആരംഭിച്ച രാമപ്രതാപത്തിലേക്ക രാവണന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനു വേണ്ടി മനഃപൂർവ്വം ഒടുവിൽ ചേർത്തതു പോലെ തോന്നുന്നു.

## 5

അറിവതിനരിപ്പമിപ്പോഴവനുടെ പെരിപ്പം[1] നമ്മാൽ
[ഗണപതി]
കുറവരും വരുണനല്ല[2] കുഞ്ചിരമുകനുമല്ലേ[3]

1. പെരുമം—ഗ 2. പവനനല്ല—ഖ 3. കുഞ്ചര—ങ

അരുമുകനല്ല [4]പണ്ടെയനലണിന്തരചനല്ല
[5]മരുവരും പവനനല്ല വച്ചിരതരനുമല്ലേ

4. പണ്ടെ അരവണിന്തരചനല്ല—ക പണ്ടെയരവണിചടയനല്ല—ഖ
5. കാവരും പവനനല്ല—ക; മരുവരും വരുണനല്ല ദേവകൾകോനുമല്ല—ഖ മരുവുര പവനനല്ല—ങ

അവനുടെ, പെരിപ്പം-മഹിമ, ഇപ്പോൾ-ഇപ്പോഴത്തെ അവസ്ഥയിൽ, നമ്മാൽ, അറിവതിന്ന്, അരിപ്പം-പ്രയാസമാണ്. (അവൻ) പണ്ടെ-ആദിയിൽത്തന്നെ, കാവരും—(കറ+അരം) കറവററ, വരുണനല്ല. കുഞ്ചരമുകനുമല്ലേ-കുഞ്ജരമുഖനായ ഗണപതിയുമല്ല. അരുമുകനല്ല-അറുമുഖനായ സുബ്രഹ്മണ്യനല്ല, അനൽ അനലൻ-അഗ്നി, അണിന്ത-അണിഞ്ഞ, അരചനല്ല-തമ്പുരാനായ ശിവനല്ല. മരുവരും-(മറ+അരം) എതിരററ, പവനനല്ല-വായുദേവനല്ല, വച്ചിരതരൻ-വജ്റധരനായ ഇന്ദ്രൻ, അല്ലേ-അല്ലെന്ന് ഓർത്തിരുന്നാലും.

ശ്രീരാമൻ വരുണാദിദേവന്മാരാരുമല്ലെന്ന് വിഭീഷണൻ രാവണനെ ദൃഢമായി ഓർമ്മപ്പെടുത്തുന്നു.

വിഭീഷണൻ ബാലനായ രാമനെത്തന്നെയും മനസ്സിലാക്കിയതായി മുൻപാട്ടിലെ താടകാവധസൂചനയിൽനിന്ന് അനുമാനിക്കാം. രാവണപക്ഷം കൈവെടിഞ്ഞ വിഭീഷണൻെറ മനോഗതി ഈ പാട്ടിൽ വ്യക്തവുമാണ്.

## 6

അല്ലൽചെയ്യുലകുലൈക്കു[1]മചുരരൈയരുപ്പാൻ മുന്നം
നല്ലതോർ വരാകമാനാൻ, നരചിങ്കവടിവുമാനാൻ,
ചൊല്ലെഴും കുറളായ്, തൂയ മഴുവേന്തും മുനിയുമാനാൻ,
മെല്ല [2]നങ്കുലം മുടിപ്പാൻ വേന്തനായ് [3]പിറന്താനിപ്പോൾ

1. അചുരരെ പടയറുപ്പാൻ നല്ലതോർ—ഗ 2. നിങ്കുലം—ക, നംകുലമറുപ്പാൻ—ഗ 3 വേന്തനായവതരിത്താൻ—ഖ

അല്ലൽചെയ്ത്-ദുരിതങ്ങൾ വരുത്തി, ഉലക്, ഉലൈക്ക-ഉലയ്ക്കുന്ന, അചുരരൈ-അസുരന്മാരെ, അറുപ്പാൻ-വധിക്കാൻ-അറുതിവരുത്താൻ, മുന്നം-പണ്ട്, നല്ലത്,-നല്ലതായ, ഓർ-ഒരു, വരാകം-വരാഹം-പന്നി, ആനാൻ-ആയി, ചൊല്ലെഴും

കുറളം-വാമനൻ, ആയി, തൂയ-നല്ല, മഴുവേന്തും-മഴു ധരിക്കുന്ന, മുനിയും-മുനിയായ പരശുരാമനും, ആനാൻ-ആയി. ഇപ്പോൾ അവൻ, മെല്ല-പതുക്കെ, നം-നമ്മുടെ, കുലം, മുടിപ്പാൻ-നശിപ്പിക്കാൻ, വേന്തനായ്-രാജാവായ്, പിറന്തു-പിറന്നിരിക്കുന്നു.

ക്ലേശങ്ങൾ പലതും വരുത്തി ഉലകിനെ ഉലയ്ക്കുന്ന അസുരന്മാരുടെ അവതി വരുത്തുന്നതിനുവേണ്ടി പണ്ട് ഇവൻ വരാഹാവതാരം കൈക്കൊണ്ടു, പിന്നെ നരസിംഹമായി, വാമനനായി, പരശുരാമനുമായി, ഇപ്പോഴിതാ നമ്മുടെ കുലത്തിനു അവതി വരുത്തുന്നതിനായി അയോദ്ധ്യാപതിയായ രാമനായി പിറന്നിരിക്കുന്നു; എന്നിങ്ങനെ വിഭീഷണൻ തുടരുന്നു.

## 7

വേന്തർകോൻ[1]തനയനാകി വിണ്ണവർക്കമൃതായുള്ളിൽ[2]
കാന്തി ചേർ മുനിവർ തേടും തനിമറൈക്കാതലാകി
പൂന്തഴൈക്കുഴലാൾ ചീതൈ പുണരണിമുലൈക്കു പൂൺപാ-
യാർന്തെഴുമരക്കർ നഞ്ചായവനവതരിത്തുതൈയ്യാ!

1. വേന്തർകോൻറനയനാകി—ങ 2. വിണ്ണവർക്കമൃതായ് വിണ്ണിൽ—ഖ, വിണ്ണവർക്കമൃതായുള്ള—ഗ.

വേന്തർകോൻ-രാജരാജനായ ദശരഥൻ, തനയൻ-പുത്രൻ, ആകി-ആയി, വിണ്ണവർക്ക്-ദേവന്മാർക്ക്, അമുതായി-അമൃതായി, ഉള്ളിൽ, കാന്തി-പ്രകാശം, ചേർ ചേർന്ന-ഉള്ള, മുനിവർ-മുനിമാർ, തേടും-തേടുന്ന, തനി-തനിച്ച-ശുദ്ധമായ, മറൈ-മറ-വേദം, കാതലാകി-കാതലായി-സാരമായി, പൂന്തഴൈ-പൂന്തഴ-മനോഹരമായ പീലി, കുഴലാൾ-കുഴലുള്ളവൾ-തലമുടിയുള്ളവൾ, ചീതൈ-സീത, പുണർ-പുണരുന്ന ചേരുന്ന-തിങ്ങിച്ചേർന്ന, അണിമുലൈക്ക്-മനോഹരമായ മുലയ്ക്ക്, പൂൺപായി-ആഭരണമായി-ആർന്ത്-ആർന്ന്-ചേർന്ന്-കൂടി, എഴും-വളർന്ന, അരക്കർ-രാക്ഷസന്മാർ, നഞ്ചായി-വിഷമായി-നാശകാരണമായി, അവൻ-രാമൻ, അവതരിത്തുതു് അവതരിച്ചതു്, അയ്യാ-ആര്യാ.

“ആര്യാ! ദശരഥന്റെ പുത്രനും, ദേവകൾക്ക് അമൃതും, മുനിമാർ തേടുന്ന വേദസാരവും, മനോഹരമായ മുടിയും ഇടതിങ്ങിയ മുലകളുമുള്ള സീതയുടെ മാർവിന് അലങ്കാരവും, വർദ്ധിച്ച രാക്ഷസക്കൂട്ടത്തിന് നാശകാരണവുമായാണ് ശ്രീരാമൻ അവതരിച്ചിരിക്കുന്നതെന്നറിഞ്ഞാലും”, എന്നു വിഭീഷണൻ വീണ്ടും രാവണനോടു പറയുന്നു.

## 8

അയ്യാ! കേട്ടരുൾ[1] നീയിന്നും അവരവരുരൈത്തതെല്ലാം[2]
പൊയ്യാതെയ മുടിയുമാറ് പൊരുപ്പവരവനെപ്പോരിൽ
ചെയ്യാതെ നമുക്കു തിന്മ[3]; ചീററമെന്നോടു കൈവി-
ട്ടയ്യാ! മൈതിലി[4]യെയൻപോടരചനു കൊടുത്തിടായേ![5]

1. കേട്ടരുളുകെൻചൊൽ — ഖ, കേട്ടരുൾ നീയെൻചൊൽ — ഗ, കേട്ടരുൾ നീയെന്നും — ക 2. ഉരപ്പതെല്ലാം — ക, ഖ, ഗ 3. തീമം — ക തീമ — ഖ, ഗ 4. മൈതിലിയെയിപ്പോളരചനു കൊടുത്തിടയ്യാ — ക, ഖ 5. കൊടുക്ക മന്നാ — ഗ

അയ്യാ, നീ, ഇന്നും — ഇനിയും, കേട്ടരുൾ — കേട്ടരുളിയാലും, അവരവർ — അമാത്യന്മാരെല്ലാം, ഉരൈത്തതെല്ലാം — ഉരച്ചതെല്ലാം — പറഞ്ഞതു മുഴുവൻ, പൊയ്യാതെയ — പൊളിയായിത്തന്നെ, മുടിയുമാറ് — തീരുംവിധം ആണ്. അവനെ — രാമനെ, പോരിൽ — യുദ്ധത്തിൽ, പൊരുപ്പവർ — എതിർത്തുനിൽക്കുന്നവർ, നമുക്ക് — നമ്മുടെ കുലത്തിന്, തിന്മ — ദ്രോഹം, ചെയ്യാതെ — ചെയ്യാതിരിക്കട്ടെ. എന്നോട്, ചീററം — കോപം കൈവിട്ട്, അയ്യാ, അരചന് — രാജാവായ രാമന്, അൻപോട് — ദയചെയ്ത്, മൈതിലിയെ — മൈഥിലിയെ, കൊടുത്തിടായേ — കൊടുത്താലും.

അയ്യാ! നീ ഇനിയും കേട്ടാലും; അമാത്യന്മാരെല്ലാം പറഞ്ഞതൊക്കെ വെറുതെ. രാമനെ യുദ്ധത്തിൽ തടയുന്നവർ നമ്മുടെ വംശത്തിനു ദ്രോഹം ചെയ്യാതെ സൂക്ഷിക്കുക. എന്നോടുള്ള വൈരാഗ്യമെല്ലാം കളഞ്ഞിട്ട് ദയചെയ്ത് സീതയെ രാമനു വിട്ടുകൊടുക്കുക.

## 9

അരചർകോനി[1]രാമൻതാനും അരികുലവേന്തനും പോർ-
കരുതു[2]മൊൺപടെയും ചുഴക്കതിർത്തു[3] വന്തെതിർക്കുംമുന്നേ
തിരുവുതെൻചൊല്ലിനാലേ തിരുമനത്തേയോർത്തി[4]വേന്ത-
ന്നിരിളണികുഴലാൾ ചീതെയിക്കാലം കൊടുത്തിടൈയ്യാ![5]

1 അരചർകോനനുചൻതാനും — ക 2. കരുതിയ പടെയും — ഖ
3. ഒക്കക്കതിർത്തു — ഖ, കൂടക്കതിർത്തു — ഗ 4. വേന്തർക്കിരുളണി — ങ 5 കൊടുത്തിടായ്‌വിൽ — ഗ, കൊടുത്തിടായേ — ങ

അരചർഭകാൻ-അരചന്മാർക്കു രാജാവായ, ഇരാമൻതാനം-രാമനും, അരികുലാധിപനും-ഹരികുലത്തിന്ന് രാജാവായ സുഗ്രീവനും, (ഹരികുലം-വാനരകുലം, വേന്തൻ-രാജാവ്), പോർക്കരുത്തും-യുദ്ധത്തിന്ന തയ്യാറായ, മൺപടയെയും-മനോഹരം സൈന്യവും, (മൺ-വമ്പിച്ച)വൻപിച്ച സൈന്യവും,കതിത്തു-ഉഗ്രമായി ചൂഴ-ചുററും.വന്തു്-വന്ന്, എതിർക്കും, മുന്നേ-മുൻപേ, എൻ-എന്റെ,ചൊല്ലിനാലേ-ചൊല്ലുകൊണ്ടു്, തിരുമനത്തു്-തിരുമനസ്സ്,തിരുവുതു്-തിരിഞ്ഞാലും-അറിഞ്ഞാലും അയോത്തി-അയോദ്ധ്യ, വേന്തനു്-രാജാവായ രാമന്, ഇരിം-ഇരുൾ-ഇരുട്ടു പോലെ കറുത്ത, അന്നികുഴലാൾ-മനോഹരമായ മുടിയുള്ളവൾ, ആയ ചീതൈ-സീതയെ, ഇക്കാലം-ഇപ്പോൾത്തന്നെ, അയ്യാ, കൊടുത്തിടു്-കൊടുത്തേക്കുക.

"രാമനും, സുഗ്രീവനും, യുദ്ധസന്നദ്ധമായ (അഥവാ സന്നാഹങ്ങളോടുകൂടിയ) സൈന്യവും ചുററിനും വന്ന് ഉഗ്രമായി എതിർക്കുന്നതിന്ന മുൻപ്പ് ഞാൻ പറയുന്നതു തിരുമനസ്സറിഞ്ഞാലും! അയോദ്ധ്യാധിപനായ രാമന് ഇപ്പോൾത്തന്നെ സീതയെ കൊടുത്താലും."

## 10

കൊടുപ്പമുള്ള വരോടാരും[1] കൂറുകയില്ല, നല്ല-[2]
തടുത്തറിയിക്കുംനേരം ആതരിപ്പവരുമില്ല;
എടുത്തെടുത്തുരെപ്പരപ്പോഴിച്ചയായുള്ളതെല്ലാം[3]
കൊടുപ്പുതേ വേന്തനാക്കു കുയിൽമൊഴിയാളെയയ്യാ![4]

1. കൂറുമോ മറുത്തു നല്ലാർ അടുത്തറിയിക്കും-ക 2. നന്മയടുത്തിനിക്കുംനേരം-ഗ 3. അപ്പോതിച്ചയായുള്ളതെല്ലാം—ഖ, അപ്പാൽ നാട്ടാതിച്ചയായുള്ളതെല്ലാം—ഗ, അപ്പോഴിച്ചയായുള്ളതെൻറാൽ—ഖ 4 കുഴിൽ—ഖ

കൊടുപ്പം-ഘോരത ഉള്ളവരോട്, ആരും, കൂറുകയില്ല-മിണ്ടുകയില്ല [രാവണന്റെ കൊടുപ്പം കാട്ടരുതെന്നു സൂചന. ] നല്ലതു്, അടുത്തു്, അറിയിക്കും നേരം, ആതരിപ്പവരുമില്ല-ആദരിക്കുന്നവരുമില്ല തന്നെ. (മററു ചിലർ അപ്പോൾ-ഓരോ സമയത്തു്-അഥവാ തൽക്കാലം, ഇച്ചയായുള്ളതെല്ലാം-ഇഷ്ടമായിട്ടുള്ളതെല്ലാം-ഇഷ്ടമെല്ലാം) എടുത്തെടുത്തു്-വീണ്ടും വീണ്ടും, ഉരെപ്പർ-ഉരയ്ക്കുന്നു-പറയുന്നു. അയ്യാ, കുയിൽമൊഴിയാളെ-കുയിലിനെപ്പോലെ മധുരമൊഴിയായ സീതയെ, വേന്തനുക്ക്-രാജാവായ രാമന്, കൊടുപ്പതേ-കൊടുത്താലും.

ഘോരത കാട്ടുന്നവരോട്' ആരും മിണ്ടുകയില്ല (പറയുന്നതു ക്ഷമയോടുകൂടി കേൾക്കുന്നവരോടു മാത്രമേ പറയാൻ സാധിക്കുകയുള്ളു). വേണ്ടതു് അടുത്തറിയിക്കുന്നവരെ ആരും മാനിക്കുന്നില്ല (ഹിതം പറഞ്ഞാൽ രാവണൻ കേൾക്കുകയില്ലെന്നു സാരം) മററുള്ളവർ രാവണനു് ഇഷ്ടമായതു മാത്രം എടുത്തെടുത്തു പറയുന്നവരുമാണ്. എന്നാലും വിഭീഷണൻ, സീതയെ വിട്ടുകൊടുക്കണമെന്നു തന്നെ തുടർന്നു പറയാനാണു ഭാവം.

## 11

കുയിൽമൊഴിയാളെ[1] മീഴ്‌വാൻ കുലമറെച്ചിലയെടുത്ത
തയരതതനയനുക്കച്ചാതമായ് ക്കൊടുപ്പുതെൻറു[2]
ഉയർപുകൾ വിപീഴണൻ മീണ്ടുരെത്തതിനെച്ചെറുത്ത-
ങ്ങിയലറിയാത മൈന്തനിന്തിരചിത്തു ചൊന്നാൻ.

1. കുഴിൽ — ക 2. കൊടുത്തിടെൻറു — ക കൊടുപ്പുതെൻറു — ഖ

കുഴിൽമൊഴിയാളെ—കുയിലിനെപ്പോലെ മധുരമൊഴിയായ സീതയെ, മീഴ്‌വാൻ—മീളുവാൻ—വീണ്ടും കൊള്ളുവാൻ, കുലം അറ—അറുക്കത്തക്ക, ചില—വില്ലു്, എടുത്ത തയരതതനയനുക്ക്—ദശരഥപുത്രനായ രാമനു്, ചാതമായ്—തീർച്ചയായും, കൊടുപ്പുതു് കൊടുത്താലും, എൻറു്—എന്നു്, ഉയർപുകൾ—പുകൾ ഉയന്ന—കേളികേട്ട, വിപീഴണൻ—വിഭീഷണൻ, മീണ്ടു്—വീണ്ടും, ഉരെത്തതിനെ—ഉരച്ചതിനെ—പറഞ്ഞതിനെ, ചെറുത്തു്—തടഞ്ഞുകൊണ്ടു്, ഇയൽ—ന്യായം—മര്യാദ—നടപ്പു്, അറിയാത—അറിവില്ലാത്ത, മൈന്തൻ—രാവണപുത്രൻ, ഇന്തിരചിത്തു്—ഇന്ദ്രജിത്തു്, ചൊന്നാൻ—ചൊന്നു—പറഞ്ഞു.

സീതയെ വീണ്ടെടുക്കുന്നതിനായി കുലനാശകരമായ വില്ലെടുത്തിരിക്കുന്ന രാമനു് അവളെ തീർച്ചയായും വിട്ടുകൊടുക്കണമെന്നു് വിഭീഷണൻ തുടർന്നു പറഞ്ഞതിനെ തടഞ്ഞുകൊണ്ടു് നീതിയറിയാത്ത ഇന്ദ്രജിത്തു് പറഞ്ഞുതുടങ്ങി.

# എട്ടാം വൃത്തം

## 1

ചൊന്നാലും[1] ചൊല്ലേണ്ടുമതിൻറാത ചൂരനാമിരാകവനെ-
ന്തെന്നോടെല്ലാമാവതു[2] പോരിടൈ യെന്തുകൊണ്ടെ-
തിർപ്പുതവൻ
നിന്നോടെല്ലാമാം പകയർക്കു, നിനക്കു[3] പാടവം പെരികു-
ണ്ടൊന്നാർ തമ്മോടോടിയൊളിച്ചൊരു ചാതി
പോററുവാനുയിരേ

1. ചൊല്ലാലും–ഗ. 2. എന്തെന്നോടാവതു പോരിടയെൻറടൻ എന്തു–കൊണ്ടു്–ഗ. 3. നിനക്കു പാഴ്പയം–ഖ.

വ്യാ:—ചൊല്ലേണ്ടുമതു്–(ചൊല്ലേണ്ടും + അതു്) പറയേണ്ടതു്–പറയാനുള്ളതു്, ചൊന്നാലും–പറഞ്ഞാലും, ഇൻറു്–ഇന്നു്, ഒരു, ചൂരനാം–ശൂരനായ, ഇരാകവൻ–രാഘവൻ–എന്നോടു്, പോരിടൈ–പോരിൽ–യുദ്ധത്തിൽ, എന്തു്, എല്ലാം, ആവതു്–കഴിവുള്ളതു്, എന്തുകൊണ്ടു്–എന്തു് ആയുധംകൊണ്ടു്, അവൻ–ശ്രീരാമൻ എതിർപ്പതു്–എതിർക്കുന്നതു്. നിന്നോടു്–വിഭീഷണനോടു്, പകയർക്കു–ശത്രുക്കൾക്കു എല്ലാമാം – എല്ലാമാകും–എന്തുമാകും. ഒന്നാർ തമ്മോടു – ശത്രുക്കൾ തങ്ങളോടു്–ശത്രുക്കളോടു്, ഓടി ഒളിച്ചു്, ഒരു ചാതി–ഒരു ജാതി–ഒരു വിധം–കഷ്ടിച്ചു്, ഉയിരേ–ഉയിരിനെ, പോററുവാൻ–രക്ഷിക്കുവാൻ, നിനക്കു്, പാടവം–സാമർത്ഥ്യം, പെരികുണ്ടു്–(പെരിക + ഉണ്ടു്) ധാരാളമുണ്ടു്.

ഇന്ദ്രജിത്തു പറയുന്നു:– "ഞാൻ പറയുന്നതിനു സമാധാനം പറയാനുണ്ടെങ്കിൽ പറയണം. ഇന്നു് ഒരു വലിയ ശൂരനായിരിക്കുന്ന ഈ രാമനു് യുദ്ധത്തിലെന്നോടെന്തു സാധിക്കും? എന്തു് എടുത്താണു അവൻ എതിർക്കും? പക്ഷെ നിന്നോടു് ശത്രുക്കൾക്കു് എന്തുമാകും. നിനക്കോ? അവരുടെ കൂട്ടത്തിലേയ്ക്കു് ഒളിച്ചോടി കഷ്ടിച്ചു ജീവനെ രക്ഷിക്കാൻ ധാരാളം സാമർത്ഥ്യവുമുണ്ടു്.

## 2

ഉയിരുണ്ടാകിൽ കണ്ടുകൊള്ളാം ഉലകത്തു[1] മററു[2] നല്ലവെല്ലാം,
തുയരം[3] വാരാ വൈരികളെത്തുയരാതവർക്കു പോരിലെങ്ങും,

പയമെൻറാട്ടം[4] നീയറിയാ[5] പടൈയിൽപ്പിടിത്തണൈഞ്ഞു[6]
നിന്നെ-
ക്കയറുംപോട്ടം ചങ്ങലയും കനമിട്ടുകെട്ടിവൈക്കിലുമേ

1. ഉലകത്തിൽ-ഗ. ങ. 2. മററം നല്ലതെല്ലാം-ക. മററനല്ല-തെല്ലാം- ഖ. 3. തുയരും. ഗ.
4. പയമിന്നൊട്ടം-ക. 5. നീയറിയായയിൽ പിടിച്ചണച്ചു നിന്നെ-ഖ.
6. പിടിത്തണച്ചു-ക.

വ്യാ:—ഉയിരുണ്ടാകിൽ-ജീവനുണ്ടെങ്കിൽ, ഉലകത്തു്-ലോകത്തു്, മററ്, നല്ലവെല്ലാം-നല്ലതെല്ലാം, കണ്ടുകൊള്ളാം-അനുഭവിച്ചുകൊള്ളാം [ഇതു് വിഭീഷണനെൻറനേക്കു് ഒരു പ്രയോഗമാണെന്നുവരാം] പോരിൽ വൈരികളെ, തുയരാതവക്കു്-തുയർപ്പെടുത്താത്തവക്കു്-ക്ലേശിപ്പിക്കാത്തവക്കു്, തുയരം, ക്ലേശം-ദുഃഖം, വാരാ-വരികയില്ല. പടൈയിൽ-പടയിൽ-യുദ്ധത്തിൽ, നിന്നെ, പിടിത്തണൈഞ്ഞു്-പിടിച്ചണച്ചു്-പിടിച്ചു് ചേർത്തു്, കയറും, പോട്ടം-ഇട്ടും, ചങ്ങലയും, ഇട്ടു-ഇട്ടു, കനം-കനക്കെ-നന്നേ, കെട്ടി, വൈക്കിലുമേ-വച്ചാൽപോലും, പയം-ഭയം, എൻറു്-എന്നു് എന്ന ഒന്നു്, നീ, ഒട്ടും, അറിയാ-അറിയുകയില്ല.

വിഭീഷണൻ ശത്രുവിൻെറ കൂട്ടത്തിൽ ഒളിച്ചോടിച്ചെന്നു് ഏതു വിധവും ജീവനെ രക്ഷിക്കുമെന്നു പറഞ്ഞതിനെ തുടൎന്നു് ഇന്ദ്രജിത്തു് വീണ്ടും പരിഹസിക്കുന്നു:—"ഉയിരുണ്ടെങ്കിൽ ലോകത്തിൽ വേണ്ട നന്മയെല്ലാം അനുഭവിച്ചുകൊള്ളാമെന്നു് നിനക്കറിയാം(ഒരു പക്ഷേ ലങ്കാധിപത്യം വിഭീഷണൻ ആഗ്രഹിക്കുന്നുണ്ടായിരിക്കണമെന്നു സൂചന) എന്തെന്നാൽ യുദ്ധംചെയ്തു് ശത്രുവിനെ ക്ലേശിപ്പിക്കാത്തവർക്കു് യാതൊരു തകരാറും വരാനില്ല യുദ്ധത്തിൽ തടവുകാരനായി പിടിച്ചു ചങ്ങലയും കയറുമിട്ടു് കനക്കെ കെട്ടിയിട്ടാലും നിനക്കു ഭയവുമില്ല."

കയറുകൂടാതെ ചങ്ങല ഉറയ്ക്കുകയില്ല എന്നുള്ളതുകൊണ്ടു് കയറും കൂടിചേർത്താണു തളയ്ക്കുക.

വിഭീഷണൻ തനി ശത്രുപക്ഷപാതിയായതുകൊണ്ടു്, ഒരു വേള യുദ്ധത്തിൽ പിടിച്ചാൽ തന്നെയും അയാൾക്കു് ദോഷമൊന്നും ഉണ്ടാകയില്ലെന്നും, തന്നിമിത്തം ബന്ധനത്തേപ്പററി ഭയപ്പെടേണ്ടതില്ലെന്നും ഇന്ദ്രജിത്തു് സൂചിപ്പിക്കുന്നു. വിഭീഷണൻ രാവണപക്ഷത്തിൽ യുദ്ധം ചെയ്യുകതന്നെ ഇന്ദ്രജിത്തു് കരുതുന്നുണ്ടായിരിക്കണം. എന്തെന്നാൽ ജയിച്ചാലും തോററാലും രാജ്യമുണ്ടെങ്കിൽ അതു വിഭീഷണനു കിട്ടുമെന്നു് ഇന്ദ്രജിത്തു് മുൻകൂട്ടി കാണുന്നുണ്ടെന്നു തോന്നുന്നു. വിഭീഷണൻ മറുപക്ഷത്തുപോയി തോൽക്കുന്ന പക്ഷം രാജ്യം എന്തായാലും തനേൻറതായിരിക്കും എന്നാണു് ഇന്ദ്രജിത്തിൻെറ വിശ്വാസം, അതിനാൽ വിഭീഷണൻ മറുപക്ഷം ചേൎന്നുകൊള്ളട്ടെ, യുദ്ധത്തിൽ തോല്പിച്ചുകൊള്ളാം, എന്നു് ഇന്ദ്രജിത്തു വിചാരിക്കുന്നു. താൻ തോൽക്കുമെന്നു് അയാൾ കരുതുന്നില്ല. രാമനു തന്നോടു് എതിർക്കത്തക്ക യാതൊരു സിദ്ധിയു

മില്ലെന്നു് അയാരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. തന്നിമിത്തം "ഉയിരുണ്ടാകിൽ ഉലകത്തു മററു നല്ലവെല്ലാം കണ്ടുകൊള്ളാം" എന്നു വിഭീഷണനെ പരിഹസിക്കുന്നതിനായി ഉള്ളുവച്ചു് പറയുകയാണു് ഇന്ദ്രജിത്തു ചെയ്യുന്നതെന്നു് ന്യായമായി കരുതാവുന്നതാണു്—ഏതുവിധവും ജീവൻ രക്ഷപ്പെട്ടുമെങ്കിൽ ലങ്കയുടെ ആധിപത്യം തുടങ്ങിയ നന്മയെല്ലാം അനുഭവിക്കാമെന്നു് വിഭീഷണൻ വിചാരിക്കുന്നതായി താൻ കണ്ടു കഴിഞ്ഞു എന്നു്. അതിനുവേണ്ടി തടവിൽ പിടിക്കപ്പെടാൻപോലും വിഭീഷണൻ ഒരുക്കമായിരിക്കുമെന്നുള്ള സൂചന പുറമെയും.

## 3

വൈക്കിൻേറനിച്ചാർച്ചയെല്ലാമിനി വൻപനാമിരാകവനെ-<br>
കൈക്കൊണ്ടാലും നററുണൈയായി,ക്കനമുണ്ടു നിമ്മിൽ<br>
വേണ്ടുകയും;<br>
തക്കം പെററു നിൻപേരച്ചന തമ്പിയെന്നേടമെനി-<br>
ക്കൊക്കും നൻറായെൻറതു കേട്ടുടനേ വിപീഴണൻ<br>
ചൊല്ലിനാർ

3. 1. വയിക്കുന്നേനിച്ചാർച്ച-ക. വൈക്കിൻേറാനിച്ചാർച്ച-ങ.
2. നീതുണയായി-ക. 3. തക്കം പററ നീ പിയരച്ചന-ക. 4. നിൻപി, യരച്ചന നീയെന്നടമെനക്കൊക്കും-ഖ.

വ്യാ:—ഏൻ-ഞാൻ ഇച്ചാർച്ചയെല്ലാം-വിഭീഷണനുമായുള്ള ബന്ധമെല്ലാം വൈക്കിൻറ-താഴ്ത്തുവച്ചിരിക്കുന്നു-മതിയാക്കുന്നു. ഇനി, നററുണൈയായി (നൽ+തുണയായി) നല്ല തുണയായി, വൻപനാം-വൻപനായ, ഇരാകവനെ-രാഘവനെ കൈക്കൊണ്ടാലും, [illegible]മ്മിൽ-നിങ്ങൾ തമ്മിൽ-വിഭീഷണനും രാമനും തമ്മിൽ,വേണ്ടുകയും-വേഴ്ചയും-താല്പര്യവും, കനമുണ്ടു്-കനക്കെ ഉണ്ടു്-ധാരാളമുണ്ടു് നിൻ-നിൻെറ വിഭീഷണൻെറ,പേരു്-ഭീഷണതയെദ്യോതിപ്പിക്കുന്ന പേര,തക്കംപെററു-തക്കതായിത്തീൻ-യോജിക്കുന്നു,("നിഭയങ്കരൻതന്നെ", എന്നു് സോല്ലുണ്ണനം) അച്ചനു്-അച്ഛനായ രാവണനു്, നീ, തമ്പി-അനുജൻ, എന്നേടം-എന്നേടം-എന്നേടത്തോളം-എന്നുള്ളതു്, എനിക്കു്, നൻറായി-നന്നായി, ഒക്കും-യോജിക്കുന്നു. (രാവണൻെറ അനുജനാണു് നീ എന്നുള്ളതിനോടും ഞാൻ യോജിക്കുന്നു-വീണ്ടും സോല്ലുണ്ണനം)എൻറതു-എന്നതു, കേട്ടു്, ഉടനെ, വിപീഴണൻ-വിഭീഷണൻ, ചൊല്ലിനാൻ-പറഞ്ഞു.

"ഈ വാർച്ചയെല്ലാം ഞാനിതാ മതിയാക്കുന്നു. നീ ഇരാമനെത്തന്നെ തുണയായി കൈക്കൊള്ളുക. നിങ്ങൾ തമ്മിൽ വേണ്ടുവോളം വേഴ്ച്ചയും ഉണ്ടു്. ഭയങ്കരൻ എന്നർത്ഥമുള്ള നിൻെറ പേരു തക്കതുതന്നെ എന്നു ഇപ്പോൾ മനസ്സിലായി. അച്ഛൻെറ

അനുജനാണെന്നുള്ളതു യോജിക്കുന്നതായിത്തോന്നുന്നു" എന്നുള്ള ഇന്ദ്രജിത്തിന്റെ വാക്കുകൾക്കു മറുപടിയായി വിഭീഷണൻ പറഞ്ഞു.

രാജ്യാവകാശത്തേപ്പററിയുള്ള ഇന്ദ്രജിത്തിന്റെ ഭീതി ഈ പാട്ടിലും നിഴലിക്കുന്നുണ്ടെന്നു തോന്നുന്നു. "നീ ഭയങ്കരൻ തന്നെ'' എന്നുള്ള പ്രസ്താവം അതിനൊരു തെളിവാണ്. കൂടാതെ ആപത്തിൽ സ്വജനങ്ങളെ വിട്ടു പോകുന്നതിലുള്ള ഭയങ്കരതയും ഇവിടെ ധ്വനിക്കുന്നു. അച്ഛന്റെ അനുജൻ എന്നുള്ളതിനോടു യോജിക്കുന്നു എന്ന സൂചന, അച്ഛന്റെ മരണശേഷം രാജ്യാവകാശം അനുജനിലേക്കു പകരുമെന്നുള്ള ഭയത്തെക്കൂടി കുറിക്കുന്നതായിരിക്കണം. "എനിക്കൊക്കും'' എന്നുള്ളതു് ''എനിക്കു് അതൊക്കുന്നില്ല" എന്നു നിഷേധാത്മത്തെയാണല്ലോ വെളിപ്പെടുത്തുന്നതു്. ആ അവകാശം താൻ സമ്മതിക്കുകയില്ല, എന്നു ഇന്ദ്രജിത്തിന്റെ ഭാവം.

## 4

ഉടനെപ്പോഴും[1] നിന്നോടുളനെങ്ങും ഞാൻ കൊടുംപടൈയിൽ,
തടയപ്പോരാ നീയവനെത്തനിയേയിരാമനോടെളുതായ്[2]
കൊടുമൈക്കേററം[3] മേററരമാകിയ[4] കുംപനും നികുംപനും വൻ
പടൈയിൽ കോലും കംപനനും നല്ലകമ്പനനുമാവതില്ലേ

1. ഉടനെപ്പൊഴും കൂടി നിന്നോടുളൻ—ക. ഉടനെപ്പൊഴുംകൂട—ഗ.
2. രാമനോടുളായി—ഗ. 3 കൊടുമയെല്ലാം, മേററരമാകിന—ക, മേററരമായിന—ഗ.

വ്യാഃ—ഞാൻ, കൊടുംപടൈയിൽ—കൊടിയ യുദ്ധത്തിൽ, നിന്നോടു ഉടൻ—നിന്റെ കൂടെത്തന്നെ, എപ്പോഴും, ഉളൻ—(ഞാൻ)ഉണ്ടു്—ഉണ്ടായിരുന്നിട്ടുണ്ടു്. (താൻ ഭീരുവല്ലെന്നു ഇന്ദ്രജിത്തിനു തന്നെ നേരിട്ടറിയാമെന്നു ഭാവം) നീ—ഇന്ദ്രജിത്തു്, അവനെ—രാമനെ, തനിയേ, തടയ—തടുക്കുന്നതിനു, പോരാ—പോരുകയില്ല—മതിയാകയില്ല, ഏററം, മേററരം—(മേൽ+തരം)കേമപ്പെട്ട, കുംപനും—കുംഭനും, നികുമ്പനും—നികുംഭനും വൻപടൈയിൽ-വമ്പിച്ച യുദ്ധത്തിൽ,കോലും—ശോഭിക്കുന്ന,കംപനനും നല്ല, അകമ്പനനും, ഇരാമനോട്—രാമനോട്, എളുതായ്—എളുപ്പം—ലഘുവായി കൊടുമയ്ക്കു്—കടുപ്പംകാട്ടാൻ, ആവതില്ലേ—കഴിവില്ല തന്നെ.

വിഭീഷണവാക്യം:—''കടുത്ത യുദ്ധത്തിൽ ഞാൻ നിന്റെകൂടെത്തന്നെ എപ്പോഴും ഉണ്ടായിരുന്നിട്ടുണ്ടു് (അതിനാൽ നിനക്കു് എന്നെയും, എനിക്കു് നിന്നെയും അറിയാം). രാമനോടു തനിയേ നേരിടാൻ നീ പോര. ഏററവും കേമന്മാരായ കുംഭൻ നികുംഭൻ, കടുത്ത യുദ്ധത്തിൽ ശോഭിക്കുന്ന അകമ്പനൻ, കമ്പനൻ തുടങ്ങിയവർക്കു രാമനോടു് എളുപ്പമൊന്നും കൊടുമകാട്ടാൻ, ഉഗ്രതകാട്ടാൻ, ആവതില്ലെന്നറിയുക".

## 5

ഇല്ലാതെ[1]യാമാരുമരക്കരിരാമനോടെതിർപ്പവർ[2], പോർ
വല്ലാതെയാം[3] നല്ലതികായനും വമ്പുചേർ മകോതരനും
എല്ലാരോടും[4] വെൻറി വിളങ്കുമിലങ്ക[5]വേന്തനും പെരിക[6]-
ച്ചെല്ലാ വാണാൾ, തേന്മൊഴിയാളെ യിനി[7]ക്കൊടാ-
യ്കിൽ മന്നവനേ!

1. ഇല്ലാതെ പോം—ക. ഖ. ഗ. 2. എതിർത്തവർ—ക. 3. പോർവെല്ലാതെയാം—ഗ. 4. എല്ലായിപ്പോടും വെന്നിവിളങ്കും—ക. 5. ഇലങ്കമന്നനും—ക 6. വിരികച്ചെല്ലാ വാണാൾ—ക 7. മൈതിലിതന്നെയിനി—ഖ.

വ്യാ:—ഇരാമനോട്—രാമനോട്, എതിർപ്പവർ—എതിർക്കുന്നവരായ, അരക്കർ—രാക്ഷസർ, ആരും, ഇല്ലാതെയാം—ഇല്ലാതായിത്തീരും. നല്ല, അതികായനും, മകോതരനും—മഹോദരനും, പോർ, വല്ലാതെയാം—സാധിക്കാതെയാകും. തേന്മൊഴിയാളെ—മധുരവാണിയായ സീതയെ, ഇനി, കൊടായ്കിൽ—കൊടുത്തില്ലെങ്കിൽ, എല്ലാരോടും—ത്രിലോക സ്വർഗ്ഗ പാതാള വാസികളോടെല്ലാം, വെൻറി—വെന്നി—വിജയം, വിളങ്കും—വിളങ്ങുന്ന, ഇലങ്കവേന്തനും—ലങ്കാധിപതിയായ രാവണനും, പെരിക—വളരെ, വാണാൾ—(വാഴ് + നാൾ) ജീവിതകാലം, ചെല്ലാ—ചെല്ലുകയില്ല—നീളുകയില്ല.

"രാമനോടെതിർക്കുന്ന രാക്ഷസന്മാരെല്ലാം നശിക്കും. അതികായൻ, മഹോദരൻ തുടങ്ങിയവർക്കും അവനോടു യുദ്ധം ചെയ്യാൻ കഴിവില്ലാതെയാകും. രാജാവേ ഇനിയെങ്കിലും സീതയെ വിട്ടുകൊടുത്തില്ലെങ്കിൽ സകലരേയും ജയിച്ചു വിളങ്ങുന്ന അങ്ങേയ്ക്കു തന്നെയും ആയുസ്സു നീണ്ടു നിൽക്കുകയില്ല"

## 6

മന്നവനെയ്യാ! മൈതിലിയെക്കൊടു[1], വൈരവും
വിടെൻറിവണ്ണം
പിന്നും[2] പിന്നും വീഴ്ന്തു[3] വണങ്കി വിപീഴണൻ-
കനും വിനവ

മുന്നം നീ[4]യും തമ്പിയെ[5] നിക്കിതു മൂലമായി മറുത്തുചെറു-
ത്തിന്നും പൊല്ലാ പേ[6]ചുമതെൻറിതി രാവണൻ കറുത്തു[7]
ചൊന്നാൻ.

1. മന്നനയ്യാ-ങ. 2. മുന്നംപിന്നം-ഗ. പിന്നംമുന്നം-ങ.
3. വീണ്ണുവണങ്ങി-ഗ.
4. നീയെൻതമ്പിയെനക്കിതു-ഗ 5. തമ്പിയെനക്കിതു മൂലമായി മറുത്തു കറുത്തിന്നും-ഖ. 6. പേചുവതു്-ഗ. 7. കതിത്തു-ഖ.

വ്യാ:—അയ്യാ,മന്നനു്-ശ്രീരാമനു്,മൈതിലിയെക്കൊടു്-മൈഥിലിയെക്കൊടുക്കുക, വൈരവും വിടു്-വൈരവും വിടുക, എൻറിവണ്ണം-എന്നിവണ്ണം, പിന്നം പിന്നം-പിന്നെയും പിന്നെയും, വീഴ്ന്തു വണങ്ങി-വീണു വണങ്ങി, കനം-കനക്കെ-വളരെ, വിനവ-പറയവേ, മുന്നം-മുൻപേ-ആദ്യം, നീയും-നീ, എനിക്കു്, തമ്പി-അനുജൻ, ഇതു മൂലമായി-ഇക്കാരണത്താൽ, ഇന്നും-ഇനിയും, മറുത്തു്-എതിർത്തു് ചെറുത്തു്-തടുത്തു്, പേചുമതു്-പേശുന്നതു്-പറയുന്നതു്, പൊല്ലാ-പൊല്ലുകയില്ല, ചേരുകയില്ല. എൻറു്-എന്നു്, ഇരാവണൻ-രാവണൻ, കറുത്തു്-മുഖം കറുത്തു ചൊന്നാൻ-പറഞ്ഞു.

ശ്രീരാമനു സീതയെ വിട്ടുകൊടുക്കണമെന്നു വിഭീഷണൻ വീണു വണങ്ങി വീണ്ടും വീണ്ടും വളരെ പറഞ്ഞപ്പോൾ, "നീ ആദ്യം എൻെറ അനുജനാണെന്നോർക്കണം, അതുകൊണ്ടു് ഇനിയും തടഞ്ഞു് എതിരു പറയുന്നതു് നിനക്കു യോജിച്ചതല്ല," എന്നു രാവണൻ മുഖം കറുത്തു പറയുകയായി.

## 7

ചൊന്നായല്ലോ നല്ലവെല്ലാം[1] തുയന്നിക്ഷമനെയെല്ലാവകയും,
നിന്നോടൊപ്പോരില്ല[2] നമുക്കുതു[3] നിൽക്ക, മന്നിലുററവരേ[4]
എന്നാലിപ്പോൾ നിന്നുയിർപോമതിൻ[5]മുന്നമേ[6]യ്!രാമനെന്നും[7]
മന്നോർകോനെക്കണ്ടുകൊള്ളായ്കിൽ വഴക്കു നമ്മിലേ[8]
വരുമേ.

1. നല്ലതെല്ലാം-ക 2. നിന്നോടൊപ്പവരില്ല-ഗ.
3. നമക്കുതു-ഖ. ഗ. 4. മന്നിലുററവരോ-ഖ. ഗ. 5 പോവുതിൻ-ക. പോവതിൻ-ഗ 6. മുന്നലേ-ഖ 7. എന്നാ-ക. 8. തമ്മിലേ-ങ,

വ്യാ:—നല്ലവെല്ലാം—നല്ലതെല്ലാം, എല്ലാവകയും എല്ലാക്കാൎയ്യങ്ങളും,—'ഴുയന്നിങ്ങനെ—ഇങ്ങനെ വേദനപ്പെട്ടു് അഥവാ ബുദ്ധിമുട്ടി, ചൊന്നായല്ലോ—പറഞ്ഞല്ലോ' മന്നിൽ—ഭൂമിയിൽ, നമുക്കു്, ഉററവരേ—ഉററവരായി, നിന്നോടു്, ഒപ്പാരില്ല—ഒപ്പമാരുമില്ല—തുല്യരായി ആരുമില്ല. അതു നിൽക്ക—അക്കാര്യം നിൽക്കട്ടെ—അതിനെപ്പററി ഒന്നും പറയേണ്ട. ഇപ്പോൾ, എന്നാൽ—ഞാൻ മൂലം, ഉയിർ—ജീവൻ, പോമതിൻമുന്നേ—പോകുന്നതിനു മുൻപു്, ഇരാമനെന്നും—രാമനെന്ന, മന്നോർകോനെ—രാജാധിരാജനെ, കണ്ടുകൊള്ളായ്കിൽ—കാണുന്നില്ലെങ്കിൽ—രാമൻെറ അടുക്കൽ ചെയ്യൊള്ളുന്നില്ലെങ്കിൽ വഴക്കു്, നമ്മിലേ—നാം തമ്മിൽ, വരുമേ—വരും എന്നു താക്കീതു്.

രാവണൻ പറയുന്നു:—"എനിക്കു വേണ്ട നന്മയെല്ലാം നീ വളരെയൊക്കെ ബുദ്ധിമുട്ടി പറഞ്ഞുകഴിഞ്ഞു. ഭൂമിയിൽ ഉററവരായി നിനക്കു തുല്യം എനിക്കു് ആരുമില്ലെന്നുള്ളതു് ഇരിക്കട്ടെ. ഞാൻ നിന്നെ കൊല്ലുന്നതിനു മുൻപു രാമൻെറ അടുക്കൽ പൊയ്യൊള്ളണം. ഇല്ലെങ്കിൽ പിന്നെ യുദ്ധം നാം തമ്മിലാണെന്നു് ഓൎത്തുകൊൾക".

## 8

1 വരുമെൻേറക്കും നമ്മിൽ വഴക്കു, മറുത്തു ഞാനുരെക്കുമതും

പെരുതിക്കാലം, നിന്നിനവോ പിഴ കൂടിവൻറി—

തെൻററിഞ്ഞേൻ

2 അരുതെന്നാലിന്നാശമൊഴിപ്പതു അതംകതം വരും മുന്നമേ

3 വിരവിൽ 4 പോകിൻേറനിനിയെൻറു വിഭീഴണൻ

ചൊന്നാൻ പിന്നെയും

1. വരുമെൻറാക്കും—ഖ. ങ. 2. അരുതെൻറാൽ—ഖ, അരുതെൻറാലും—ഗ, 3. വിരയെ—ഗ. 4. പോകുന്നേനിനിയെന്നും—ക. പോകിൻേറനിനിയെൻറും—ങ.

വ്യാ:—എൻേറക്കും—എന്നേക്കും, നമ്മിൽ—നാം തമ്മിൽ, വഴക്കു് വരും. മറുത്തു്—എതിർത്തു ഞാൻ, ഉരെക്കുമതും—പറയുന്നതും, ഇക്കാലം—ഇപ്പോൾ, പെരുതു്—കൂടിപ്പോയിരിക്കുന്നു നിൻ—നിൻെറ, നിനവോ—വിചാരമോ, പിഴകൂടിവൻറിതെൻറു് കൂടുതൽ പിഴച്ചിരിക്കുന്നു എന്നു്, അറിഞ്ഞേൻ—ഞാൻ അറിയുന്നു, അതംകതം—അസംഗതം—പന്തികേടു്, പാകപ്പിഴ വരുംമുന്നമേ—വരുന്നതിനു മുൻപു തന്നെ, എന്നാൽ—എന്നെക്കൊണ്ടു്, ഇന്നാശം—ഈ നാശം, ഒഴിപ്പതു്—ഒഴിക്കാൻ, അരുതു്—സാധിക്കയില്ല, ഇനി—ഇത്രയുമൊക്കെ ആയസ്ഥിതിയ്ക്കു്, വിരവിൽ—വേഗം പോകിൻേറൻ—ഞാൻ പോകുന്നു, എൻറു്—എന്നു്, വിപീഴണൻ—വിഭീഷണൻ, പിന്നെയും, ചൊന്നാൻ—പറഞ്ഞു.

വിഭീഷണൻെറ മറുപടി:—"നാം തമ്മിൽ എന്നും വഴക്കുതന്നെ ഉണ്ടാകും. ഞാൻ ഇപ്പോഴും മറച്ചു പറയുന്നതു കൂടിപ്പോകുന്നു. നിൻെറ വിചാരം കൂടുതൽ പിഴയ്ക്കുകയും ചെയ്തിരിക്കുന്നു എന്നതുകൊണ്ടു് ഈ നാശം ഒഴിക്കുക പ്രയാസം. അതിനാൽ ഇനി പന്തികേടു സംഭവിക്കും മുൻപു് ഞാനിതാ പോകുന്നു."

## 9

പിന്നെയും[1] കൈയ്യാരത്തൊഴുതാമതു പേർത്തുരെത്തു[2]
തമ്മിൽ വെറു-
ത്തിന്നിയില്ലാവൊൻറൻറു[3]മറിന്തിടൈയൊത്തരക്കർ[4]
നാൽവരോട്ടും[5]
തനവും[6] വീട്ടും താരങ്ങളും തനിയേ പിരിന്തി[7]രാമപ്പിരാൻ[8]
കനിവുണ്ടാമാറും കരുതിക്കകനം പൊരുന്തിനാനവനേ[9]

1. പിന്നും—ക, പിന്നെയും—ങ. 2. തൊഴുതമ്പൊടു-ക, പേർത്തിരന്നു-ങ
3. വെറുത്തിന്നതില്ലാവൊന്റൻറും—ങ. 4. അറിന്തിണയൊത്തരക്കർ-ക. ഖ. 5. അറിന്തിടയാത്തരക്കർ നാലരുമായി—ഗ 6. തനവും വീട്ടുന്താനമതും-ഗ.
7. കളന്തു—ക. കളഞ്ഞു്-ഖ. പുരിന്തു്—ഗ. 8. ഇരാമപിരാൻ—ഖ. രാമ-പിരാൻ-ങ 9. അവനും-ക.

വ്യാ:—പിന്നെയും കൈയ്യാരത്തൊഴുതു്-കൈ രണ്ടും പൊക്കിത്തൊഴുതു്. ആമതു-ആവുന്നതു്, പേർത്തു്-വീണ്ടും, ഉരെത്തു്-ഉരച്ചു്—പറഞ്ഞു്, തമ്മിൽ വെറുത്തു്-വിദ്വേഷിച്ചു് അഥവാ വേർപെട്ടു്, ഇന്നി—ഇനി മേലാൽ, ഒൻറില്ലാ—ഒന്നുമില്ലാ യാതൊരു കാര്യവും തമ്മിലില്ല. എൻറും-എന്നും-എന്നുള്ളതും, അറിന്തു്-അറിഞ്ഞു്-തിട്ടമാക്കിയശേഷം, അവനേ-അവൻ-വിഭീഷണൻ, തനവും-ധനവും, വീട്ടും, താരങ്ങളും-ദാരങ്ങളും-പത്നിയേയും, തനിയേ-സ്വയം, പിരിന്തു്-പിരിഞ്ഞു്, ഇടൈയൊത്ത—ചേർച്ചയുള്ള അരക്കർ-രാക്ഷസന്മാർ, നാൽവരോട്ടും-നാലുപേരോട്ടും കൂടി, ഇരാമപിരാൻ—ശ്രീരാമദേവൻെറ, കനിവു്, ഉണ്ടാമാറും—ഉണ്ടാകാവണ്ണവും, കരുതി-ധ്യാനിച്ചു്, കകനം-ഗഗനം—ആകാശം, പൊരുന്തിനാൻ-പൊരുന്തി-ചേർന്നു

അനന്തരം കൈ രണ്ടും പൊക്കിത്തൊഴുതു്, ആവുന്നത്ര പറഞ്ഞു്, തമ്മിൽ വെറുത്തു്, മേലാൽ ഒരു ബന്ധവുമില്ലെന്നു തിട്ടമായതോടെ വിഭീഷണൻ ധനം, ഭവനം, കളത്രം ഇത്യാദിയെല്ലാം വെടിഞ്ഞു് ചേർച്ചയുള്ള നാലു രാക്ഷസമന്ത്രിമാരോടു കൂടി രാമൻെറ കനിവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് ആകാശത്തിലൂടെ പുറപ്പെട്ടു.

## 10

അവനെക്കണ്ടാർ വാനരന്മാരവർകൾക്കു ചൊല്ലിനാനവനും
പുവനങ്കൾക്കും.[1] നായകനാന [2]പുരാണനാതനെ–
തൊഴുവാൻ
[3]ഇവിടെക്കിപ്പോൾ ഞാങ്ങൾ വന്നതിവണ്ണമങ്ങുണർത്തുവിനെ–
ൻറവിടം മേന്മേലൊക്കെറിയിച്ചരിവീരരും [4]വണങ്കിനരേ

1. നായകനായ ക. ഗ കാരണനായ ഖ. നായകമാനാ ങ
2. പുരാണനായകനെ–ക. 3. ഇപ്പോൾ വന്നിതു ഞാങ്ങളിവണ്ണം–ഖ.
4. വണങ്കിനാരര. ക.

വ്യാ:–അവനെ–വിഭീഷണനെ, വാനരന്മാർ, കണ്ടാർ–കണ്ടു. ഞാങ്ങൾ–(ഞാൻ + കൾ) ഞങ്ങൾ, പുവനങ്കൾക്കും – ഭുവനങ്ങൾക്കും, നായകനാന–നായകനായ, പുരാണനാതനെ–പുരാണനാഥനെ–ആദിപുരുഷനായ ശ്രീരാമനെ, തൊഴുവാൻ, ഇവിടെയ്ക്കു, ഇപ്പോൾ, വന്നതു്, ഇവണ്ണം–ഇപ്രകാരം, അങ്ങു്, ഉണർത്തുവിൻ, എൻറു്–എന്നു് അവനും–വിഭീഷണനും, അവർകൾക്കു്-അവർകളോടു്-അവരോടു്, ചൊല്ലിനാൻ ചൊല്ലി-പറഞ്ഞു. അരിവീരരും–ഹരിവീരരും–വാനരവീരരും, അവിടം–അക്കാര്യം, ഒക്ക–എല്ലാം, അറിയിച്ചു്, മേന്മേൽ–വീണ്ടും വീണ്ടും, വണങ്കിനരേ–വണങ്ങി.

വിഭീഷണനെ വാനരന്മാർ കണ്ടു. ആദിനാഥനായ ശ്രീരാമനെ കൈവണങ്ങുന്നതിനുവേണ്ടി തങ്ങൾ വന്നിരിക്കുന്നു എന്നു് അദ്ദേഹത്തെ അറിയിക്കാൻ വിഭീഷണൻ അവരോടു പറയുകയും, അവർ ശ്രീരാമനെ വിവരമുണർത്തി വണങ്ങുകയും ചെയ്തു.

## 11

[1]വണങ്ങുന്നേരം നാമവനോടു വഴക്കു [2]ചെയ്വതോ [3]കരുമം?
പിണങ്ങാതേ കൈക്കൊള്ളുമതോ? പിഴൈയാളി-
യെൻറു [4]പോക്കുമതോ?
അണ്ണാവിൽ [5]ചിന്തിപ്പാനിനിയെൻറരി[6]വീരരോടിരാമപിരാ–
ന്നുണരച്ചൊല്ലക്കേട്ടങ്ങോരോൻറുമുടനൊത്തു [7]കൂറിനാന-
വരും.

1. വണങ്ങുംനേരം. ക. ങ. 2 വയ്പതോ– ക. 3. തരുമം. ഖ.
4. പോകുമതോ. ഗ. 5. ചിന്തിപ്പാനെന്നി. ക. 6. വീരരൊടു രാമപുരാൻ. ക. 7. കൂറിനാരവരും ഗ.

വ്യാ:—വണങ്ങുന്നേരം-വാനരന്മാർ വണങ്ങുമ്പോൾ?-(വിഭീഷണൻ വണങ്ങുമ്പോൾ ?) നാം, അവനോടു-വിഭീഷണനോടു്-വഴക്കു്-പോരു്, ചെയ്യുതോ(അതോ) പിണങ്ങാതെ, കൈക്കൊള്ളുമതോ-കൈക്കൊള്ളുന്നതോ, (അതുമല്ലെങ്കിൽ) പിഴയാളിയെൻറ്-പിഴയാളി എന്ന നിലയിൽ കരുതി, പോക്കമതോ=തിരിച്ചയച്ചുകളയുന്നതോ, കരുമം-കർമ്മം-ചെയ്യാനുള്ളതു്, ഇനി, അണവിൽ-അടുത്തുകൂടി, ചിന്തിപ്പാൻ-ചിന്തിക്കുന്നതിനു്, ഉണര-ഉണരവേ-കാര്യങ്ങൾ അറിഞ്ഞതോടെ, ഇരാമപിരാൻ-ശ്രീരാമദേവൻ, ചൊല്ലക്കേട്ടു്-പറഞ്ഞതുകേട്ടു്, അവരും-വാനരവീരരും, ഉടൻ ഒത്തു്-ശ്രീരാമൻെറ അടുക്കൽ ഒത്തുകൂടി, ഒരോൻറ്-ഓരോ അഭിപ്രായം, കൂറിനാർ-വാനരന്മാർ പറഞ്ഞു.

(വിഭീഷണൻ വന്നു? വണങ്ങുമ്പോൾ അയാളുമായി പൊരുതുകയാണോ, പിണങ്ങാതെ സ്വീകരിക്കുകയാണോ, അതോ പിഴയാളിയെന്ന നിലയിൽ തിരിച്ചയയ്ക്കുകയാണോ വേണ്ടതു് എന്നു് തന്നോടു ഒത്തുചേർന്നു് ആലോചിക്കാൻ വിവരങ്ങൾ അറിഞ്ഞതോടെ ശ്രീരാമൻ പറഞ്ഞതനുസരിച്ചു് വാനരവീരന്മാർ അദ്ദേഹത്തോടു് ഓരോ അഭിപ്രായം പറഞ്ഞു.

## ഒൻപതാം വൃത്തം

### 1

വരുമളവരികളുമകമഴിഞ്ഞ
    വരികിലില്ലൊരുപിഴയപയമെ[1]ന്നി-
ക്കരുളന്നി[2]ലരുൾചെയ്യുതഴകറിവോ-
    ക്ക്[3]തിനുള്ള വഴിയിന്നുമരചെയ്യലാം;
ഒരു വനചരനൊരുപറവ കനി-
    ത്തുടലിര[4]യിട്ടുമതിനിണയെ മുന്നം
പൊ[5]രുതത്തു കരുതരുതെന്നും നി[6]നവേ-
    പൊരു[7]ന്നിനതറിവവരറിവ വരേ.

1. 1. എങ്ങൾക്കു് ക, ഗ, എനക്കു്-ഖ. 2. ചെയ്യിതു്-ക
3. വഴിയെന്നും ക. 4. ഇരയിട്ടവതിനു്-ങ
5. പൊരുതതു കരുതരുതെന്നുമതു നിനവാൽ ക. 6. നിനവതുപോൽ ഖ.
7. പൊരുന്നിനവറിവവരറിവ്വരേ. ഖ.

വ്യാ:-അപയം-അഭയം, എനിക്കരുളു്-എനിക്കു് കനിഞ്ഞരുളിയാലും, എന്നിൽ അരുൾ-കൃപ, ചെയ്യുതു്-ചെയ്യുന്നതു്, അഴകു്-അഴകാണു്-യോഗ്യതയാണു്, (എന്നു്) അരികളും-ശത്രുക്കളും അകമഴിഞ്ഞേ വരികിൽ-ഉള്ളഴിവു സംഭവിക്കുന്നെങ്കിൽ-ഉള്ളഴിവുണ്ടാകുന്നെങ്കിൽ (വരിക-സംഭവിക്കുക, ഉണ്ടാകുക) വരുമളവു്-(അങ്ങനെ) വരുമ്പോൾ, ഒരു, പിഴ, ഇല്ല, അറിയവാക്കു്-അറിയണമെന്നുള്ളവക്കു്, . അതിനുള്ള-അതിന്റെ, വഴി-രീതി, ഇന്നും-ഇനി, ഉര ചെയ്യലാം-പറഞ്ഞുതരാം. ഒരു, വനചരനു്-കാട്ടാളനായിട്ടു്, ഒരു, പറവ-പക്ഷി (പ്രാവു്), കനിഞ്ഞു്, ഉടൽ, ഇരയിട്ടതിനു്-ഇരയായി ഇട്ടുകൊടുക്കുന്നതിനു്, അതിനിണയെ-അതിന്റെ ഇണ പ്രാവിനെ, മുന്നം-നേരത്തെ, പൊരുതതു്-കാട്ടാളൻ എയ്തുകൊന്നതു്, കരുതരുതു്, എന്നു എന്ന, നിനവേ-വിചാരം-എന്നുതന്നെ വിചാരമായിരുന്നു. (ഇപ്രകാരം) പൊരുന്നീനതു്-യോജിക്കുന്നതു്-യോഗ്യമായിട്ടുള്ളതു്, അറിവവർ-അറിയുന്നവർ, അറിവവരേ - അറിവുള്ളവരാണു്-വിവേകികളാണു്.

വാനരന്മാർ വിഭീഷണനെ സ്വീകരിക്കുന്ന കാര്യത്തിൽ പലതരം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു് സംശയം ജനിപ്പിച്ചപ്പോൾ സുഗ്രീവൻ അതിനു മറുപടി പറയുന്നു:-''എനിക്കു അഭയം അരുളിയാലും, എന്നിൽ കൃപചെയ്യുന്നതു് യോഗ്യതയാണു്'' എന്നിങ്ങനെ യഥാർത്ഥമായ ഉള്ളഴിവു വന്നിട്ടാണു് ശത്രുക്കളും വരുന്നതെങ്കിൽ അതിൽ യാതൊരു പിശകുമില്ല. അതെങ്ങനെയെന്നാണെങ്കിൽ, ഇതാ, ഞാൻ പറയാം-ഒരു കാട്ടാളനു് തന്റെ ശരീരം തന്നെ ഇരയായി ഇട്ടുകൊടുക്കേണ്ടിവന്നപ്പോൾ ഒരു പ്രാവിന്റെ വിചാരം, തന്റെ ഇണയെ ആ കാട്ടാളൻ നേരത്തെ കൊന്നതു കരുതാനേ പാടില്ല എന്നായിരുന്നു. ഇങ്ങനെ കൊള്ളാവുന്നതു് അറിയുന്നവർ ആരോ അവരാണു് വാസ്തവത്തിൽ അറിവുള്ളവർ.''

മററു രാമായണഗ്രന്ഥങ്ങളിൽ ഈ ഭാഗം ശ്രീരാമവാക്യമായിട്ടാണു കാണുന്നതു്. രാമചരിതകർത്താവു് സുഗ്രീവനെക്കൊണ്ടാണു് ഇതു പറയിക്കുന്നതെന്നു് അടുത്ത പാട്ടിൽ തെളിയുന്നു. വാനരന്മാരോടു വാനരരാജാവു് തന്നെ ഉപദേശിക്കുന്നതാണു് കൂടുതൽ യുക്തമെന്നു് കവിക്കു് തോന്നിയിരിക്കാം.

## 2

അറിവുറുമരികുലവരചനമൊഴി-

1

ഞ്ഞളവങ്ങ തച്ചമുകനിളയവനോ-

2 3

ട്ടറവിനെയുടനൊരു നൊടിയിലണ്ണെ-

4

ത്തുരമികപടകങ്ങൾ കുമറിവര-

ത്തിറമുറം[1] നിചിചരവരൻമുടിമേൽ-

ത്തെളിവെഴമരചരിലിളയവനാൽ[2]

കറൈയറു[3] പൊഴുതിനിൽ വളരപിഴേ-

കവും വന്നു[4] കഴിവോളമിളകിനരേ

1. തയമുകൻ. ക. ഗ. തലപുകഴിയവനോടു്— ഖ. 2. ഉറവിനെയളവൊരു. ഖ്. ഉറവിനെയുടനൊരു. ഗ. 3 അണൈന്തു്—ഖ. അണച്ചു്. ഗ. 4. മികും. ക. 5. തിറവിയ ഖ. തിറമൊടു ഗ' 6 തെളിവിനൊടരചനിലിളയവനാൽ. ക. തെളിവെഴമരചനിൽ ഖ വെളിവെഴുമരചനിൽ ഗ' 7. അറം. ക. 8 വന്നു കഴിഞ്ഞവരിളകിനരേ ഖ.

വ്യ:— അറിവു്, ഉറം—ഉള്ള അഥവാ ധാരാളമായ അരികുലവരചൻ— ഹരികുലത്തിൻെറ അരചനായ സുഗ്രീവൻ. മൊഴിഞ്ഞളവു്— പറഞ്ഞപ്പോൾ, അങ്ങാ അപ്പാടേ, തചമകനിളയവനോടു്—ദശമുഖൻെറ ഇളയവനായ വിഭീഷണനോടു് ഒരു നൊടിയിൽ—ഞൊടിയിടയിൽ—ക്ഷണത്തിൽ, ഉറവിനെ—സ്നേഹത്തെ, അണൈന്തു്—(ചേർത്തു്) പ്രാപിച്ചു് ഉര—ശബ്ദം, മികും—മികച്ച പടകങ്ങൾ—പടഹങ്ങൾ—ഭേരികൾ, കുമറി—മുഴങ്ങി, വര—വരവേ— (മുഴങ്ങിക്കൊണ്ടിരിക്കവേ), തിറം—സ്വഭാവഗുണം— പ്രസാദം നല്ല പെരുമാററം, ഉറം ഉള്ള (തിറമുറം—പ്രസാദം വർദ്ധിച്ച?) നിചിചരൻ മുടിമേൽ- നിശിചരശ്രേഷ്ഠനായ വിഭീഷണൻെറ ശിരസ്സിൽ' കറയറു—കറയററ—ശുദ്ധമായ, പൊഴുതിനിൽ—പൊഴുതിൽ—മുഹൂർത്തത്തിൽ, വളരപിഴേകവും—വമ്പിച്ച അഭിഷേകവും, തെളിവെഴും- പ്രസന്നനായ, അരചരിൽ- അരചനായ ശ്രീരാമനിൽ, ഇളയവനാൽ- ഇളയവനായ ലക്ഷ്മണനാൽ, വന്നു-നടന്നു, കഴിവോളം—കഴിയും വരെ, ഇളകിനരേ-അവർ ഇളകി-ആഹ്ലാദിച്ചു.

അറിവേറിയ സുഗ്രീവൻ പറഞ്ഞുകഴിഞ്ഞപാടേ വിഭീഷണനോടു് എല്ലാവർക്കും സ്നേഹം തോന്നുകയും ലക്ഷ്മണൻ ശുഭമുഹൂർത്തത്തിൽ ഭേരീനാദങ്ങൾ മുഴങ്ങുന്നതിനിടയിൽ വിഭീഷണനെ ലങ്കാരാജാവായി അഭിഷേക ചെയ്യുകയും ചെയ്തു. അതു കഴിയും വരെ വാനരന്മാർ ആഹ്ലാദിച്ചു കഴിച്ചുകൂട്ടുകയുണ്ടായി.

## 3

ഇളകുമിമ്മറികടൽ[1][2] കടന്നു കൊൾവാ—

നിനിനല്ലതുരചെയ്യിൻ വിരവിനൊടെ—

ൻറിളയവനൊടുമരിവരരൊടുമു[3]—

റെഴിൽ മികു നിചിചരനൊടുമരചൻ

തെളിവൊടു[4] വിനവിന പൊഴുതഴകിൽ[5]

തിറവിയ പരവയൊടഴിഞ്ഞഴകിൽ[6]

തെളുതെളെ വഴിയിരന്നരുളുക[7] നി-

ന്തിരുവടിയെനമൊഴിഞ്ഞനരവരും.

1. ഇളകനഖ. 2 മറകടൽ. ഖ. മറകര–ഗ. 3. അരിവരനൊടുമുറെ ഴിലെഴ നിചിചര.ക. ഉ-ഉറെറഴിവെഴും. ഗ. 4. തെളവെഴ വിനവിയ ക. തെളിവെഴ–ഖ. 5. പൊഴുതന്നികം. ക. പൊഴുതളവിൽ. ഗ. 6. അഴിഞ്ഞതികം. ക- 7. അരുളുകെന്നാൻ തിരുവടി. ക.

ഇളകും- അലയ്ക്കുന്ന, ഇരു, മറികടൽ–മറിയുന്ന കടൽ–തിര മറിയുന്ന കടൽ-തിരയാഴി, കടന്നുകൊൾവാൻ- കടക്കാൻ, ഇനി, നല്ലതു്–നല്ലവഴി, വിരവിനൊടു- വേഗം, ഉരചെയ്യിൻ–പറയുവിൻ, എൻറ്- എന്നു്, ഇളയവനൊടും- അനുജനായ ലക്ഷ്മണനോടും അരിവരരൊടും- ഹരിവരനോടു – വാനരശ്രേഷ്ഠനായ സുഗ്രീവനോടും അഥവാ വാനരനേതാക്കന്മാരോടും, ഏഴിൽ – നന്മ (അഴകു്) അഥവാ ഇളമ. മികും- മികുന്ന- വർദ്ധിച്ച, നിചിചരനൊടും–വിഭീഷണനോടും അരചൻ– ശ്രീരാമൻ, തെളിവിനൊടു്- പ്രസാദിച്ചു്- പ്രസന്നനായി, വിനവിന–പറയുന്ന, പൊഴുതു്- സമയത്തു്,' അഴകിൽ- അഴകോടെ, തിറവിയ- വൻപിച്ച, പരവയൊടു്- സമുദ്രത്തോടു്, തെളുതെളെ-തിളക്കത്തിൽ–നന്നേ മനം തെളിഞ്ഞു്, നിന്തിരുവടി-ശ്രീരാമൻ, വഴി, അഴകിൽ-ഭംഗിയായി അഥവാ ഉചിതമായി ഇരന്നരുളുക--യാചിച്ചാലും, എന- എന്നു്, അവരും. ലക്ഷ്മണാദികളും മൊഴിഞ്ഞനർ- പറഞ്ഞു.

ഇനി കടൽ കടക്കാനുള്ള വഴി പറയണമെന്നു് രാമൻ ലക്ഷ്മണവിഭീഷണാദികളോടു് അരുളിച്ചെയ്തപ്പോൾ സമുദ്രത്തോടു് വഴി യാചിക്കണമെന്നു് അവർ മറുപടി നൽകി.

## 4

അവരതു മൊഴിഞ്ഞളവരചർപുരാ-[1]

നടിമുടി[2] വടിവൊടു പൊടിയണിയ

കവിവരർ തുതി ചെയ്യ നിവരെ മലർ-

ക്കഴൽകരകമലങ്ങൾ തൊഴുതുയര

ഉവരിയൊടഴകെഴ[3] വഴി തരുകെ-

ൻറുടനുടനിരന്തരതലമമിഴ-

പ്പുവനിയിലൊളികിളരുടൽ കമിഴ-

പ്പുകൾമികു പുല്ലിനു[4]മിചെയനെന്തനനേ[5].

1. പിരാൻ. ഖ. ഗ. ങ. 2. അണിമുടി. ക. അണിമുടിപൊടുപൊടി. ഗ. 3. ഉവരിയൊടിനിയൊരു വഴി- - ക. ഉവരിയൊടവിരതം വഴിതരികെൻറ്- ഖ. 4. പുല്ലിൻമിചെ. ങ. 5. അണിഞ്ഞനനേ. ക.

വ്യ :- അവർ- കപികൾ, അതു്, അരചർപുരാനു്- അരചന്മാർക്കു നായകനായ രാമനോടു്, മൊഴിഞ്ഞളവു്- പറഞ്ഞപ്പോൾ, അടിമുടി- അടിമുതൽ മുടിവരെ- സർവ്വാംഗം, വടിവോടു്- നന്നായി, പൊടിയണിയ- മണ്ണു പററും വിധം (വീണു് നമസ്കരിച്ചു്) കവിവരർ- വാനരശ്രേഷ്ഠന്മാർ, തുതിചെയ്തു-സ്തുതി ചെയ്തവെ, മലർക്കഴൽ- പൂപോലുള്ള പാദങ്ങൾ, കരകമലങ്ങൾ-വാനരന്മാരുടെ കൈകൾ, നിവിരെ- ഉയരുംവിധം (രണ്ടു കൈയ്യും പൊക്കിത്തൊഴുതു് എന്നർത്ഥം), ഉയര- ഉയരുംവേളയിൽ- ഉയരുന്നതിനിടയിൽ, ഉവരിയോടു്-കടലിനോടു്, വഴിതരുക, എൻറ- എന്നു്, ഉടനടൻ- പലതവണ, അഴകെഴ- നന്നെ, ഇരന്നു്-പ്രാർത്ഥിച്ചുകൊണ്ടു്, ഉരതലം- ഉരഃസ്ഥലം- നെഞ്ചു്, പുവനിയിൽ- ഭുവനത്തിൽ-തറയിൽ, അമിഴ- അമർന്നുചേരുംവിധം, ഒളികിളരുടൽ- ഒളികിളരുന്ന ഉടൽ-ശോഭയേറിയ ശരീരം, കമിഴ- കമഴ്ന്നു്, പുകൾമികും-പ്രശസ്തിയേറിയ, പുല്ലിൻ-ദർഭപ്പുല്ലിൻെറ, മിചൈ-മീതെ, അണൈന്തനനേ-(ശ്രീരാമൻ) അണഞ്ഞു- പതിച്ചു.

മേൽപ്രകാരം വാനരന്മാർ രാമനോടു പറഞ്ഞപ്പോൾ, അവരുടെ സ്തുതികൾ, സാഷ്ടാംഗപ്രണാമം, കൈ രണ്ടും പൊക്കിയുള്ള തൊഴൽ, മുതലായവയെ തുടർന്നു് അദ്ദേഹം സമുദ്രത്തോടു് വഴിതരണമെന്നു പ്രാർത്ഥിച്ചുകൊണ്ടു് ദർഭപ്പുല്ലിന്മീതെ കമഴ്ന്നു് വീണു നമസ്കരിച്ചു.

## 5

പുൽമിചൈ[1]യണൈന്ത വല്ലരചനുപോയ്-
പ്പൊടിഞ്ഞിതു ചിനമെന്നു,[2] മുതയങ്ങൾ മൂ-
[3] ൻറളവന്നുകഴിഞ്ഞു, വൻചിലൈയെടി-
ങ്ങഴകെഴും ചരങ്ങളുമിളയവനേ!
അലൈകടൽ മറുമറ[4] മറുകിവര-
ണ്ടതിലുള്ള പൊടിയെഴവരികൾ കട-
[5] ലുലകിടെയൊരു തടമതുമെനവേ-
യുരപെറുമനിയെന മൊഴിഞ്ഞെഴുന്നാൻ.

1. പുല്ലിൻമിചൈയണിഞ്ഞ-ക. പുല്ലിൻമിചൈയഴിഞ്ഞ-ഖ, പൂവിമിചൈയണിഞ്ഞ-ഗ. പുല്ലിൻമിചൈ — ങ. 2. ചിനമുള്ളിൽ. ക. ചിനമിനമുതയങ്ങൾ — ഖ 3. മൂന്നല്ലവന്ന ക. മൂൻറല്ല വന്നു. ഖ. ഗ. മൂൻറളവിന്നു-ങ. 4. മറുവറ -ഖ. മറുമറക്കറുകിവന്നു. ങ. 5 ഉലകിടെയൊരു തടമിതുമെന്നവേ. ക. ഉലകിടെയതുമൊരു തടമെന്നവേ. ഖ, ഉലകിടെയൊരു തടമതുമെന്നുമാറുര — ങ.

വ്യാ:—പുൽമിചൈ—ദർഭപ്പുല്ലിൻമീതെ, അണൈന്ത—അണഞ്ഞ—വീണ, അരചൻ—ശ്രീരാമൻ, ചിനമെന്നം—ചിനമെന്നതു്—കോപമെന്നതു്—കോപം, പോയ്പ്പൊടിഞ്ഞു—പൊടിഞ്ഞുയൻ—ഉണ്ടായി, ഉദയങ്ങൾ—ഉദയങ്ങൾ—ദിവസങ്ങൾ, മൂൻറളവു് മൂന്നോളം, അനം, കഴിഞ്ഞു്—കഴിഞ്ഞപ്പോൾ (മൂന്നു ദിവസം തപസ്സു കഴിഞ്ഞപ്പോൾ രാമനു കോപം ഉണ്ടായി), വൻചിലൈയും—വൻപിച്ച വില്ലും, അഴകെഴും—(നല്ല)—യോജിച്ച—ചാററിയ, ചരങ്ങളും—ശരങ്ങളും, ഇളയവനേ—അനുജാ(ലക്ഷ്മണാ)എടിങ്ങ്—ഇങ്ങെടു്, അലൈകടൽ—അലയാഴി, മറമറ—(വറവറ) വറവറെ, മറുകി—മുറുകി—വററി, വരണ്ടു്, അരികൾ—ഹരികൾ—വാനരന്മാർ, അതിലുള്ള, പൊടി, എഴെ—എഴുംവിധം—പൊങ്ങത്തക്കവിധം, കടന്നു്, ഉലകിടൈ—ഭൂമിക്കിടയിൽ—ലങ്കയ്ക്കും ഇന്ത്യയ്ക്കും മദ്ധ്യത്തിൽ, അതും—ആ കടന്ന സ്ഥലം, ഒരു, തടം—താഴ്ന്ന പ്രദേശം—പള്ളം, എനവേ—എന്ന മട്ടിൽ ഇനി—മേലാൽ, ഉരൈപെറം—കേളിപ്പെടും, എന—എന്നു്, മൊഴിഞ്ഞു്—പറഞ്ഞു്, എഴുന്നാൻ—ശ്രീരാമൻ എഴുന്നേററു.

രാമൻ ദർഭയിൽ തപസ്സുചെയ്തു മൂന്നു ദിവസം കഴിഞ്ഞിട്ടും ഫലമില്ലായ്കയാൽ അദ്ദേഹത്തിനു കോപം തിളച്ചു പൊങ്ങി. ഇനി ഈ കടൽ വററി വരണ്ടു്, അതിൽനിന്നു പൊടിപൊങ്ങത്തക്കവിധം വാനരസേന കടന്നു പോകുകയും, ലങ്കയ്ക്കും ഇന്ത്യയ്ക്കും മദ്ധ്യത്തിൽ(വെള്ളം വററിയ കടൽ)ഒരു പള്ളമായി കേൾവിപ്പെടുകയും ചെയ്യും, എന്നു പറഞ്ഞു എഴുന്നേററുകൊണ്ടു് രാമൻ, 'വില്ലും ശരവുമിങ്ങെടു്!' എന്നു ലക്ഷ്മണനോടു് ആജ്ഞാപിച്ചു,

6

[1]എഴുന്നവനെരിയുമിൾപകഴികളാ—
ലിടതുടന്ന[2]ങ്ങുമിങ്ങും പൊഴിഞ്ഞളവേ
കുഴഞ്ഞന വളർ[3]ചെലചരങ്ങളെല്ലാം
കുറുകിന [4]പുനലിടെയുയിർ[5]പിരിഞ്ഞെ,
അഴകിൽ [6]വന്നരുളിന [7]വരുണനഴി—
[8]ഞ്ഞണിപുകൾനളനെന്നമരിവരനാൽ—
പ്പി[9]ഴൈയറു [10]ചിറൈയിടുക,വനതിനോ
പെരിയൊരു പണിയില്ല[11]യെന മൊഴിഞ്ഞാൻ

1. എഴുന്നളവെരിയെഴ പകഴി—ക. 2. എങ്ങുമങ്ങും. ഖ. 3. ചില— ഖ. 4. പുനലതിൽ. ക. 5. പുരിഞ്ഞെ—ഗ. 6. വന്നരുളിനൽ. ങ. 7. വരുണനറിഞ്ഞണി—ക. 8 അഴിപുകൾ— ഖ. 9. അറം. ക. 10. ചിറയിടുകതിനവനോ. ഖ. ചിറയിടുകെന്നയതിനോ. ഗ. 11. എന്ന. ക.

വ്യാ:-അവൻ-ശ്രീരാമൻ, എഴുന്നു്-എഴുന്നേററു്, എരി-അഗ്നി, ഉമിഴും-ഉമിഴുന്ന-വമിക്കുന്ന, പകഴികളാൽ-അമ്പുകളാൽ, അങ്ങുമിങ്ങും-കടലിൽ അവിടവിടെ, ഇട തുടന്നു്-ഇടവിടാതെ-ഇടതൂർന്നു്. പൊഴിഞ്ഞളവേ-പൊഴിഞ്ഞപ്പോൾ, വളർ-വൻപിച്ച (-വർദ്ധിച്ച), വെലചരങ്ങൾ-ജലചരങ്ങൾ-മത്സ്യാദികളായ ജലജീവികൾ, കരുകിന-കരുകിയ-വററിവരുന്ന, പുനലിടെ-പുനലിൽ-വെള്ളത്തിൽ, ഉയിർ പിരിഞ്ഞേ-ജീവൻ വേർവിട്ടു്-ചത്തു്, കുഴഞ്ഞന-കുഴഞ്ഞു. (ആഗ്നേയാസ്ത്രംകൊണ്ടു വററിയ വെള്ളത്തിൽ മത്സ്യാദികളുടെ ശവശരീരങ്ങൾ ചേർന്നുകുഴഞ്ഞു). (അപ്പോൾ) അഴകിൽ-ശരിയ്ക്കു്. വന്നരുളിന-വന്ന, വരുണൻ, അഴിഞ്ഞു്-കാഠിന്യം വിട്ടു് നളനെന്നും-നളനെന്ന, അരിവരനാൽ-ഹരിവരനാൽ-വാനരവീരനെക്കൊണ്ടു്, പിഴൈയറ-പിഴയില്ലാത്ത-കുററമററ, ചിറൈ ചിറ, ഇടുക, അവനു്-നളന, അതിനു്-ചിറയിടാൻ, പെരിയൊരുപണിയില്ല-വലിയ ബുദ്ധിമുട്ടൊന്നുമില്ല എന-എന്നു്, മൊഴിഞ്ഞാൽ-മൊഴിഞ്ഞു-പറഞ്ഞു.

## 7

മൊഴിഞ്ഞളവഴിഞ്ഞിതു നരപതിതൻ

മുനിവുള്ളിലിനിയ വല്ലരികളെല്ലാം

പൊഴിഞ്ഞന മരങ്ങളുമചലങ്ങളും

പുണരിയിലിട തുടന്നവരവരാ-[1]

ലെഴുന്നിതു തിറമുറ[2] ചിറ നളനാ-

ലിടയിടെ മറിവിനു കയറുപിടി

ച്ചുഴിനില വരുമിതു[3] വിലങ്ങുകിലെ-

ൻറളുന്നളരരിവരരതിലറിവോർ.

1. തുടന്നനവരതം ക. ഖ. ഗ. ങ. 2 തിറവിയ ക. പിറമുറ-ഗ.
3. വരുവിതു-ഗ.

വ്യാ:- മൊഴിഞ്ഞളവു്- ചിറയിട്ടുകൊള്ളാൻ വരുണൻ പറഞ്ഞപ്പോൾ, നരപതിതൻ-ശ്രീരാമൻെറ, ഉള്ളിൽ, മുനിവു്-കോപം, അഴിഞ്ഞിതു്-അടങ്ങി, ഇനിയ-പ്രിയപ്പെട്ട, വല്ലരികൾ-ബലവാന്മാരായ ഹരികൾ-(വൻപിച്ച) വാനരന്മാർ, എല്ലാം, മരങ്ങളും, അചലങ്ങളും, പുണരിയിൽ- സമുദ്രത്തിൽ, പൊഴിഞ്ഞന-പൊഴിഞ്ഞു, (ഇങ്ങനെ), അവരവരാൽ-എല്ലാവരാലും, നളനാൽ-നളനാലും ഇട തുടന്നു-ഇടതൂർന്നു്-ഇടയില്ലാതെ, തിറമുറ-തിറമുള്ള-ബലിഷ്ഠമായ, ചിറ, എഴുന്നിതു-ഉയർന്നു. ഇടയിടെ- ഇടയ്ക്കിടയ്ക്കു്, മറിവിനു്- ജോലിനിറുത്തിയിരിക്കെ (മറിവിനു് "വളവു്" എന്ന അർത്ഥം പ്രസിദ്ധമല്ല. പ്രചാരമുള്ള പ്രധാനമായ അർത്ഥ

“നിത്തി വയ്യൽ” എന്നാണെന്നു് തമിഴ് ലക്സിക്കൺ, വിൻസ്‌ലോ എന്നിവകൊണ്ടു കാണുന്നു. വിശ്വനാഥ പിള്ള “വളവു്” എന്ന അർത്ഥം പറയുന്നതേയില്ല. എല്ലാറ്റിനും പുറമേ, കയറുപിടിക്കുന്നതു് വളവിനു മാത്രമല്ല താനും.) കയറു പിടിച്ചു—കയറു പിടിച്ചിട്ടു്, അതിലറിവോർ— അക്കൂട്ടത്തിൽഅറിവുള്ളവരായ, അരിവരർ—ഹരിവരർ—വാനരശ്രേഷ്ഠന്മാർ, ഇതു്—ഈ ചിറ വിലങ്ങുകിൽ—കടക്കുന്നെങ്കിൽ (വിലങ്ങുക—to cross over—Gundert), അഴിനില—അഴിവു് നില)നിലയഴിവു്—നാശം, വരുമിതു്— വരുന്നതാണു്, എൻറു്— എന്നു പറഞ്ഞു, അളന്നളർ— അളന്നവരായി—അളന്നു.

വരുണൻ പറഞ്ഞതനുസരിച്ചു് ശ്രീരാമൻെറ കോപം അടങ്ങുകയും വമ്പിച്ച വാനരന്മാർ കടലിൽ മരവും മലയും കൊണ്ടു് ചിറയിടാൻ തുടങ്ങുകയും ചെയ്തു. ഇടയ്ക്കുകോട്ടമുള്ള ചിറ കടന്നാൽ നാശം വരുമെന്നു് പറഞ്ഞു് അവർ കയറുപിടിച്ചു് അതു് അളക്കുകയും ഉണ്ടായി.

## 8

അതിലതിലതികമുള്ളവർകളുട—
[1] ത്തചലങ്ങൾ മരങ്ങളുമുപലങ്ങളും
[2] തചമുകപകയനു മുടിവിനു യോ—
[3] ചനചതവഴി വളർചിറയിടുവാ—
[4] നുവരിയിനുയര വന്നവരവരേ
[5] ഉടനുടനിട്ടുമവർകരങ്ങളിലേ—
[6] റിതമെഴയൊരു വക തടമെനവേ—
യെഴുന്നിതു നളനെന്നുമരിവരനാൽ.

1. മരങ്ങളും ചിലകളുമായ്. ക. 2. ചതമകപകയനി മുടിവിനി—ക' തയമുകതനയനു—ഖ. 3 യോചനചതം വഴി ചിറയിടുവതിനാൽ. ക 4. ഉതതിയിലുയര വന്നവരവരേ. ക. ഉദതിയിനുയര— ഖ. ഉവരിയിനുയര— ങ. 5' ഉടനുടനിട്ടും ഉരകര — — — ഖ. 6. ഇതവൊരു, ങ. ഒരുപതുമിടമെന്നവ. ക. ഒരു പത — —.ഖ ഒരു വകതിടമെന്നവേ— ങ.

വ്യാ:—അതിലതിൽ—ഓരോ വാനരസംഘത്തിൽ, അതികമുള്ളവർകൾ—(അളവു മുതലായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരെ കൂടാതെ) അധികമുള്ളവർ, ശേഷിച്ചവർ, അചലങ്ങൾ—പർവ്വതങ്ങൾ, മരങ്ങളും, ഉപലങ്ങളും—പാറകളും, തചമുകപകയനു്—ദശമുഖനാകുന്ന ശത്രുവിനു, മുടിവിനു്—നാശത്തിനു്, യോചനചതം—ശതയോജന (നൂറു യോജന)വഴി—ദൂരം, വളർചിറയിടുവാൻ, കരങ്ങളിലേററി—കൈകളിൽ എടുത്തു്, ഉവരിയിനു്—സമുദ്രത്തിനു്, ഉയരെ—മീതെ, വന്നു്, അവരവരേ—എല്ലാവരും, ഉടനുടൻ, ഇട്ടുമവർ—അവർ ഇട്ടും—ഇട്ടുകയായി (അങ്ങനെ) ഇതമെഴ—ഭംഗിയായി, ഒരു വക—ഒരു

തരം, തടം-പർവ്വതം, എനവേ-എന്നപോലെ (ചിറ) നളനെന്നം-നളനെന്ന, അരിവരനാൽ-വാനരവീരനാൽ, എഴുന്നു-ഉയൎന്നു വന്നു,

കുറെ വാനരന്മാർ കൂടുതൽ അറിവുള്ളവരെന്ന നിലയിൽ ചിറ അളന്നു നിരപ്പും മറവും നോക്കവെ ശേഷിച്ച മററു വാനരന്മാർ നിരപ്പില്ലാത്ത സ്ഥാനങ്ങളിൽ വീണ്ടും മലയും, കല്ലും, മരവും കൊണ്ടു വന്നിട്ടു. അങ്ങനെ ചിറ ഒരു പർവ്വതം പോലെ ഉയൎന്നു.

## 9

അരിവരരെതിർ[1]പൊരു പരവ വകൈ-
ന്തണിപുകൾനിചിചരപുരി[2]യളവും
തെരുതെരെ വഴിനട ചമയും വണ്ണം
തിറവിയ[3] ചിറ പണി തുടങ്ങി[4]ന നാൾ
ഇരുപതി[5]ലുള കുറഞ്ഞ[6]വയിരുമൂ-
ൻറിരുപതു[7] മറുപകൽ പിന്നെയൊരുനാൾ[8]
തരമെഴയിരുപതിന്മികവൊരു[9] യോ-
ചനവഴി[10]യെഴുന്നിതു ചിറ നളനാൽ.

1. വകൈന്തണി - - ഖ. ഗ. 2. പുരിയെളവും. ക, 3. തിറമെഴ-ഖ, 4. തുടങ്കിന-ക. 5. ഇരിപതു. ക, 6 ഇരിമൂന്നിരിപതു- ക. 7. ഇരുപതും-ഖ. 8. വരുന്നാൾ, ക, 9. ഇരുപതിൻ, ക, 10 വഴി നടന്നിതു-ഗ. 11. വളർനളനാൽ ക.

വ്യാ:-എതിർപൊരും-തിരകാൾ മൂലം എതിരായി പ്രവൎത്തിക്കുന്ന, പരവ-സമുദ്രം, വകൈന്തു്-ചിറമൂലം രണ്ടായിവകഞ്ഞു്, അരിവരർ-ഹരിവരർ-വാനരവീരർ, അണിപുകൾ-പുകളണിഞ്ഞ-കേൾവിപ്പെട്ട, നിചിചരപുരിയളവും നിശിചരപുരിയോളവും-ലങ്കവരെ, തെരുതെരെ-അതിവേഗത്തിൽ. വഴിനട-വഴിനടപ്പു്, ചമയുംവണ്ണം-സാധിക്കുംവിധം തിറവിയ-ബലത്ത, ചിറ, പണി, തുടങ്ങിന-തുടങ്ങിയ, നാൾ, ഇരുപതിൽ കുറഞ്ഞവയിരു മൂൻറു-ഇരുമൂന്നു് (ആറു്) കുറഞ്ഞ ഇരുപതു്-പതിനാലു് (യോജന) ഉള-(ചിറ)ഉണ്ടായി, മറുപകൽ-പിറേററന്നു്, ഇരുപതും-ഇരുപതു(യോജനയും), പിന്നെയൊരുനാൾ- അതിനടുത്ത ദിവസം, തരമെഴ-നന്നായി, ഇരുപതിൻമികവൊരു-ഇരുപതും കൂടുതലായി ഒന്നും-ഇരുപത്തൊന്നും, യോജനവഴി-യോജന ദൂരം വഴി, വളർ ചിറതാൻ-വൻചിറ, എഴുന്നിതു-ഉണ്ടായി.

സമുദ്രത്തിൻെറ എതിരുകൊണ്ടു് ചിറയിടുന്നതിനുള്ള വൈഷമ്യവും എന്നിട്ടും ഓരോ ദിവസവും നടന്ന വമ്പിച്ച ജോലിയുടെ വിവരവും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

## 10

വളർചിറയൊരുപകലിരുപ[1]തിര-

ണ്ടതിൻവഴി മികുതിയുംമറുപകൽ മൂ-

ൻറുള പി[2]ന്നെയതികമങ്ങിരുപതിന്മേൽ

ഉറുതിയൊടെഴുന്നിതു ചിറ മുഴുവൻ;

തള [3]പിരിഞ്ഞിളകിന കടൽ ചത

യോ-ചനവഴി[4] തെളുതെളെ നട പെ[5]റുവാൻ

തരമെഴയെഴുന്നതിൻവഴി കടന്നാ-

രുവരിതന്മറുകരെയരികളെല്ലാം.

1. ഇരിപതു. ക. 2. അതികവുമിരിപതിന്മേൽ. ക. 3. തെളുതെളയിളകിന-ക. ഗ' തളവലിഞ്ഞിളകിന- ഖ 4. തെരുതെരെ- ക-ഗ. 5. പെട്ടമാറൊളിവഴ-ക. ഗ.

വ്യാ:-അതിൻവഴി- അപ്രകാരം, ഒരു പകൽ-അടുത്ത ഒരു ദിവസം വളർചിറ-വൻചിറ, ഇരുപതിരണ്ട്-ഇരുപത്തിരണ്ടു യോജനയും, മറുപകൽ-അടുത്ത ദിവസം ഇരുപതിന്മേൽ.ഇരുപതു യോജനയിലധികമായി, മൂൻറുള-മൂന്നു യോജനകൂടി-അങ്ങനെ 23 യോജനയും. ആയി(ചിറ)മുഴുവൻ, ഉറുതിയോടു-ബലിഷ്ഠമായി, എഴുന്നിതു്-ഉയൎന്നു. തളപിരിഞ്ഞിളകിന-കെട്ടുവിട്ടതുപോലെ കണ്ടമാനം ചലിക്കുന്ന,കടൽ-കടലിൻമീതെ, ചതയോജനവഴി-നൂറു യോജന ദൂരം വഴി, തെളുതെളെ-ഭംഗിയായി-സന്തുഷ്ടചിത്തരായി,നടപെറുവാൻ -നടക്കാൻ,തരമെഴ-സൗകര്യപ്പെടത്തക്കവിധം എഴുന്നു-ഉയൎന്നു ഉണ്ടായി. അതിൽവഴി-അതുവഴി,അരികളെല്ലാം-വാനരന്മാരെല്ലാം, ഉവരിതൻ- സമുദ്രത്തിൻെറ, മറുകര-അക്കര. കടന്നാർ-കടന്നു.

അഞ്ചു ദിവസംകൊണ്ടു് നൂറു യോജന വഴിയും ചിറയിട്ടുകൊണ്ടു് വാനരന്മാരെല്ലാം അതുവഴി ലങ്കയിൽ എത്തി.

## 11

അരികളുമരികളിലരചനും ന-

ല്ലരുവൈയിൽ മതികെട മനമഴിയും

നരപതിതനയനുമിളയവനും

നലമിലകിന നി[1]ശിചരവരനും

മരനിര മലമുകൾ[2] നല്ല ചൂലവും
വളർകെത പകഴിയും[3] വില്ലുമതിയും
[4]കരങ്ങളിലിളകിന പട കടന്ന-
ക്കരെതന്നിൽ നിറഞ്ഞിതു പരവതരം.

1. നിചിചരപതിയും. ഖ- നിചിചരനവ. 2. പലചിലയും. ക, മലചിലയും ഖ. 3. പകഴികൾ, ഖ 4. കകനങ്ങളിളകിന- ഗ.

വ്യ:- അരികളും- ഹരികളും- വാനരന്മാരും' അരികളിലരചനും- ഹരികളുടെ അരചനും- വാനരരാജാവായ സുഗ്രീവനും, നല്ലരുമവെയിൽ- നല്ലരുവയിൽ- മനോഹരിയായ സ്ത്രീയിൽ- സീതയിൽ, മതികെട- മതികെട്ടും വിധം- ബുദ്ധികെട്ടും വിധം, മനമഴിയും- മനസ്സഴിഞ്ഞ- ലയിച്ചുപോയ, നരപതി തനയനും നരപതിയായ ദശരഥൻെറ പുത്രൻ ശ്രീരാമനും, ഇളയവനും:- അനുജനായ ലക്ഷ്മണനും, നലം ഗുണം ഇലകിന-ശോഭിക്കുന്ന, നിചിചരവരനും-നിശാചരവരനും- രാക്ഷസശ്രേഷ്ഠനായ വിഭീഷണനും, മരനിര- മരങ്ങൾ, മലമുകൾ- മലമുകളുകൾ" കൊടുമുടികൾ, നല്ല. ചൂലവും- ശൂലവും വളർകെത- വൻഗത, പകഴിയും- അമ്പും, വില്ലും, അതിയും- അസിയും- വാളും, കരങ്ങളിലിളകിന- കരങ്ങളിൽ ധരിച്ചിളകുന്ന, പട- പടയും, അക്കരെതന്നിൽ-മറുകരയിൽ- ലങ്കയിൽ, കടന്നു', പരവതരം സമുദ്രത്തിനു തരമായി- കടലിനു തുല്യമായി, നിറഞ്ഞിതു- നിറഞ്ഞു,

ശ്രീരാമാദികളും, വനരന്മാരുമെല്ലാം ലങ്കാതീരത്തിലെത്തി കടൽപോലെ പരന്നു നിറഞ്ഞു.

# പത്താം വൃത്തം

## 1

പരവൈയും കടന്തു[1] വന്ത പടൈയുടെ പെരിപ്പം കണ്ടു്
വിരവിൽ[2] വന്തുരൈപ്പിനെൻറു മികുതി[3]-
ചേർന്തരക്കൻ ചൊല്ല

അരിവരരുരുവു കൈക്കൊണ്ടതിൽച്ചുകചാരണന്മാർ
തരമെഴ[4] നടക്കക്കണ്ടു തടൈന്തനൻ[5] ഇലങ്കവേന്തൻ.

1. കടന്നു വന്ന-ക. കടന്നു വൻറ-ഗ. 2. വിരെയ-ഖ. 3. മികുതിയുള്ളരക്കൻ-ഖ. 4 തരമെ-ങ. 5. തട്ടത്തനൻ-ങ.

വ്യാ:- പരവൈയും-പരവയും-സമുദ്രവും, കടന്തു വന്ത-കടന്നു വന്ന, പടൈയുടെ-പടയുടെ, പെരിപ്പം-വലിപ്പം, കണ്ടു്, വിരവിൽ-വേഗത്തിൽ, വന്തു്-വന്നു്. ഉരൈപ്പിൻ-ഉരപ്പിൻ-പറയുവിൻ, എൻറു്-എന്നു് മികുതിചേർന്ത-മികവു ചേന്ന-മികച്ച, അരക്കൻ-രാക്ഷസൻ,-രാവണൻ, ചൊല്ല-ചൊന്നപ്പോൾ, ചുകചാരണന്മാർ-ശുകസാരണന്മാർ (അതിൻപ്രകാരം), അരിവരർ-ഹരിവരരുടെ-വാനരശ്രേഷ്ഠന്മാരുടെ, ഉരുവു്-രൂപം, കൈക്കൊണ്ടു്, അതിൽ-വാനരപ്പടയിൽ, തരമെഴ നല്ല തരമായി-സൗകര്യമായി, നടക്കക്കണ്ടു്-നടക്കുന്നതു കണ്ടു്, ഇലങ്കവേന്തൻ-ലങ്കാരാജാവായ വിഭീഷണൻ, തടൈന്തനൻ-തടന്തനൻ-തടഞ്ഞു.

## 2

വേന്തർകോൻമുന്നിലിട്ടാർ[1] കപിവീരർ വിരവിലൊക്ക-
പ്പായ്ന്തുടൻ പിടിത്തടിത്തു പതങ്കളും കൈയും കെട്ടി
ചാന്തരായ് ചൊന്നാർ "ഞാങ്ങൾ തയമുകൻ[2]ചൊല്ലാൽ
മെല്ലെ-
പ്പോന്തു വൻപടൈ[3]ക്കാൺമാൻ പുകുന്തിതി[4]-
ത്തറയിലെൻറേ."

1. മുന്നലിട്ടാർ-ക. ഖ. ഗ ങ മുന്നലിട്ടാർ വിരവൊട്ടു കപിവരന്മാർ-ക. മുന്നലിട്ടാർ വിരവൊട്ടു കരക്കവീരർ-ഖ. മുന്നലിട്ടാർ ബലവിയ കപിവീരന്മാർ ഗ. 2. തെചുമുകൻ-ഗ. ങ. 3. പടയെ-ക-ഖ-ഗ. 4. പുകുന്തനിത്തറയിലെന്ന. ക, പുകുന്തിതിത്തറമേലെൻറാർ-ഖ.

വ്യാ:- കപിവീരർ ഒക്ക-വാനരന്മാരെല്ലാം, ഉടൻ, പായ്ന്തു്-പാഞ്ഞു്, പിടിത്തു-പിടിച്ചു്, അടിത്തു്-അടിച്ചു്, പതങ്കളും-പദങ്ങളും-കാലുകളും, കൈയ്യു, കെട്ടി, (ശുകസാരണന്മാരെ) വേന്തർകോൻ-രാജരാജനായ ശ്രീരാമൻെറ, മുന്നിൽ, ഇട്ടർ-(അവർ) ഇട്ടു.

(അവർ) ചാന്തരായ്-ശാന്തരായ്, ചൊന്നാർ-(അവർ) പറഞ്ഞു-ഞാങ്ങൾ-ഞങ്ങൾ, തയമുകൻ-ദശമുഖൻെറ, ചൊല്ലാൽ-ശാസനയാൽ, വൻപ(ര)ടക്കാണ്മാൻ-വൻപിച്ച പട കാണ്മാൻ, മെല്ലെ, പോന്തു്-പുറപ്പെട്ടു്, ഇത്തറയിൽ-ഈ സ്ഥലത്തു്, പുകന്തിതു്-കടന്നു, എൻേറ-എന്നു്. 'ഏ' വാക്യാലങ്കാരം.

## 3

എൻറവരുരെത്തനേര "മെങ്കിൽ[1] കെട്ടഴിക്ക കാൺക-
യിൻറി[2] വൻപടയെയെങ്കുമിതമെഴയിടവിടാതെ"
യെൻറു കാകുത്തൻചൊൽ കേട്ടെങ്കും പോയ് നടന്തു കണ്ടു
ചെൻറു[3] കൈതൊഴുതു ചൊന്നാർ തിറവിയ പടൈ-
പ്പെരുപ്പം.

1. കെട്ടഴിച്ചു-ഗ. 2. ഇന്നിവൻപടയെയെങ്കുമിടകലർന്തിടയിടാതെ- ക. ഇൻറു നം പടയെയെങ്കുമിതമെഴയിടയിടാതെ- ഖ. പടയെയെല്ലാമിതമെഴയിടയിടാതെ. ഗ. 3. തൊഴുതുരത്താർ- ക.

വ്യാ:- എൻറു്-എന്നു്, അവർ-ശുകസാരണന്മാർ, ഉരെത്തനേരം-ഉരച്ചനേരം-പറഞ്ഞപ്പോൾ, എങ്കിൽ, കെട്ടഴിക്ക-വാനരന്മാർ അവരെ കെട്ടഴിച്ചുവിടുക, ഇൻറു്-ഇന്നു്-ഇപ്പോൾ, ഈ, വൻപടയെ, ഇടവിടാതെ-ഇടയെല്ലാം ഒട്ടും വിടാതെ, എങ്കും-എങ്ങും, ഇതമെഴ-ഹിതമായി-നന്നായി, കാൺക-ശുകസാരണന്മാർ കണ്ടാലും. യെൻറു്-എൻറു്-എന്നു്, കാകുത്തൻ-കാകുൽസ്ഥൻെറ-ശ്രീരാമൻെറ, ചൊൽകേട്ടു്-വാക്കു കേട്ടു്, എങ്കും-എങ്ങും, പോയി, നടന്തുകണ്ടു്-നടന്നു കണ്ടു്, ചെൻറു്-ചെന്നു്-രാവണസന്നിധിയിലെത്തി, തിറവിയ-ബലിഷ്ഠമായ, പടൈപ്പെരുപ്പം-പടയുടെ വലിപ്പം, കൈതൊഴുതു്, ചൊന്നാർ=രാവണനോടു് അവർ പറഞ്ഞു.

## 4

പടയുടെ പെരിപ്പിപ്പോം പണി[1]പെട്ടുമുള്ളവണ്ണ-
മിടവി[2]ടാതെയുരെപ്പാനെ,ങ്കിലുമിത ചൊല്ലി[3]ൻേറാം;
[4]കടലുമെഴമലയും, പാരും, കകനവും, വനവുമെങ്കും
[5]ഇടതുടർന്തവർകളാലേ മുടിന്തിതിൻറിലങ്കമന്നാ.

1. പണിപെട്ടുമിരിന്തവണ്ണം- ക. ഗ. 2. ഇടയിടാതെ- ക. ഇടവിടാതുരപ്പാനിപ്പാഴെങ്കിലും- ഖ. ഇടയിടാതെയുരപ്പാനെങ്കിലും- ഗ. 3. ചൊല്ലുന്നോൻ- ക. 4. കടലുമിഴമലയും- ക കടലുമീരേഴ പാരും കകനവും മലയുമെങ്കും- ഖ. കടലുമെഴു് മലയും- - -പുവനമെങ്കും- ങ. 5 ഇടകലർന്തിവർകളാലേ നിറഞ്ഞതിന്നിലങ്കമന്നാ- ക. ഇടതുടർന്തിവർകളാലേ- ഖ. -നിറെന്തുതിൻറിലങ്കമന്നാ- ഗ.

വ്യാ:- ഇപ്പോം, പടയുടെ, പെരിപ്പം-വലിപ്പം, ഉള്ളവണ്ണം-ഉള്ളതുപോലെ ശരിയ്ക്കു്, ഇടവിടാതെ-ഒട്ടും ഇടയ്ക്കുവിട്ടുപോകാതെ, ഉ(റൈ)രപ്പാൻ-പറയാൻ, പണി പെടും-ബുദ്ധിമുട്ടും-പ്രയാസമാണു്. അവർകളാലേ-ശ്രീരാമസൈന്യങ്ങളാൽ, ഇട തുടർന്നു്-ഇടതൂർന്നു്-തിങ്ങി, കടലും, എഴുമലയും-കുലപർവ്വതങ്ങളേഴും, കകനവും ഗഗനവും-ആകാശവും, ഇൻറു്-ഇന്നു്, ഇലങ്കമന്നാ-ലങ്കാപതേ, മുടിന്തിതു്-മൂടി ഞ്ഞിരിക്കുന്നു-തിന്നിരിക്കുന്നു. (ബാക്കി സ്ഥലമൊന്നുമില്ലെന്നു സാരം)

## 5

മന്നാ! കേട്ടരുളം നീ[1]രിന്നും; വാനി[2]ട വാൽ നിവത്തി-

തന്നോടൊത്തിരുന്ത വീ[3]രർ ചതകോടിപ്പടൈയും ചൂഴ

മിന്നൊട്ടതരമായ് ത്തോൻറും മെയ്[4]നിറമുടൈയോനേക്കാൺ

മന്നോർകോൻ[5]വലത്തുപാകം മൈന്തനെൻറവന നാമം,

1. നീൻചൊൽ- ക. നീയിന്നു- ഖ. നീയിന്നും ബാനിടയും പിൻമുൻപും നിവത്തി- ഗ. നീയിൻറും- ങ. 2. വാനിടെ- ക. ഖ. 3. വീരൻ- ക. വേന്തൻ- ഖ വേന്തർ- ഗ 4. നിറമുടയാനാകി- ഖ. 5. വലത്തുപാട്ടു- ക. ഖ. ഗ.

വ്യാ:- മന്നാ-രാജാവേ, നീർ-നീ-അങ്ങു്, ഇന്നും-ഇനിയും കേട്ടരുളം-കേട്ടരുളിയാലും, തന്നോടൊത്തിരുന്തവീരർ-തന്നപ്പോലെ ഉഗ്രഭാവന്മാരായിരിക്കുന്ന വീരന്മാർ (ചെന്ന) ചതകോടിപ്പടൈയും-ശതകോടി(നൂറുകോടി)പ്പടയും, ചൂഴ-ചൂഴ്ന്നു് -ചുററി, വാനിട-ആകാശത്തിൽ, വാൽ നിവത്തി-വാൽ പൊന്തിച്ചു്, മിന്നൊട്ട തരമായ്-മിന്നലിനു് ഒപ്പമായു്, തോൻറും-തോന്നുന്ന, മെയ്നിറമുടയോനെ-ശരീര കാന്തിയുള്ളവനെ, മന്നോർകോൻ വലത്തുപാകം-രാജാധിരാജനായ ശ്രീരാമൻെറ വലത്തു ഭാഗത്തു്, കാൺ-കണ്ടാലും, മൈന്തൻ-(വാനരസേനാനിയായ)മൈന്ദൻ, എൻറു്-എന്നു്, അവന നാമം-അവൻെറ പേരു്.

## 6

അവനുടെ വലത്തു നിൻറതണിപുകഴ് താരനെന്മോൻ,

ചിവനൊട്ടമടൽകിടൈയ്ക്കൂം ചീർ[1]മചേർ കരങ്കളുള്ളോൻ;

ചുവടൊൻറായ് നിൻറ വീരൻ തുമ്മിര[2]നയനനെന്മോൻ;

അവനൊടൊപ്പവരില്ലാരുമരികളിലുരൈപ്പെട്ടത്തും.

1. ചീർമചീർ- ഖ. 2 തുമ്മിരനെമ്പാൽ പോരിൽ- ക. ഗ. തുർമ്മുകനെ ന്മോൻ പോരിൽ- ഖ. തുമ്മിരനെന്മോൻ പോരിൽ- ങ.

വ്യാ:- അവനുടെ വലത്തു്-മൈന്തൻെറ വലത്തുഭാഗത്തു്, നിൻറതു്-നില്ക്കുന്നതു്, അണിപുകഴ്-പുകഴണിയുന്ന-കീർത്തിപെറ്റ, താരൻ, എന്മോൻ-എന്ന

വൻ-(വാനരസേനാനികളിലൊരുവനായ ഇവൻ), ചിവനൊട്ടം-ശിവനോടുപോലും, അടൽ കി(ട)ടയ്ക്കും-അടൽ കിടയ്ക്കുമതായ-യുദ്ധം ചെയ്യത്തക്ക, ചീർമ-വലിപ്പം, ചേർ-ചേർന്ന-ഉള്ള, കരങ്കളുള്ളാൻ-കരങ്ങൾ ഉള്ളവനാണ്.

ചുവടൊൻറായ്-ഒരു ചുവടായ്-കാറക്കാലിൽ, അഥവാ (ചുവട്-തഴമ്പ്) ഒരു തഴമ്പോടുകൂടി, നിൻറ വീരൻ-നിൽക്കുന്ന വീരൻ, തൂമ്മിരനയനൻ-ധൂമ്രാക്ഷൻ, എന്മോൻ-എന്ന വാനരവീരനാണ്, അരികളിൽ-ഹരികളിൽ-വാനരന്മാരിൽ, ഉരൈപ്പെട്ടത്തും-ഉരപ്പെട്ടത്തുമതായി-പറയത്തക്ക വിധം, അവനോട്, ഒപ്പവരില്ലാരും-ഒക്കുന്നവരാരുമില്ല-തുല്യരായി ആരുമില്ല.

## 7

ഉരൈക്കുമേടത്തുമെല്ലാമൊളികിളർ മുൽച്ചൊൽ[1] കൈക്കൊ-
ണ്ടിരിപ്പവൻ ചാംപവാനെൻറിടത്തു നിൻറവനു നാമം;
കരുത്തുചേരരമ്പനെന്മോൻ കപിവരനവനും പിന്നെ-[2]
യുരൈപ്പെഴും പടൈക്കു[3] വേന്തനൊളികൊൾ
തന്നാതനൈക്കാൺ[4].

1. മുൻചൊൽ-ഖ. മുച്ചൊൽ-ഗ. 2 കപിവീരനവനും-ക. ഖ. കപി വീരൻ വരും പിന്നെ-ഗ. 3. കപിക്കു 4. തന്നാതനൻ കാൺ-ഗ. ങ.

വ്യാ:- ഉ(രൈ)രക്കുമേടത്തുമെല്ലാം-എവിടെയെല്ലാം പ്രസ്താവിക്കുന്നോ അവിടെയെല്ലാം, ഒളി-ഒലി-ഒച്ച, (ഒളിക്കുക-ഒലിക്കുക-ഒലി-കേൾക്കുക, എന്ന അർത്ഥത്തിൽ, "കിങ്കിണിനാദവും കാതിലൊളിപ്പിതേ") കിളർ-ഉയരെ-ഉയരുംവിധം, മുൻചൊല്ല്.-ആദ്യം പറയത്തക്ക-മുഖ്യത, കൈക്കൊണ്ടിരിപ്പവൻ-ഉള്ളവൻ, ചാംപവാൻ-ജാംബവാൻ, എൻറു-എന്നു, ഇടത്തു നിൻറവനു-ഇടത്തുവശത്തു നിന്നവനു, നാമം-പേരു.

കരുത്തുചേർ-കരുത്തുള്ള, അരമ്പൻ-രംഭൻ എന്മോൻ-എന്നവനാണ്. കപിവീരൻ, അവനും, പിന്നെ, ഉ(രൈ)രപ്പ്-ഉര-കീർത്തി, എഴും-ഉള്ള, പ(ടൈ)ടയ്ക്ക് വേന്തൻ പടയ്ക്കുനാഥൻ-സേനാനി, ഒളികൊൾ-ഒലികൊൾ-കീർത്തികേട്ട അഥവാ, ശരീരതേജസ്സുള്ള, തന്നാതൻ-സന്നാദനൻ, എന്നവനെ, കാൺ-കണ്ടാലും.

## 8

ഒളികൊൾ[1] തന്നാതനൻ കൈയൊരു കൈയാൽ പിടിത്ത്[2]
ചെമ്പൊ-
ററളിരൊളിക്കിളമ നൽകും ചാരുമെയ്യുടയോനാകി
കിളർമുടിച്ചുടർ വിളങ്കും കിരോതനനെൻറു[3] പേരാം
വളർ[4]കപിവീരൻ പിന്നെ നിൻറവൻ മാററാർക്കൂററൻ[5].

1. തന്നാതനെ-ഖ. 2. പിടിത്തു ചെമ്പൊൽത്തളിരണിക്കിളമ നൽകും ചാരുമെയ്യുടയോനെക്കാൺ-ക. പിടിത്തു ചെമ്പൊൽത്തളിരൊളി - - - ഖ. ഗ. ങ.
3. കിരാതനനെന്നു-ക. കിരതനൻ-ഖ. വിളങ്കും കരതനനെൻറു-ഗ. 4. വളർ പിരമാതി പിന്നെ വമ്പെഴുവർക്കു കൂററം-ഗ. 5. കൂററം-ങ.

വ്യാ:- ഒളികൊൾ-പ്രശസ്തനായ, അഥവാ തേജസ്വിയായ, തന്നാതനൻറെകൈയ്-സന്നാദനന്റെ കൈയ്, ഒരു കൈയാൽ, പിടിത്തു്-പിടിച്ചു്, ചെമ്പൊററളിരൊളിയ്ക്കു്-(ചെ + പൊൽ + തളിർ + ഒളിക്കു്) ചുവന്നു വിളങ്ങുന്ന തളിരിന്റെ കാന്തിക്കു്, ഇളമ നൽകും-ഇളപ്പം വരുത്തുന്ന-താഴ്ചവരുത്തുന്ന, ചാരുമെയ്യുടയോനാകി-മനോഹരശരീരമുള്ളവനായി, കിളർമുടിച്ചുടർ-കിളർന്ന കിരീടത്തിന്റെ പ്രകാശം, വിളങ്കും-വിളങ്ങുന്ന, മാററാർ-ശത്രുക്കൾക്കു്, ക്രൂറൻ-കാലൻ (ആയ) കിരോധനൻ-ക്രോധനൻ, എൻറു പേരാം-എന്നു പേരായ, വളർകപിവീരൻ-വൻപിച്ച കപിവീരനാണു്, പിന്നെ-പിന്നീടു്-തൊട്ടടുത്തു്, നിൻറവൻ-നിൽക്കുന്നവൻ.

## 9

ക്രൂരാന്തകപ്പോലുമ്മാററരും കൊട്ടതെര കൈകൊണ്ടു മാററാർ
തോററു കൈവണങ്ങും വൻപും തുടർ പിരമാതിയെന്നോൻ
കാററിനെ വേകംകൊണ്ടു കടന്തവൻ,[1] നിൻറതങ്കു;
തോററമെന്തറിയവല്ലേൻ[2] തുടർന്തവൻ[3] പടയെയെങ്കും.

1. കടപ്പവൻ നിന്നതങ്ങു. ക. കടപ്പവൻ വർത്തങ്കു. ഖ. കടപ്പവൻ-ങ.
2. തോററമെന്നറിയ-ക. 3. തുടർന്നുള്ള-ക തുടർന്നുൾ-ങ

വ്യാ:- ക്രൂരാന്തകപ്പോലും-കാലനെപ്പോലും, മാററരും-യുദ്ധത്തിൽ അകററുന്ന-തോൽപ്പിക്കുന്ന, കൊട്ട(തെ)ര-ദുർവാരത(യും), കൈകൊണ്ടു, മാററാർ-ശത്രുക്കൾ, തോററു, കൈവണ(ങ്ങു)ങ്ങുന്ന, വൻപും-മഹത്വവും, തുടർ-തുടർന്ന, പിരമാതി-പ്രമാഥി എന്നോൻ-എന്ന വാനരവീരൻ, കാററിനെ, വേകം-വേഗം, കൊണ്ടു്, കടന്തവൻ-അതിശയിച്ചവൻ-ജയിച്ചവൻ, അങ്കു്-(അതാ) അവിടെ, നിൻറതു്-നിന്നതു്-നിൽക്കുന്നതു്, എങ്കും-എവിടെയും, പടയെ തുടർന്ത-പട തുടർന്ന-യുദ്ധം ചെയ്തിട്ടുള്ള, അവൻ-അവന്റെ, തോററം-ബലം, എന്തു്-എന്തെന്നു്, അറിയവല്ലേൻ-അറിയാൻ വയ്യ-നിശ്ചയിക്കാൻ എളുപ്പമില്ല.

### "തോററമെന്തറിയവല്ലേൻ, തുടർന്തവൻ പടയെയെങ്കും"

ഇതിന്റെ അർത്ഥഗ്രഹണം എളുപ്പമായി തോന്നുന്നില്ല "തോററമെന്തറിയവല്ലേൻ" കഴിഞ്ഞു് "കാമാ" ഇട്ടാൽ കൂടുതൽ നന്നായിരിക്കും. അവന്റെ ബലം എത്രയെന്നു നിശ്ചയിക്കാൻ വയ്യാ എന്നു് അത്രയും കൊണ്ടു മനസ്സിലാക്കാം. പിന്നീടു് "തുടർന്തവൻ പടയെയെങ്കും", എന്നതിനു് "അവനെ തുടർന്നു്. അവന്റെ ചുററുപാടും, എങ്ങും വൻപട തന്നെ", എന്നു് അർത്ഥം കല്പിക്കണം. അടുത്ത പാട്ടിൽ, "പട തുടർന്ത വനടുത്തു" എന്നതിനു്, "പടയാൽ ചുററപ്പെട്ട അവനടുത്തു്" എന്നു് അപ്പോൾ വ്യാഖ്യാനിക്കേണ്ടിവരും. പടയാൽ ചുററപ്പെട്ടാൽ "അടുത്താ"കുന്നതെങ്ങനെ? എന്നു് ഉടൻ ശങ്കിക്കാവുന്നതാണു്, ഇതിനു് ഒരു പരിഹാരം "പട തുടർന്തവനടുത്തു പരന്തവൻ കെവാക്കൻ", എന്നു തിരിച്ചിട്ടു്, ഗവാക്ഷനും പടയാൽ ചുററപ്പെട്ടിരിക്കയാണെന്നു് കല്പിക്കുകയായിരിക്കും. അപ്പോൾ പ്രമാഥിയും, ഗവാക്ഷനും പടകളാൽ ചുററപ്പെട്ടു് next to each other എന്ന നിലയിൽ നിൽക്കുകയാണെന്നു് വിചാരിക്കാനിടമുണ്ടു്. നേതാക്കന്മാർ പടകളുമായിട്ടാണു് നിൽക്കുന്നതെന്നു് 11-ാം വൃത്തത്തിലെ ആദ്യത്തെ പാട്ടു് (അവനടുത്തുടനിടന്തരിയ വൻപടയുമായ് വിചിത്രൻ നിൻറിതു" എന്ന ഭാഗം) കൊണ്ടു് വ്യക്തമാണു്.

## 10

[1]പടതുടർന്തവനടുത്തു പരന്തവൻ കെവാക്കനെന്മോൻ,
കൊടുമചേർ കെചൻ മറേറതു[2] ക്രൂടവേ കെവയൻ[3] പിന്നെ
[4]വടിവെഴും ചരവൻ, കെന്തമാതനനടുത്തു നിൻറ—
ത്തുടനേ കേതരിയെൻപോൻ,[5] ചൊല്ലുയർ ചതവലി
പിന്നേവൻ.

1. പടതുടന്നവനിടത്തുപാട പടർന്തവൻ—ക. പടയുമായവനടുത്തു—ഖ.
2. മററവൻ— ക. ഖ. മററവൻതാൻ കൂടവേ ങ 3. കെവായൻ— ക.
4. വടിവുഃചരമ്പൻ— ക. 5. കേതരിതാനെന്ന — ക. കേതരിയെന്നും ചൊല്ലു. ഖ. കേതരിയെന്മാനുടൻ ചതവലി—ങ.

വ്യ:— പടതുടർന്തവനടുത്തു്—ഇപ്രകാരം എങ്ങും പൊരുതിയിട്ടുള്ള പ്രമാണിക്കടുത്തു്, പരന്തവൻ—പരന്തപൻ—ശത്രുക്കളെ മർദ്ദിക്കുന്നവനായ, കെവാക്കൻ—ഗവാക്ഷൻ, എന്മോൻ—എന്ന വാനരവീരനാണു് നിൽക്കുന്നതു്; മററതു, കൊടുമചേർ—ഘോരതചേർന്ന, കെചൻ—ഗജൻ എന്ന വാനരസേനാനി; ക്രൂടവേ—തൊട്ടടുത്തു്, കെവയൻ—ഗവയൻ എന്ന വാനരവീരൻ, പിന്നെ, വടിവെഴും—ആകൃതിസൗഭഗതയുള്ള, ചരവൻ—ശരഭൻ; ഉടനെ—ക്രൂടെ—തൊട്ടു്, അടുത്തു നിൻറതു്—ശരഭനടുത്തു (തൊട്ടു) നിൽക്കുന്നതു്, കേതരി—കേസരി, എൻപോൻ—എന്ന വാനരരാജാവാണു്; പിന്നേവൻ—പിന്നാലത്തവൻ—പിന്നീടു കാണുന്നവൻ, ചൊല്ലുയർ—കീർത്തി വളർന്ന, ചതവലി—ശതബലിയുമാണു്.

## 11

[1]ചതവലിക്കിടത്തടുത്തു തടുപ്പാനൊൻറടുക്കവോരാം
മതകരിക്കൂട്ടങ്കൾക്കും[2] മറുവറും[3] ചിങ്കമെന്ന
[4]മതികെട വെലമിണങ്കും വളർനളൻ, നീലൻ,[5] മറേറ—
ത്തെതിരിടും[6] മാററാർക്കൂററമെൻററികവനെയെയ്യാ!

1. ചതവലിക്കിടത്തടുത്തു തടുപ്പാനൊന്നടക്കവോരാം— ക. ചതവലിക്കടുത്തിടത്തു തടുപ്പാനൊൻറടക്കം ചോർക്ക— ഖ. — തടുപ്പാനൊന്നടക്കവോക്ക— ങ. 2. മതകരിക്കൂട്ടങ്കലക്കും—ഖ. കൂട്ടങ്കൾക്ക— ങ.
3. മറുവെറം— ക. മലിവൃകൾ— ഖ. 4 മതികെടും— ക, ഖ, ങ.
5. നീലൻ പിന്നെ— ഘ. 6. കൂററമെന്നറിക— ക. കൂററമെൻററിക— ഖ.

വ്യാ:—അയ്യാ—പ്രഭോ, ചതവലിക്കിടത്തടുത്തു—ശതബലിയുടെ അടുത്തു് ഇടത്തുവശത്തു്, തടുപ്പാനൊൻറടുക്കവോരാം—തടുക്കുന്നതിനുവേണ്ടി അടുക്കുന്ന, മതകരിക്കൂട്ടങ്കൾക്കും—മദകരി(മദയാന)ക്കൂട്ടങ്ങൾക്കും, മറുവറം—(മറു+അറം) എതിരററ, ചിങ്കമെന്ന—സിംഹമെന്ന പോലെ, മതികെട—ബുദ്ധിമരവിപ്പിക്കുന്ന, വെലം—ബലം, ഇണങ്കും—ഇണങ്ങുന്ന—ചേർന്ന, വളർനളൻ—വമ്പിച്ച നളൻ എന്ന വാനരനായകൻ; മററേതു്—അടുത്തതു്, നീലൻ ആണു്; എതിരിടും—യുദ്ധത്തിൽ നേർക്കുന്ന, മാററാർക്കു്—ശത്രുക്കൾക്കു്, കൂററം—കാലൻ, എൻറു്—എന്നു്, അവനെ, അറിക—അറിഞ്ഞാലും.

## കേരളസർവ്വകലാശാല
## മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
## മലയാളഗ്രന്ഥാവലി

### അടുത്ത കാലത്തെ പ്രസിദ്ധീകരണങ്ങൾ

- ഉണ്ണിയാടീചരിതം ചമ്പു
- ജ്ഞാനമുത്തുമാല
- കുചേലവൃത്തം തുള്ളൽ
- ആശൗചചഃകരളി
- അശോകവനികാങ്കം ആട്ടപ്രകാരം
- കൂപശാസ്ത്രം, ഖഡ്ഗശാസ്ത്രം, നായാട്ടുവിധി
- സഭാപ്രവേശം പാന
- മുകുന്ദമാല (സവ്യാഖ്യാനം)
- സപ്തപ്രകരണം
- രാജസൂയം ചമ്പു
- ഗുരുദക്ഷിണപ്പാന
- അദ്ധ്യാത്മവിചാരം പാന

### അച്ചടിയിലിരിക്കുന്നവ

- അദ്ധ്യാത്മരാമായണം കിളിപ്പാട്ട്
- ശേഷസമുച്ചയം—തന്ത്രം
- രാമചരിതം (സവ്യാഖ്യാനം)
- മുഹൂർത്തസംഗ്രഹം ഭാഷ
- കൗടലീയം—അർത്ഥശാസ്ത്രം
- കൂതാശപ്പാന
- കാളിനാടകം
- അഷ്ടപദി ആട്ടപ്രകാരം
- അപ്രകാശിതങ്ങളായ ആട്ടക്കഥകൾ

Printed at
The Kesari Press, Vazhuthacaud,
Published by the Curator, Manuscripts Library, Trivandrum.
May 1960/1135 Medam

കേരളസർവ്വകലാശാല

ഭാഷാഗ്രന്ഥാവലി—അങ്കം 106

# രാമചരിതം

(സവ്യാഖ്യാനം)

ഒന്നാം ഭാഗം

UNIVERSITY OF KERALA

പ്രസാധകൻ

കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)
പി എച്ച്. ഡി., (ലണ്ടൻ)
ക്യുറേറ്റർ
മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി, തിരുവനന്തപുരം

1960/1135

724